# فتاوى مهمة تتعلق بالصلاة

## تأليف سماحة الشيخ

## عبد العزيز بن عبد اللّه بن بارز رحمه الله

## ترجمة/ زهير بن محمد على

# നമസ്കാരം

## സംശയങ്ങൾക്കു മറുപടി

ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്

പരിശോധന:

കെ. പി. മുഹമ്മദ് ബിൻ അഹ്മദ്


(ജനറൽ സെക്രട്ടറി. കെ. എൻ. എം. കേരള)

വിവർത്തനം

സുഹൈർ ചുങ്കത്തറ

مليباري

المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
هاتف ٤٢٤٠٠٧٧ ناسوخ ٤٢٥١٠٠٥ ص ب ٩٢٦٧٥ الرياض ١١٦٦٣ بريد إلكتروني E.mail : Sultanah22@hotmail.com
THE COOPERATIVE OFFICE FOR CALL & FOREIGNERS GUIDANCE AT SULTANAH
Tel:4240077 Fax:4251005 P.O.Box:92675 Riyadh:11663 K.S.A. E-mail: sultanah22@hotmail.com



# നമസ്കാരം

## സംശയങ്ങൾക്കു മറുപടി


ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്

പരിശോധന:

കെ. പി. മുഹമ്മദ് ബിൻ അഹ്മദ്

(ജനറൽ സെക്രട്ടറി, കെ.എൻ.എം. കേരള)

വിവർത്തനം

സുഹൈർ ചുങ്കത്തറ

# നമസ്കാരം

## സംശയങ്ങൾക്കു മറുപടി


ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്

പരിശോധന:

കെ. പി. മുഹമ്മദ് ബിൻ അഹ്മദ്

(ജനറൽ സെക്രട്ടറി. കെ. എൻ. എം. കേരള)

വിവർത്തനം

സുഹൈർ ചുങ്കത്തറ

## ഉള്ളടക്കം　　　　പേജ്


| | | |
|---|---|---|
| I | നമസ്കാരത്തിന്റെ നിബന്ധനകൾ | 5 |
| II | ബാങ്ക് | 19 |
| III | നമസ്കാരത്തിന്റെ രൂപം | 22 |
| IV | സംഘനമസ്കാരം | 32 |
| V | മറവിയുടെ സുജൂദ് | 46 |
| VI | ജംഉം ഖസ്റും | 49 |
| VII | പലവക | 54 |

# വിവർത്തകക്കുറിപ്പ്

സുഊദി അറേബ്യയിലെ ദാറുൽ ഇഫ്താ ചെയർമാൻ ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹിബ്നുബാസിൻെറ ഒരു കൊച്ചു കൃതി. നമസ്കരിക്കുന്ന സാധാരണക്കാർക്കു മാത്രമല്ല പണ്ഡിതർക്ക് പോലുമുണ്ടാവാറുള്ള 76 സംശയങ്ങളും അവയ്ക്കു മറുപടികളും. ലളിതമായി ചുരുക്കിയെഴുതിയിരിക്കുന്നു.

വളരെക്കാലമായി ഇത്തരമൊരു പുസ്തകത്തെക്കുറിച്ച് ഞാൻ ചിന്തിച്ചിരുന്നു. ഈയ്യിടെ ഇരിക്കൂറിൽ ചെന്നപ്പോൾ ഉബൈദുല്ല മദനിയാണീ ഗ്രന്ഥം തന്നത്. അന്നു രാത്രി തന്നെ കുറേ വിവർത്തനം ചെയ്തു. കെ.എൻ.എം പ്രസിദ്ധീകരണവകുപ്പിനെ ഏല്പിച്ചു. ആയിടക്കാണു റിയാദിലെ കോയക്കുട്ടി ഫാറൂഖിയോട് ഈ ഗ്രന്ഥത്തെക്കുറിച്ച് സംസാരിച്ചത്. അദ്ദേഹം താല്പര്യപൂർവ്വം പരിഭാഷ റിയാളിലേക്കു കൊണ്ടു പോയി. ഇസ്ലാമിക് മിനിസ്റ്ററിയുടെ ഫോറിനേഴ്സ് ഡിപ്പാർട്ട്മെൻറിൽ സമർപ്പിച്ചു അംഗീകാരം വാങ്ങി.

കെ.എൻ.എം ജനറൽ സെക്രട്ടറി ആദരണീയ ഗുരു കെ. പി. മുഹമ്മദ് മൗലവി ആദ്യാവസാനം പരിഭാഷ പരിശോധിച്ചു. ഇതാ ഈ കൊച്ചു പുസ്തകം നിങ്ങളുടെ കൈകളിൽ. ചില വിഷയങ്ങൾ ഗവേഷണപരമാണ്. ചുരുക്കം ചില സ്ഥലങ്ങളിൽ വിവർത്തകൻെറ വക അടിക്കുറിപ്പ് കൊടുത്തിട്ടുണ്ട്. ശൈഖിൻെറ അഭിപ്രായങ്ങൾ അപ്പടി പരിഭാഷപ്പെടുത്തിയിരിക്കയാണ്. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. കൂടുതൽ പഠിക്കാനും ചിന്തിക്കാനും നമുക്കു ശ്രമിക്കാം.

ഇതിലെ ചില സംശയങ്ങൾക്കു വിശദമായ മറുപടി കെ.എൻ.എം സെക്രട്ടറി എ.പി.അബ്ദുൽഖാദിർ മൗലവിയുടെ 'ചോദ്യോത്തരങ്ങൾ' എന്ന പ്രൗഢമായ ഗ്രന്ഥത്തിലുണ്ട്.

സഹായിച്ചവർക്കെല്ലാം നന്ദി.

അല്ലാഹുവേ നീയിതൊരു സല്കർമമായി സ്വീകരിക്കണേ. ആമീൻ

സുഹൈർ ചുങ്കത്തറ
മുജാഹിദ് സെൻറർ
കോഴിക്കോട് – 2

# നമസ്കാരത്തിൻെറ നിബന്ധനകൾ

*? 1. ചിലേടങ്ങളിൽ രാവോ പകലോ വളരെ നീളും. ചിലേടങ്ങളിൽ അഞ്ചുനേരത്തെ നമസ്കാരത്തിന് വിശാലസമയമില്ലാത്തവിധം കുറയും. അവിടത്തുകാർ എങ്ങനെ നമസ്കരിക്കണം?*

= രാവോ പകലോ നീളുന്ന നാട്ടുകാർക്ക് 24 മണിക്കൂറിനുള്ളിൽ ഉദയമോ അസ്തമയമോ കിട്ടുന്നില്ലെങ്കിൽ സമയം കണക്കാക്കി നമസ്കരിക്കുക നിർബന്ധം. മുസ്ലിം നിവേദനം ചെയ്ത നവാസ്ബ്നുസംആൻെറ ഹദീസ്. ഒരു വർഷം പോലെയാവുന്ന ദജ്ജാലിൻെറ ദിവസത്തെപ്പററി സ്വഹാബത് റസൂലിനോട് ചോദിച്ചു. അവിടുന്നു പറഞ്ഞു: 'നിങ്ങളങ്ങു കണക്കാക്കുക.'

ദജ്ജാലിൻെറ ദിവസങ്ങളിൽ രണ്ടാമത്തേത് ഒരു ദിവസം ഒരു മാസം പോലെ ദൈർഘ്യമുള്ളതാണ്. പിന്നെ ഒരാഴ്ചയുടെ നീളം. ഇവിടെയൊക്കെ ഈ നിയമം തന്നെ.

എന്നാൽ ഒരു ദിവസത്തിൽ രാത്രി കുറവും പകൽ കൂടുതലും ആയാലും മറിച്ചായാലും നിയമം വ്യക്തം. മററു ദിവസങ്ങളെപോലെ തന്നെ നമസ്കരിക്കുക. വളരെ വളരെക്കുറഞ്ഞാലും ശരി. മൊത്തത്തിലുള്ള തെളിവുകൾ അതാണ് സൂചിപ്പിക്കുന്നത്.

*? 2. ചുമലിൽ ഒന്നുമില്ലാതെ ചിലർ ഫർളു നമസ്കരിക്കുന്നു. പ്രത്യേകിച്ചു ഹജ്ജിൽ ഇഹ്റാമിലാവുമ്പോൾ. എന്താണ് വിധി?*

= നിവൃത്തിയില്ലെങ്കിൽ കുറ്റമില്ല. "നിങ്ങൾ കഴിയുന്നത്ര അല്ലാഹുവെ സൂക്ഷിക്കുക فاتقوا الله ما استطعتم (തഗാബുൻ:16) എന്നാണല്ലാഹു അരുളിയത്. ജാബിർ ഇബ്നു അബ്ദില്ല നബിയിൽ നിന്നു നിവേദനം ചെയ്യുന്ന ഹദീസ്: "വസ്ത്രം വിശാലമെങ്കിൽ അതുകൊണ്ട് പുതക്കുക. ഇടുങ്ങിയതെങ്കിൽ തുണിയുടുക്കുക." (ബുഖാരി, മുസ്ലിം)

എന്നാൽ ഒരു ചുമലോ രണ്ടുമോ മറക്കാൻ കഴിയുമെങ്കിൽ മറക്കുക നിർബ്ബന്ധമാണെന്നാണ് ശരിയായ പണ്ഡിതാഭിപ്രായം. അതൊഴിവാക്കിയാൽ നമസ്കാരം ശരിയാവില്ല. റസൂൽ (സ) അരുളി

"ചുമലിൽ ഒന്നുമില്ലാതെ ഒറ്റവസ്ത്രത്തിൽ നിങ്ങളിലൊരാളും

നമസ്കരിക്കരുത്."(ബുഖാരി, മുസ്ലിം)

*? 3. ചിലർ പുലർച്ച വരെ സുബ്ഹി വൈകി നമസ്കരിക്കുന്നു. " നിങ്ങാം സുബ്ഹി പുലർച്ചയ്ക്ക് നിർവ്വഹിക്കുക, അതാണ് തീർച്ചയായും കൂടുതൽ പുണ്യകരം" എന്ന ഹദീസാണതിനവർ കാണുന്ന ന്യായം. ഈ ഹദീസ് സ്വഹീഹാണോ? "നമസ്കാരം അതിൻെറ സമയത്ത് ...." എന്ന ഹദീസും ഇതും തമ്മിൽ എങ്ങനെ യോജിപ്പിക്കാം?*

ഹദീസ് സ്വഹീഹ് തന്നെ. അഹ്മദും സുനനുകാരും اهل السنن റാഫിഉ്ബ്നു ഖദീജിൽ നിന്നു സ്വഹീഹായ സനദോടെ ഉദ്ധരിച്ചത്. "നബി (സ) ഇരുട്ടിലാണ് സുബ്ഹ് നമസ്കരിച്ചിരുന്നത്", "നമസ്കാരം അതിൻെറ സമയത്ത് നിർവ്വഹിക്കണം" തുടങ്ങിയ സ്വഹീഹായ ഹദീസുകാംക്കു വിരുദ്ധമല്ലിത്.

ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായമനുരിച്ച് ആദ്യ ഹദീസിൻെറ ആശയമിതാണ്: 'ഫജ്റ് വെളിവാകും വരെ സുബ്ഹ് വൈകിക്കുക. എന്നിട്ട് ഇരുട്ടു മായും മുമ്പ് നമസ്കരിക്കുക.' അങ്ങനെയാണ് റസൂൽ(സ) നമസ്കരിച്ചിരുന്നത്. എന്നാൽ മുസ്ദലിഫയിലങ്ങനെയല്ല. ഫജ്റ് ഉദിച്ചയുടനെ നേരത്തെ നമസ്കരിക്കുക. ഹജ്ജത്തുൽ വദാഇൽ റസൂൽ(സ) ചെയ്തതങ്ങനെയാണ്.

ഇങ്ങനെ സുബ്ഹ് നമസ്കാര വിഷയത്തിൽ വന്ന മുഴുവൻ സ്വഹീഹായ ഹദീസുകളും യോജിക്കുന്നു. ഏറ്റവും ശ്രേഷ്ഠം എന്ന രീതിയിലാണിതൊക്കെ.

സൂര്യോദയത്തിൻെറ തൊട്ടുമുമ്പ് അവസാനസമയത്തേക്കും നീട്ടുക അനുവദനീയം. "ഫജ്റിൻെറ സമയം ഫജ്റിൻെറ ഉദയം മുതൽ സൂര്യൻ ഉദിക്കും മുമ്പ് വരെ" എന്ന ഹദീസാണ് തെളിവ്(മുസ്ലിം)

*? 4. ചിലർ തുണികയറ്റിയുടുക്കുകയും പാൻറ് താഴ്ത്തുകയും ചെയ്യുന്നു. എന്താണഭിപ്രായം?*

= സുന്നത്തനുസരിച്ച് കണങ്കാലിൻെറ പകുതി മുതൽ നെരിയാണിവരെയാണ് വസ്ത്രം! നെരിയാണിക്കു താഴെയുള്ള തുണി നരകത്തിലാണ് എന്നാണ് നബി പറഞ്ഞത്. (ബുഖാരി)

പൈജാമ, പാൻറ്, തുണി, നീളക്കുപ്പായം,-അബായ- ഒന്നും വ്യത്യാസമില്ല. തുണി  എന്നു റസൂലുപയോഗിച്ചത് ഉദാഹരണമായിട്ടാണ്, പ്രത്യേകമായല്ല. കണങ്കാലിൻെറ പകുതിവരെയാവുകയാണ് ഏറ്റവും ശ്രേഷ്ഠം. "വിശ്വാസിയുടെ തുണി കണങ്കാലിൻെറ പകുതിവരെ"

***?5. പരിശോധിച്ചിട്ട് നമസ്കരിച്ചതു ഖിബ്‌ലയിലേക്കല്ല എന്ന് പിന്നീട് മനസ്സിലായാൽ എന്താണ് വിധി? മുസ്ലിം നാട്ടിലോ അമുസ്ലിം നാട്ടിലോ കരയിലോ ഇതിൽ വ്യത്യാസമുണ്ടോ?***

= യാത്രയിലോ ഖിബ്‌ല കാണിച്ചു തരാനാളെ കിട്ടാൻ പ്രയാസമുള്ള നാട്ടിലോ എങ്കിൽ നമസ്കാരം സ്വീകാര്യം. ഖിബ്‌ലയേതെന്ന് സൂക്ഷ്മതയോടെ ഗവേഷണം നടത്തിയെങ്കിലും, തെററിയെന്ന് പിന്നീട് വ്യക്തമായാലും ശരി.

എന്നാൽ മുസ്ലിം നാട്ടിലാണെങ്കിൽ നമസ്കാരം സാധുവല്ല. കാരണം, ഖിബ്‌ല കാണിച്ചുതരാൻ കഴിവുള്ളവരോട് ചോദിക്കുക സാധ്യമാണ്. പള്ളികാം മുഖേനയും ഖിബ്‌ലയറിയുക സാധ്യമാണ്.

***? 6.നമസ്കാരത്തിലേക്ക് കടക്കുമ്പോാം ഏറെ പേരും നിയ്യത്ത് ചൊല്ലുന്നു. വിധിയെന്ത്? ശറഇൽ അതിന് വല്ല അടിസ്ഥാനവുമുണ്ടോ?***

ഇല്ല. പരിപാവനമായ ശറഇൽ അതിന് യാതൊരടിത്തറയുമില്ല. നബിയിൽ നിന്നോ സ്വഹാബികളിൽ നിന്നോ, നമസ്കാരത്തിൽ പ്രവേശിക്കുമ്പോാം നിയ്യത്ത് ചൊല്ലുന്നതായി വന്നിട്ടില്ല. നിയ്യത്തിൻെറ സ്ഥാനം മനസ്സാണ്. ഉമർ(റ) നിവേദനം ചെയ്യുന്ന ഹദീസ്.

"തീർച്ചയായും കർമങ്ങാം ഉദ്ദേശമനുസരിച്ചുമാത്രമാണ്. ഓരോ മനുഷ്യന്നും അവനുദ്ദേശിച്ചത് മാത്രം."(ബുഖാരി, മുസ്ലിം)

***? 7.ഹിജ്റുഇസ്മാഈലിൽ നമസ്കരിക്കാൻ ചിലർ തെരക്കുകൂട്ടുന്നു. അവിടെ നമസ്കരിക്കുന്നതിൻെറ വിധിയെന്ത്? അതിനു വല്ല പ്രത്യേകതയുമുണ്ടോ?***

അതു നല്ലതാണ്. അവിടം കഅ്ബയിൽ പെട്ടതാണ്. ഇബ്നുഉമർ(റ) നി

വേദനം.

"മക്കാവിജയദിവസം അവിടുന്ന് കഅ്ബയിൽ കടന്നുചെന്ന്, അവിടെ രണ്ട് റക്അത്ത് നമസ്കരിച്ചു." (ബുഖാരി, മുസ്ലിം)

ആയിശ(റ) കഅ്ബയിൽ കടക്കാൻ ഉദ്ദേശിച്ചപ്പോൾ അവിടുന്നു അവരോട് പറഞ്ഞത് "നീ ഹിജ്റിൽ നമസ്കരിക്കുക. അതും കഅ്ബയിൽ പെട്ടതാണ്" എന്നാണ്.

എന്നാൽ നിർബന്ധനമസ്കാരം കഅ്ബയിലോ ഹിജ്റിലോ വച്ച് നിർഹിക്കാതിരിക്കുകയാണ് സൂക്ഷ്മത. നബി(സ) അത് ചെയ്തിട്ടില്ല. അത് സ്വഹീഹാവില്ലെന്നുവരെ ചില പണ്ഡിതന്മാർ പറയുന്നു.

അതുകൊണ്ട് ഫർളുകൾ കഅ്ബക്കും ഹിജ്റിനും പുറത്തു നിർവഹിക്കുകയാണ് ശറഉ എന്നു മനസ്സിലാക്കാം. നബി(സ)യെ പിൻപററുകയാണത്. കഅ്ബയിലും ഹിജ്റിലും വച്ചു ഫർള് ശരിയാവില്ലെന്ന പണ്ഡിതാഭിപ്രായം പരിഗണിക്കുകയും ചെയ്യാമല്ലോ. والله ولي التوفيق

### *? 8. ചില സ്ത്രീകൾ ആർത്തവത്തെയും രക്തസ്രാവത്തെയും ഒന്നായിക്കാണുന്നു. രക്തസ്രാവം തുടരുമ്പോൾ നമസ്കാരം ഒഴിവാക്കുന്നു. എന്താണിതിൻെറ വിധി?*

= മിക്കവാറും ഓരോ മാസവും സ്ത്രീകൾക്ക് പടച്ചവൻ നിശ്ചയിച്ച സംവിധാനമാണ് ആർത്തവം. റസൂലിൻെറ ഹദീസ് ഈ വിഷയത്തിൽ സ്വഹീഹായി വന്നിട്ടുണ്ട്.

എന്നാൽ രക്തസ്രാവമുള്ള സ്ത്രീ മൂന്നവസ്ഥയിലാണ്.

1) ഒരുപക്ഷെ ഇവൾ ആദ്യമായി രക്തം കാണുന്നവളാകാം. എങ്കിൽ ഓരോ മാസവും ഇതുണ്ടാകുമ്പോൾ നോമ്പും നമസ്കാരവും ഉപേക്ഷിക്കണം. ഭാര്യാഭർതൃബന്ധം പാടില്ല. ഭൂരിഭാഗം പണ്ഡിതരുടെയും അഭിപ്രായത്തിൽ 15 ദിവസമോ അതിൽ കുറവോ ആണെങ്കിലാണിത്.

2) എന്നാൽ 15 ലധികമായാൽ അത് വെറും രക്തസ്രാവം.الاستحاضة സൂക്ഷ്മതക്കുവേണ്ടി ആദ്യത്തെ ആറോ ഏഴോ ദിവസം ആർത്തവമായി പരിഗണിക്കുക. ആർത്തവരക്തവും മററു രക്തവും തമ്മിലൊരു വ്യത്യാസവും കാണുന്നില്ലെങ്കിലാണിത്. തൻെറ അവസ്ഥയിലുള്ള ബന്ധുസ്ത്രീകളുടെ അവസ്ഥയുമായി തട്ടിച്ചു നോക്കുക. രണ്ടു രക്തവും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ, വ്യതൃസ്ഥമായ കറുപ്പും ദുർഗന്ധവുമുള്ള രക്തസ്രാവത്തിൻെറ ദിവസങ്ങളിൽ ആർത്തവമായി പരിഗണിച്ച് നമസ്കാരവും

നോമ്പും ലൈംഗിക ബന്ധവും വെടിയുക. ശേഷം കുളിച്ച് നമസ്കരിക്കുക. പക്ഷെ ഈ അവസ്ഥ 15 ദിവസത്തിലധികമാവരുത്.

3) രക്തസ്രാവത്തിന് കൃത്യമായ പതിവുണ്ടാവുക. അപ്പോൾ പതിവുദിവസങ്ങളിൽ ആർത്തവമായി ഗണിക്കുക. ബാക്കി ദിവസങ്ങളിൽ കുളിച്ച് ഓരോ നമസ്കാരത്തിനും സമയമായാൽ വുളുവെടുത്ത് നമസ്കരിക്കുക. അടുത്ത മാസത്തെ പതിവു ദിവസം വരെ ലൈംഗിക ബന്ധമാവാം. രക്തസ്രാവം സംബന്ധിച്ചു വന്ന ഹദീസുകളുടെ ചുരുക്കമിതാണ്. ബുലൂഗുൽ മറാമിൽ ഇബ്നുഹജറും അൽമുൻതഖായിൽ അൽമജ്ദ്ഇബ്നുതീമിയ്യയും ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

***? 9. ളുഹ്ർ നമസ്കാരം മറന്നു. അസ്വ്റിനു ഇഖാമത് കൊടുത്തപ്പോഴാണ് ഓർമ്മവന്നത്. ളുഹ്റെന്ന നിലക്കോ അസ്വ്റെന്ന നിലക്കോ അയാൾ ജമാഅത്തിൽ ചേരേണ്ടത്? അതോ ളുഹ്ർ ഒറ്റക്കു ആദ്യം നമസ്കരിച്ച് അസ്ർ പിന്നെ നിർവഹിക്കുകയോ?***

***"ഇപ്പോഴത്തെ നമസ്കാരം നഷ്ടപ്പെടുമെന്നാവുമ്പോൾ ക്രമം പാലിക്കേണ്ടതില്ല"എന്ന ഫിഖ്ഹ് പണ്ഡിതരുടെ വാദത്തിനർത്ഥമെന്ത്? ജമാഅത്ത് നഷ്ടപ്പെടുമെന്നു വന്നാൽ ക്രമം പാലിക്കേണ്ട എന്നു വരുമോ?***

= ജമാഅത്തിൻെറ കൂടെ ളുഹ്റാണെന്ന് കരുതിക്കൊണ്ട് നമസ്കരിക്കുക. പിന്നെ അസ്വ്ർ ഒറ്റക്ക് നിർവഹിക്കുക. ക്രമം നിർബന്ധമാണ്. ജമാഅത്ത് നഷ്ടപ്പെടുമെന്ന് കരുതി ക്രമം അസാധുവാകില്ല. ഫിഖ്ഹ് പണ്ഡിതർ പറഞ്ഞതിൻെറ അർത്ഥം ഇതാണ്: നഷ്ടപ്പെട്ട നമസ്കാരമുണ്ടെങ്കിൽ ഇപ്പോൾ നടക്കാൻ പോവുന്ന നമസ്കാരത്തിനുമുമ്പ് അത് നിർവ്വഹിക്കണം. എന്നാൽ ഇപ്പോഴുള്ള നമസ്കാരത്തിൻെറയും സമയം വളരെ ഇടുങ്ങിയതെങ്കിൽ ഇപ്പോഴുള്ളതാദ്യം ആവാം, ഉദാ: ഇശാഉ നമസ്കരിച്ചിട്ടില്ല. ഓർമ്മയായത് സൂര്യോദയത്തിനു തൊട്ടുമുമ്പ്. സുബ്ഹ് നമസ്കരിച്ചിട്ടുമില്ല. എങ്കിൽ സുബ്ഹ് സമയം കഴിയും മുമ്പ് സുബ്ഹ് നമസ്കരിക്കുക. കാരണം അതിൻെറ സമയവും നിർണ്ണിതമാണല്ലോ. പിന്നെ നഷ്ടപ്പെട്ടത് നിർവഹിക്കുക.

***? 10. പല സ്ത്രീകളും നമസ്കാരത്തിൽ ഒരു അശ്രദ്ധ കാട്ടുന്നു. മുഴംകൈ മുഴുവനോ അല്പമോ മറക്കാതിരിക്കുന്നു. അതു പോലെ***

***പാദവും. ചിലപ്പോഠം കണങ്കാലിൻെറ ഭാഗവും. ഈയവസരങ്ങളിൽ നമസ്കാരം സാധുവാകുമോ?***

= പ്രായപൂർത്തിയായ സ്ത്രീ മുഖവും മുൻകയ്യുമൊഴികെ ശരീരം മുഴുവൻ മറക്കുക നിർബന്ധം. ശരീരം മുഴുവൻ ഔറത്താണ്. കണങ്കാൽ , പാദം, തല, പോലുള്ള അവയവങ്ങഠം മുഴുവനോ ഭാഗികമായോ പുറത്ത് കാണുന്ന വിധം നമസ്കരിച്ചാൽ അത് സാധുവാകില്ല. നബി(സ) പറഞ്ഞു **"പ്രായ പൂർത്തിയായവളുടെ നമസ്കാരം മുഖമക്കനയില്ലാതെ അല്ലാഹു സ്വീകരിക്കില്ല"** (അഹ്മദും നസാഈ ഒഴികെ സുനനുകാരും ഉദ്ധരിച്ചത്) **"സ്ത്രീ ഔറത്ത് -നഗ്നത- ആണ്"** എന്നും നബിയരുളി.

ഉമ്മുസലമ(റ) തുണിയില്ലാതെ കുപ്പായവും മക്കനയുമായി നമസ്കരിക്കുന്നതിനെപറ്റി ചോദിച്ചു. റസൂൽ(സ) പറഞ്ഞു: **"പാദത്തിൻെറ പുറം ഭാഗം മറയുന്ന പൂർണ്ണമായ കുപ്പായമാണെങ്കിൽ ആവാം."** (അബൂദാവൂദ്) ഈ ഹദീസ് മൗഖൂഫാണെന്ന് ഇബ്നു ഹജർ പറയുന്നു. അന്യൻ അടുത്തുണ്ടെങ്കിൽ മുഖവും മുൻകയ്യുകളും മറക്കുക നിർബന്ധമാണെന്നും അദ്ദേഹം പറയുന്നു.[1]

***? 11. അസ്റിൻെറയോ ഇശാഇൻെറയോ സമയത്ത് സ്ത്രീക്ക് ആർത്തവശുദ്ധിയായി എങ്കിൽ 'ജംഉ്' എന്ന് പരിഗണിച്ച് അസ്റിൻെറ കൂടെ ളുഹ്റും ഇശാഇൻെറ കൂടെ മഗ്രിബും നമസ്കരിക്കണോ?***

ആർത്തവരക്തത്തിൽ നിന്നോ പ്രസവരക്തത്തിൽ നിന്നോ അസ്റിൻെറ നേരത്ത് ശുദ്ധിയായാൽ ളുഹ്റും അസ്റും നമസ്കരിക്കണമെന്നാണ് പണ്ഡിതരുടെ രണ്ടഭിപ്രായങ്ങളിൽ ഏററവും ശരി. കാരണം, രോഗിയും യാത്രക്കാരനും പോലെ ഇളവുള്ളവർക്കു ളുഹ്റിനും അസ്റിനും ഒരേ സമയമാണല്ലോ. ആർത്തവകാരി ഇളവുള്ളവളാണ്. ശുദ്ധികാലം പിന്തുകയാണല്ലോ. അതുപോലെ ഇശാ സമയത്ത് ശുദ്ധയായാൽ മഗ്രിബും നിർബന്ധം. ഒരു സംഘം സ്വഹാബിമാർ ഇങ്ങനെയാണ് ഫത്വ കൊടുത്തത്. (ശുദ്ധയാവുന്ന സമയത്തെ നമസ്കാരം മാത്രം നിർവഹിച്ചാൽ മതിയെന്നും അഭിപ്രായമുണ്ട്. വിവ:)

(1) ഇതിൽ പണ്ഡിതർക്ക് അഭിപ്രായവ്യത്യാസമുണ്ട്(വിവ)

***? 12. ഖബ്റുള്ള പള്ളിയിൽ, അല്ലെങ്കിൽ മുററത്ത് അല്ലെങ്കിൽ ഖബ്റിനു നേരെ നമസ്കരിക്കാമോ?***

= പാടില്ല. ഖബ്റുള്ള പള്ളിയിലെ നമസ്കാരം സാധുവാകില്ല. ഖബ്ർ നമസ്കരിക്കുന്നവരുടെ പിന്നിലോ മുന്നിലോ വലത്തോ ഇടത്തോ ആയാലും.

“അല്ലാഹു ജൂതക്രൈസ്തവരെ ശപിക്കട്ടെ. അവർ തങ്ങളുടെ പ്രവാചകന്മാരുടെ ഖബ്റുകാം ആരാധനാസ്ഥലമാക്കി.” (ബുഖാരി, മുസ്ലിം)

“അറിയുക. നിങ്ങാംക്കു മുമ്പുള്ളവർ പ്രവാചകരുടെയും സദ്വൃത്തരുടെയും ഖബ്റുകാം ആരാധനാസ്ഥലങ്ങളാക്കി. അറിയുക, ഖബ്റുകാം ആരാധന സ്ഥലങ്ങളാക്കരുത്. ഞാനത് നിങ്ങളോട് വിരോധിക്കുന്നു.” (മുസ്ലിം)

മറ്റൊന്നുണ്ട്. ഖബ്റിനരികിലെ നമസ്കാരം ശിർക്കിൻെറ മാധ്യമമാണ്. ഖബ്റാളികളോടുള്ള അതിർകവിഞ്ഞ ആദരവാണ്. ഈ രണ്ട് ഹദീസുകളുടെയും ഇതു പോലുള്ള ഹദീസുകളുടെയും അടിസ്ഥാനത്തിൽ ഇത് തടയുക നിർബന്ധമാണ്. ശിർക്കിൻെറ വഴി തടയാനും.[2]

***? 13. പല തൊഴിലാളികളും ളുഹ്റും അസ്റും രാത്രിയിലേക്ക് നീക്കിവെക്കുന്നു. ജോലിത്തിരക്കുണ്ട്, വസ്ത്രത്തിൽ നജസുണ്ട്, വൃത്തിപോരാ എന്നൊക്കെയാണവർ പറയുന്ന ന്യായം. അവരോടെന്തു പറയണം?***

മുസ്ലിമായ സ്ത്രീക്കും പുരുഷന്നും നമസ്കാരം നിശ്ചിത സമയത്തിനപ്പുറത്തേക്ക് പിന്തിക്കാൻ അനുവാദമില്ല. കഴിയുന്നതും സമയത്തുതന്നെ നിർവഹിക്കുക നിർബന്ധമാണ്.

ജോലിത്തിരക്കും നജസും വൃത്തികേടുമൊന്നും പിന്തിക്കാനുള്ള ന്യായമല്ല. നമസ്കാരസമയം ജോലിയിൽ നിന്നു ഒഴിവു വാങ്ങണം. നമസ്കാരസമയത്ത് നിർബന്ധമായും നജസ് കഴുകണം. അല്ലെങ്കിൽ വസ്ത്രം മാറ്റണം. നജസിൽ പെട്ട ചളിയല്ലെങ്കിൽ, നമസ്കരിക്കുന്നവർക്കു ശല്യമുണ്ടാക്കുന്ന ദുർഗന്ധമില്ലെങ്കിൽ അത് നമസ്കാരത്തിനു തടസ്സമല്ല.

(2) പള്ളിപരിസരത്ത് ഖബ്റിസ്ഥാൻ ഒഴിവാക്കുകയാണ് വേണ്ടത്. എന്നാൽ കാലങ്ങളായി പള്ളിക്കു ചുററും ഖബ്റുകളുണ്ടെങ്കിൽ ഖബ്റിനെപററിയും ഖബ്റാളികളെ പറ്റിയും ഈ വക ധാരണയൊന്നുമില്ലാതെ നമസ്കരിച്ചാൽ അത് സാധുവാകില്ലെന്നു പറഞ്ഞുകൂടാ. പള്ളിയുടെ ഭാഗമായ ചെരുവിലോ മറേറാ ഖബ്റടക്കം ചെയ്യുന്നത് ഒരു നിലക്കും ശരിയല്ല. വിവ:

ഇനി ചളി സ്വയമോ ദുർഗന്ധം മൂലമോ കൂടെ നമസ്കരിക്കുന്നവർക്ക് ശല്യ മെങ്കിൽ നമസ്കാരത്തിനു മുമ്പ് കഴുകണം.

മതപരമായി ഇളവുള്ള രോഗിയോ യാത്രക്കാരനോ ആണെങ്കിൽ ളുഹ്റും അസ്റും തമ്മിലും മഗ്രിബും ഇശായും തമ്മിലും രണ്ടിലൊരു സമയത്ത് കൂട്ടി നമസ്ക്കരിക്കാവുന്നതാണ്. ജനങ്ങൾക്കു ബുദ്ധിമുട്ടുള്ള മഴയത്തും ചെളി നിറയുമ്പോഴും ഇപ്രകാരം കൂട്ടി നമസ്കരിക്കാവുന്നതാ ണെന്ന് നബിചര്യയിൽ വന്നിട്ടുണ്ട്.

## *? 14. നമസ്കാരം കഴിഞ്ഞ ശേഷമാണ് വസ്ത്രത്തിൽ നജസ് കണ്ടത്. മടക്കി നമസ്കരിക്കണോ?*

നമസ്കാരശേഷമാണറിഞ്ഞതെങ്കിൽ സാധുവാകുമെന്നാണ് ശരിയായ പണ്ഡി താഭിപ്രായം. അറിയുമായിരുന്നു, എന്നിട്ട് നമസ്കാരസമയമായപ്പോഴേക്കും മറന്നാ ലും സാധുവാകും.

**"ഞങ്ങളുടെ നാഥാ, ഞങ്ങൾക്കു മറവിയോ പിഴവോ പറ്റിയതിൽ നീ ഞങ്ങളെ ശിക്ഷിക്കരുതേ"**(ബഖറ: 286) എന്ന ഖുർആൻ വാക്യം അതാണ് തെളിയിക്കുന്നത്. അപ്പോൾ അല്ലാഹു 'അങ്ങനെ ഞാൻ ചെയ്യാം' എന്ന് പറഞ്ഞതായി സ്വഹീയായ ഹദീസിലുണ്ട്.

റസൂൽ(സ) നമസ്കരിച്ചു കൊണ്ടിരിക്കുന്നു. ചെരിപ്പിൽ മാലിന്യമുണ്ടായിരു ന്നു. ജിബ്രീൽ അതറിയിച്ചു കൊടുത്തു. അപ്പോൾ അവിടുന്നു ചെരുപ്പഴിച്ചു നമസ്കാരം തുടർന്നു. മടക്കി നിർവ്വഹിച്ചില്ല. അല്ലാഹു തന്റെ ദാസർക്കു നല്കുന്ന എളുപ്പവും കരുണയുമാണത്. എന്നാൽ അശുദ്ധിയെക്കുറിച്ച് മറന്ന് കൊണ്ട് നമസ്കരിച്ചാൽ മടക്കണമെന്നതിൽ ഇജ്മാഉണ്ട്.

**"ശുദ്ധിയില്ലാത്ത നമസ്കാരവും വഞ്ചനമുതലുകൊണ്ടുള്ള ദാനവും സ്വീ കരിക്കില്ല"** എന്നു നബി(സ)പറഞ്ഞു. (മുസ്ലിം)

**'അശുദ്ധിയായാൽ വുളുവെടുക്കുന്നതുവരെ നിങ്ങളിലൊരാളുടെയും നമ സ്കാരം സ്വീകരിക്കപ്പെടില്ല"**(ബുഖാരി, മുസ്ലിം).

## *?15. അധികം പേരുമിന്ന് നമസ്കാരം നിസ്സാരകാര്യമായി കാണുന്നു. ചിലർ തീരെ ഒഴിവാക്കുന്നു. ഇവരുടെ വിധിയെന്ത്? അവർക്കെതിരെ മുസ്ലിം എന്ത് നിലപാടെടുക്കണം? പ്രത്യേകിച്ച് മക്കൾ, മാതാപിതാക്കൾ, ഭാര്യാഭർത്താക്കൾ തുടങ്ങിയ ബന്ധു ക്കൾ?*

= നമസ്കാരം നിസ്സാരമായിക്കാണുക വൻകുററമാണ്. കപട വിശ്വാ

സികളുടെ ലക്ഷണം.

'കപട വിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കുന്നു. അവൻ അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്കരിക്കാൻ നിന്നാൽ മടിയന്മാരായാണ് നില്ക്കുക. അവർ ആളെക്കാണിക്കുകയാണ്. വളരെക്കുറച്ചേ അവർ അല്ലാഹുവെ ഓർക്കുന്നുള്ളൂ.' (നിസാഉ 142)

ان المنافقين يخادعون الله وهو خادعهم واذا قاموا الى الصلاة قاموا كسالى يرائون الناس ولا يذكرون الله الا قليلا

അവരുടെ ചെലവഴിക്കലുകൾ അല്ലാഹു അവരിൽ നിന്നു സ്വീകരിക്കാത്തത് അവർ അല്ലാഹുവിനെയും റസൂലിനെയും തള്ളുന്നതിനാലാണ്. മടിയൻമാരായല്ലാതെ അവർ നമസ്കാരത്തിനു വരുന്നില്ല. വെറുക്കുന്നവരായല്ലാതെ അവർ ചെലവഴിക്കുന്നുമില്ല.(തൗബ 54)

وما منعهم ان لن تقبل منهم نفقاتهم الا انهم كفروا بالله ورسوله ولا يأتون الصلاة الا وهم كسالى ولا ينفقون الا وهم كارهون

നബി(സ) അരുളി:

മുനാഫിഖുകൾക്ക് ഏററവും പ്രയാസമുള്ള നമസ്കാരം ഇശായും സുബ്ഹുമാണ്. അതിലുള്ള കൂലിയെത്രയെന്നവരറിഞ്ഞിരുന്നെങ്കിൽ ഇഴഞ്ഞെങ്കിലും രണ്ടിനും അവർ വരുമായിരുന്നു.(ബുഖാരി, മുസ്ലിം)

അഞ്ചു നേരത്തെ നമസ്കാരം സമയത്ത് തന്നെ നിർവഹിക്കുക, അടക്കവും ഒതുക്കവും പാലിക്കുക, മുന്നോട്ടുവരിക, ഭയഭക്തി പാലിക്കുക, മനസ്സാന്നിധ്യം ശ്രദ്ധിക്കുക- ഇവയൊക്കെ എല്ലാ മുസ്ലിം സ്ത്രീ പുരുഷമാർക്കും നിർബ്ബന്ധമത്രെ. അല്ലാഹു അരുളുന്നു:

'സ്വന്തം നമസ്കാരത്തിൽ ഭയഭക്തിയുള്ള വിശ്വാസികൾ വിജയിച്ചിരിക്കുന്നു.'(മുഅ്മിനൂൻ 1-2)

قد افلح المؤمنون الذين هم فى صلاتهم خاشعون

ശരിയല്ലാത്ത രീതിയിൽ നമസ്കരിച്ച് അടക്കം പാലിക്കാത്തവനോട് റസൂൽ (സ) മടക്കി നിർവ്വഹിക്കാനാണ് കല്പിച്ചത്. പള്ളിയിലെ സഹോദരങ്ങളോടൊപ്പം സംഘടിത നമസ്കാരത്തിൽ നിഷ്ഠ പാലിക്കാൻ പുരുഷന്മാരോട് പ്രത്യേകിച്ചും അവിടുന്ന് കല്പിച്ചു.

"ബാങ്ക് കേട്ടിട്ട് ഒരു ഒഴികഴിവുമില്ലാതെ നമസ്കാരത്തിന് വരാത്തവന് നമസ്കാരമില്ല" എന്നാണവിടുന്നു പറഞ്ഞത്.' (ഇബ്നുമാജ, ദാറുഖുത്വ

നി, ഇബ്നുഹിബ്ബാൻ, ഹാകിം)
ഇബ്നുഅബ്ബാസ്(റ)നോട് ആരോ ചോദിച്ചു. എന്താണീ ഒഴിവു കഴിവ്?
"(യുദ്ധ)ഭയമോ രോഗമോ."

അബൂഹുറയ്റ(റ) ഒരു രംഗം വിവരിക്കുന്നു. കണ്ണുകാണാത്ത ഒരാൾ വന്നു പറഞ്ഞു.

"റസൂലേ, എന്നെ പള്ളിയിലേക്ക് നയിക്കാൻ വഴികാട്ടിയില്ല. എനിക്ക് വീട്ടിൽ വച്ച് നമസ്കരിക്കാൻ വല്ല ഇളവുമുണ്ടോ?
അവിടുന്നു അയാൾക്കു ഇളവു നല്കി.
പിന്നെ അയാളെ തിരിച്ചു വിളിച്ചു ചോദിച്ചു:
'നമസ്കാരത്തിനുള്ള വിളി നീ കേൾക്കുന്നുണ്ടോ?"
'അതെ.'
'എങ്കിൽ ഉത്തരം ചെയ്യണം.' (മുസ്ലിം)
അബൂഹുറയ്റ(റ)ൽ നിന്ന് നിവേദനം.

റസൂൽ അരുളി: **"നമസ്കരിക്കാൻ കല്പിച്ചിട്ട് ഇഖാമതു കൊടുക്കുകയും ഒരാളോട് ഇമാമത് നില്കാൻ കല്പിക്കുകയും അയാൾ ജനങ്ങൾക്കു ഇമാമായി നില്ക്കുകയും ഞാൻ ചിലരെയും കൂട്ടി വിറകുകെട്ടുമായി നമസ്കരിക്കാൻ വരാത്തവരുടെയടുക്കൽ ചെന്നു അവരെ വീടുകൾക്കൊപ്പം കത്തിച്ചു കളയുകയും ചെയ്യാൻ വിചാരിച്ചു പോയി."** (ബുഖാരി, മുസ്ലിം)

ഈ സ്വഹീഹായ ഹദീസുകൾ ഒന്നു തെളിയിക്കുന്നു; സംഘടിതമായി നമസ്കരിക്കുക പുരുഷന്മാരുടെ ഏറ്റവും പ്രധാനമായ നിർബ്ബന്ധബാധ്യതയത്രെ. ഈ കടമയിൽ നിന്നു പിന്തി നില്ക്കുന്നവൻ കഠിന ശിക്ഷക്കർഹനാണ്. മുഴുവൻ മുസ്ലിംകളുടെയും സ്ഥിതി നന്നാക്കുവാനും അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങൾക്കു തൗഫീഖ് ചെയ്യാനും അല്ലാഹുവോട് യാചിക്കുന്നു.

എന്നാൽ ചില നേരങ്ങളിലെങ്കിലും നമസ്കാരം തന്നെയുപേക്ഷിക്കുക ഏറ്റവും വലിയ കുഫ്റാണ്. ശരിയായ പണ്ഡിതാഭിപ്രായമനുസരിച്ച്, നമസ്കാരം നിർബ്ബന്ധമാണെന്നത് നിഷേധിച്ചാലുമില്ലെങ്കിലും. സ്ത്രീയും പുരുഷനും വ്യത്യാസമില്ല. നബിയരുളി:

**ഒരാളും അയാളുടെ ശിർക്കും കുഫ്റും തമ്മിലുള്ള അന്തരം നമസ്കാരം ഉപേക്ഷിക്കലാണ്.** (മുസ്ലിം).

**"നമുക്കും അവർക്കുമിടയിലുള്ള കരാർ നമസ്കാരമാണ്. അതിനാൽ ആരെങ്കിലും അതൊഴിവാക്കിയാൽ അവൻ കാഫിറായി"** (അഹ്മദും

സുനനുകാരും.) ഈ ആശയമുള്ള വേറെയും ഹദീസുകളുണ്ട്.

ഇനി, നമസ്കാരം നിർബ്ബന്ധമാണെന്നത് തന്നെ നിഷേധിക്കുന്നവൻ മുഴുവൻ പണ്ഡിതരുടെയും ഇജ്മാഅനുസരിച്ച് ഏറ്റവും വലിയ കാഫിർ ആണ്. അവൻ നമസ്കരിച്ചാലും ശരി. നാമും മുഴുവൻ മുസ്ലിംകളും ഇതിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവോട് യാചിക്കുന്നു. അവൻ തന്നെ ചോദിക്കപ്പെടാൻ ഏറ്റവും നല്ലവൻ.

ഗുണകാംക്ഷയും പരസ്പരം സത്യോപദേശവും പുണ്യത്തിലും ഭക്തിയിലുമുള്ള സഹകരണവുമൊക്കെ മുഴുവൻ മുസ്ലിംകളുടെയും ബാധ്യതയാണ്. സംഘ നമസ്കരത്തിനു വരാത്തവനെയും ഇടക്കുനമസ്കരിക്കാത്തവനെയും ഉപദേശിക്കുക ഗുണകാംക്ഷയിൽപ്പെടുന്നു. അല്ലാഹുവിൻെറ ശാപകോപത്തെയും ശിക്ഷയെയും പറ്റി അവനെ താക്കീതു ചെയ്യണം. മാതാപിതാക്കാം, സഹോദരങ്ങാം, വീട്ടുകാർ- ഒക്കെയും ഉപദേശിക്കണം. അല്ലാഹു അവന് ഹിദായത്ത് നല്കും വരെ ഉപദേശം തുടരണം. ഭാര്യമാരായാലും അതു വേണം. അവരെ ഉപദേശിക്കണം. അല്ലാഹുവിൻെറ ശാപകോപത്തെയും ശിക്ഷയെയും പററി താക്കീതു നല്കണം. അതു തുടരണം. അനുസരിക്കുന്നില്ലെങ്കിൽ കിടക്ക വെടിയണം. കഴിയുമെങ്കിൽ യോജിച്ച സംസ്കരണശിക്ഷ നല്കണം. ഇതൊക്കെയും പുണ്യത്തിലും ഭക്തിയിലുമുള്ള സഹകരണമാണ്. അല്ലാഹു നിർബന്ധമായി കൽപ്പിച്ച നന്മ നിർദ്ദേശിക്കലും തിന്മ തടയലുമാണ്.

“വിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹായികാം. നന്മ കല്പിക്കുന്നു. തിന്മ തടയുന്നു. നമസ്കാരം നിർവഹിക്കുന്നു. നിർബ്ബന്ധദാനം നല്കുന്നു. അല്ലാഹുവെയും റസൂലിനെയും അനുസരിക്കുന്നു. അവർക്കാണ് അല്ലാഹു തീർച്ചയായും കരുണ നല്കുക. തീർച്ചയായും അല്ലാഹു പ്രതാപശാലിയും യുക്തിജ്ഞനുമാണ്.” (തൗബ 71)

المؤمنون والمؤمنات بعضهم اولياء بعض يامرون بالمعروف وينهون عن المنكر ويقيمون الصلاة ويؤتون الزكاة ويطيعون الله ورسوله اولئك يرحمهم الله ان الله عزيز حكيم

റസൂൽ (സ) കല്പിച്ചു:

ഏഴ് വഴസ്സാകുമ്പോാം കുട്ടികളോട് നമസ്കാരം കല്പിക്കുക. പത്താവുമ്പോാം അതിൻെറ പേരിൽ അടിക്കുക. അവരുടെ കിടപ്പുസ്ഥലങ്ങാം വേറെയാക്കുക.

ആൺമക്കളെയും പെണ്മക്കളെയും ഏഴാംവയസ്സുമുതൽ ഉപദേശിക്കു

കയും പത്താം വയസ്സിൽ അടിക്കുകയും ചെയ്യാമെങ്കിൽ പ്രായപൂർത്തിയായവരെ ഉപദേശിക്കുകയും തുടർച്ചയായ ഉപദേശത്തോടൊപ്പം അടിക്കുകയും ചെയ്യാൻ ഏറ്റവും അർഹതയുണ്ട്.

പ്രായപൂർത്തിയായിട്ടും നമസ്കാരം ഉപേക്ഷിക്കുകയും ഉപദേശം സ്വീകരിക്കാതിരിക്കുകയും ചെയ്താൽ അവന്റെ കാര്യം മതകോടതിക്കു വിടണം. പശ്ചാതപിക്കാൻ കല്പിക്കണം. തൗബ ചെയ്താലങ്ങനെ. ഇല്ലെങ്കിൽ കൊല്ലണം.[1]

മുസ്‌ലിംകളുടെ അവസ്ഥകൾ നന്നാക്കാൻ, അവർക്ക് മതത്തിൽ അറിവ് നല്കാൻ പുണ്യത്തിലും ഭക്തിയിലും സഹകരിക്കാനും നന്മ കല്പിക്കാനും തിന്മ തടയാനും സത്യവും ക്ഷമയും തമ്മിൽ തമ്മിൽ ഉപദേശിക്കാനും തൗഫീഖ് നല്കാൻ, അല്ലാഹുവോട് പ്രാർത്ഥിക്കുന്നു. അവൻ തീർച്ചയായും ഉദാരനും മാന്യനുമത്രെ.

***?16. വാഹനാപകടങ്ങളിലും മറ്റും തലച്ചോറിനു കേടുപററുകയോ കുറേ നാളത്തേയ്ക്ക് ബോധക്ഷയം സംഭവിക്കുകയോ ഉണ്ടാവാറുണ്ടല്ലോ. ബോധം തെളിഞ്ഞാൽ നമസ്കാരങ്ങൾ നിർവഹിച്ചു വീട്ടേണ്ടതുണ്ടോ?***

മൂന്നോ അതിൽ കുറവോ ദിവസമാണെങ്കിൽ നിർവഹിച്ചുവീട്ടുക നിർബ്ബന്ധം. ഈ ചുരുങ്ങിയ കാലത്ത് ബോധക്ഷയം ഉറക്കം പോലെയാണ്. ആ കാലം ഖളാഇനെ തടയുന്നില്ല. പല സ്വഹാബിമാരും മൂന്നിൽ കുറഞ്ഞ ദിവസം ബോധക്ഷയമുണ്ടായിട്ട് നമസ്കാരം ഖളാഉ വീട്ടിയതായി നിവേദനം ചെയ്തിട്ടുണ്ട്.

എന്നാൽ മൂന്നിലധികം ദിവസം അബോധാവസ്ഥ വന്നാൽ ഖളാഉ വേണ്ട. നബി(സ) പറഞ്ഞു:

'മൂന്നു പേരെ സംബന്ധിച്ച് പേനയുയർത്തപ്പെട്ടിരിക്കുന്നു. ഉറങ്ങുന്നവൻ ഉണരുംവരെ. കുട്ടി പ്രായപൂർത്തിയാവും വരെ. ഭ്രാന്തൻ സുഖപ്പെടുംവരെ.' رفع القلم عن ثلاثة عن النائم حتى يستيقظ والصغير حتى يبلغ والمجنون حتى يفيق

ബോധക്ഷയം വന്നവൻ ഭ്രാന്തനെപ്പോലെയാണ്. സ്ഥിരബുദ്ധി നീങ്ങുന്നുണ്ടല്ലോ. والله ولي التوفيق

(1) ഇസ്‌ലാമിക കോടതികൾ നിലവിലുള്ളേടത്ത്(വിവ:)

***? 17. രോഗികളധികവും നമസ്കാരത്തിൽ അശ്രദ്ധരാണ്. രോഗം ഭേദമായാൽ ഖളാഉ വീട്ടുമെന്ന് ചിലർ പറയും. ഞാനെങ്ങനെ നമസ്കരിക്കും, ശുദ്ധിയാക്കാനോ നജസ് കഴുകനോ എനിക്കു കഴിയില്ലല്ലോ എന്നാണ് ചിലരുടെ ചോദ്യം. ഇവ രോട് എന്തു പറയണം?***

= ബുദ്ധിസ്ഥിരതയുള്ളിടത്തോളം വൃത്തിയാക്കാൻ കഴിവില്ലെന്ന ദുർന്യായം പറഞ്ഞ് നമസ്കരിക്കാതിരിക്കാൻ രോഗം തടസ്സമല്ല. രോഗി കഴിവനുസരിച്ച് നിർബ്ബന്ധമായും നമസ്കരിക്കണം. കഴിയുമെങ്കിൽ വെള്ളം കൊണ്ട് ശുദ്ധിയാക്കണം, ഇല്ലെങ്കിൽ തയമ്മും ചെയ്യണം. ശരീരവും വസ്ത്രവും വൃത്തിയാക്കുകയോ നമസ്കാരസമയത്ത് വസ്ത്രം മാറ്റുകയോ ചെയ്യുക. വൃത്തിയാക്കാനും വസ്ത്രം മാറ്റാനും ശക്തിയില്ലെങ്കിൽ അതും കടമയില്ല. അവസ്ഥയനുസരിച്ച് നമസ്കരിക്കുക.

**"അതിനാൽ നിങ്ങാം കഴിയുന്നത്ര അല്ലാഹുവെ സൂക്ഷിക്കുക"** (തഗാബുൻ 16)

റസൂൽ (സ) പറഞ്ഞു:

فاتقوا الله ما استطعتم

**'ഞാൻ നിങ്ങളോടൊരു കാര്യം കല്പിച്ചാൽ കഴിയുന്നത്ര നിങ്ങളത് ചെയ്യുക'** (ബുഖാരി, മുസ്ലിം)

തനിക്കു രോഗമുണ്ടെന്നാവലാതിപ്പെട്ട ഇംറാൻബ്നുഹുസൈനോട് തിരുനബി പറഞ്ഞത് : **"നിന്നു നമസ്കരിക്കുക, കഴിഞ്ഞില്ലെങ്കിൽ ചെരിഞ്ഞുകിടന്നിട്ട്"** എന്നാണ് (ബുഖാരി, നസാഈ)

നസാഈയുടെ റിപ്പോർട്ടിൽ ഇത്രയും കൂടിയുണ്ട്:- അതിനും കഴിയില്ലെങ്കിൽ മലർന്ന് കിടന്നിട്ട്.

***? 18. അറിഞ്ഞുകൊണ്ടു തന്നെ നമസ്കാരം ഉപേക്ഷിച്ചശേഷം അല്ലാഹുവിൻെറ അനുഗ്രഹത്താൽ തൗബ ചെയ്തവൻ മുമ്പ് ഉപേക്ഷിച്ച നമസ്കാരം ഖളാവീട്ടേണ്ടതുണ്ടോ? ഒരു വഖ്തായാലും കൂടുതലായാലും വ്യത്യാസമുണ്ടോ?***

= അറിഞ്ഞു കൊണ്ട് നമസ്കാരം ഒഴിവാക്കിയവൻ വീട്ടേണ്ടതില്ലെന്നാണ് ഏററവും ശരിയായ പണ്ഡിതാഭിപ്രായം. കാരണം, കരുതിക്കൂട്ടി ഒഴിവാക്കി

യവൻ ഇസ്ലാമിക പരിധിയിൽ നിന്നു പുറത്തായി. അവൻ കാഫിറുകളുടെ വൃത്തത്തിലായി. കുഫ്റിൻെറ അവസ്ഥയിൽ അവൻ വിട്ട നമസ്കാരങ്ങൾ വീട്ടേണ്ടതില്ല. "ഒരാളുടെ കുഫ്റും ശിർക്കും ആ മനുഷ്യനും തമ്മിലുള്ള വ്യത്യാസം നമസ്കാരം ഒഴിവാക്കുകയാണ്" എന്ന് നബി(സ) പറഞ്ഞല്ലോ(മുസ്ലിം) 'നമുക്കും അവർക്കുമിടയിലുള്ള വ്യത്യാസം നമസ്കാരമാണ്. അതൊഴിവാക്കിയവൻ കാഫിറാണ്' എന്ന ഹദീസും മുമ്പു പറഞ്ഞു. കാഫിറായിരുന്നവൻ ഇസ്ലാം സ്വീകരിച്ചപ്പോൾ അവൻ ഒഴിവാക്കിയവ വീട്ടാൻ റസൂൽ(സ) കല്പിച്ചിട്ടില്ല. മതപരിത്യാഗികൾ(മുർതദ്ദുകൾ) ഇസ്ലാമിലേക്ക് മടങ്ങിയപ്പോൾ ഖളാവിട്ടാൻ സ്വഹാബികൾ കല്പിച്ചിട്ടില്ല. ഇനി, അറിഞ്ഞു ഒഴിവാക്കിയതെങ്കിലും നിർബ്ബമാണെന്നു നിഷേധിച്ചിട്ടില്ലാത്ത ചിലരുണ്ടല്ലോ, അവർ ഖളാ വീട്ടുന്നതിനു തെററില്ല. അതാണ് സൂക്ഷ്മതയും. 'നിർബന്ധമാണെന്ന് നിഷേധിക്കാത്തവന് കുഫ്റില്ല.' എന്ന ഭൂരിപക്ഷ പണ്ഡിതരുടെ ഭിന്നാഭിപ്രായം പരിഗണിക്കുകയും ചെയ്യാമല്ലോ.

والله ولي التوفيق

# ബാങ്ക്

***? 19. ആദ്യ സമയത്ത് ബാങ്ക് വിളിച്ചില്ലെങ്കിൽ പിന്നെ ബാങ്ക് തന്നെ വേണ്ട എന്ന് ചിലർ. നമസ്കാരസമയം സമാഗതമായി എന്ന അറിയിപ്പാണത്രേ ബാങ്ക്. താങ്കളുടെ അഭിപ്രായമെന്ത്? യാത്രയിൽ ഒററക്കു നമസ്കരിക്കുന്നവന് ബാങ്ക് നിയമമുണ്ടോ?***

= ആദ്യസമയം കഴിഞ്ഞാൽ മുഅദ്ദിൻ അതിനുശേഷം ബാങ്കുകൊടുക്കേണ്ടതില്ല. നാട്ടിൽ വേറെയും ബാങ്കുവിളിക്കാരുണ്ടെങ്കിൽ. ഉദ്ദേശം അവരെക്കൊണ്ടു തന്നെ സാധിതമായില്ലേ. നേരിയ വൈകലാണെങ്കിൽ ബാങ്കു കൊടുക്കുന്നതിനു വിരോധമില്ല.

എന്നാൽ നാട്ടിൽ വേറെ ബാങ്കില്ലെങ്കിൽ അല്പം വൈകിയാലും ബാങ്കു കൊടുക്കൽ നിർബ്ബന്ധം. ഈയവസ്ഥയിൽ ബാങ്കു സാമൂഹ്യബാധ്യത (ഫർള്കിഫായ) ആണ്. ആരുമത് നിറവേറ്റീട്ടുമില്ല. അപ്പോഴവന്നത് നിർബ്ബന്ധമാണ്. അവനാണുത്തരവാദി. അധികവും അവനെയാണ് ജനം പ്രതീക്ഷിക്കുന്നത്.

ഇനി, യാത്രക്കാരൻെറ പ്രശ്നം. അവനൊറ്റക്കാണെങ്കിലും ബാങ്കു വേണം. ഒരു സംഭവം .

അബൂസഈദിൽ ഖുദ്രി ഒരാളോട് പറഞ്ഞു: നീ ആളുകളുടെയടുത്താണെങ്കിലും താഴ്വരയിലാണെങ്കിലും ഉറക്കെ ബാങ്കുവിളിക്കുക. ബാങ്കുവിളിക്കാരൻെറ ശബ്ദം ജിന്നോ മനുഷ്യനോ മററുള്ളവയോ കേട്ടാലും അന്ത്യനാളിൽ സാ ക്ഷിയാവാതിരിക്കില്ല." ഈ വിഷയം റസൂലിലേക്കാണദ്ദേഹം ചേർത്തിപ്പറഞ്ഞത്. ( مرفوع ) ബാങ്കിൻെറ ഹദീസുകൾ പൊതുവായും ഇത് തന്നെയാണ് പഠിപ്പിക്കുന്നത്.

***? 20. നാട്ടിൽ ഒറ്റക്കോ യാത്രയിൽ സംഘമോ ആയ സ്ത്രീകൾക്കു ബാങ്കും ഇഖാമതും വേണോ?***

= വേണ്ട. സ്ത്രീകൾ യാത്രയിലും നാട്ടിലും ബാങ്കോ ഇഖാമത്തോ വേണ്ട. ബാങ്കും ഇഖാമതും പുരുഷന്മാരുടെ പ്രത്യേകതയാണ്. സ്വഹീഹായ ഹദീസുകളുണ്ടീ വിഷയത്തിൽ.

***? 21. ഒറ്റക്കോ സംഘമായോ നമസ്കരിക്കുമ്പോൾ ഇഖാമത് മറന്നു. അത് നമസ്കാരത്തെ സ്വാധീനിക്കുമോ?***

= ഇഖാമതില്ലാതെ നമസ്കാരം സാധുവാകും. തൗബ ചെയ്യേണ്ടതാണ്. ബാങ്കില്ലാതെ ഒററക്കോ സംഘമായോ നമസ്കരിച്ചാലും നമസ്കാരം സാധുവാണ്. ബാങ്കും ഇഖാമത്തും സാമൂഹ്യബാധ്യതകൾ മാത്രം. അത് നമസ്കാരത്തിൻെറ കഴമ്പിന് പുറത്താണ്.

ബാങ്കും ഇഖാമതും വിട്ടവൻ തൗബ ചെയ്യണം. കാരണം ഫർള്കിഫായ ഒഴിവാക്കിയാൽ മുഴുവൻ പേരും കുറ്റക്കാരാവും. വേണ്ടപ്പെട്ടർ രണ്ടും നിർവഹിച്ചാൽ ബാക്കിയുള്ളവരൊക്കെ നിർബന്ധത്തിൽ നിന്നും അതു വഴി കുറ്റത്തിൽ നിന്നും ഒഴിവാകും. നാട്ടിലോ യാത്രയിലോ ആവട്ടെ. ഗ്രാമത്തിലോ നഗരത്തിലോ മലഞ്ചെരിവിലോ ആവട്ടെ- അല്ലാഹു ഇഷ്ടപ്പെടുന്നത് ചെയ്യാൻ മുഴുവൻ മുസ്ലിംകൾക്കും തൗഫീഖിന് പ്രാർത്ഥിക്കുന്നു.

***? 22. സുബ്ഹ് നമസ്കാരത്തിൽ الصلاة خير من النوم നമസ്കാരമാ ണ് ഉറക്കത്തെക്കാൾ ഉത്തമം എന്ന് പറയുന്നതിൻെറ തെളിവെന്താണ്? ചിലർ حي على خير العمل (സല്കർമ്മത്തിലേക്ക് വരൂ) എന്നു പറയുന്നു. എന്താണഭിപ്രായം? ഇതിനു വല്ല അടിസ്ഥാനവുമുണ്ടോ?***

= സുബ്ഹ് ബാങ്കിൽ الصلاة خير من النوم എന്നു പറയാൻ ബിലാലിനോടും അബുമഹ്ദൂറ: യോടും റസൂൽ (സ) കല്പിച്ചതായി സ്വഹീഹായ ഹദീസിൽ വന്നിട്ടുണ്ട്. അനസ്(റ) പറയുന്നു“സുബ്ഹിൽ الصلاة خير من النوم എന്നു പറയൽ സുന്നത്തിൽ പെട്ടതാണ്” (ഇബ്നുഖുസൈമ:)

ഈ വാചകം ഫജ്റിൻെറ ഉദയ സമയത്തുള്ള ബാങ്കിൽ പറയേണ്ടതാണ്- ഒന്നാം ബാങ്കിൽ - എന്നാണ് ശരിയായ പണ്ഡിതാഭിപ്രായം. ഇതിന് ഒന്നാം ബാങ്ക് എന്നു പറയുന്നത്, ഇഖാമതിനെ രണ്ടാം ബാങ്ക് എന്നു വിളിക്കുന്നതിലൂടെയാണ്. നബി(സ) അരുളി: “രണ്ട് ബാങ്കിനുമിടയിൽ നമസ്കാരമുണ്ട്.
بين كل اذانين صلاة
ആയിശ നിവേദനം ചെയ്യുന്ന ഒരു ഹദീസ് ഈ ആശയത്തിൽ ബുഖാരിയിലുണ്ട്.

എന്നാൽ حي على خير العمل എന്ന ശിയാക്കളുടെ വാചകം തനി ബിദ്അത്താണ്. സ്വഹീഹായ ഹദീസുകളിൽ അതിനു ഒരടിത്തറയുമില്ല. അവരെയും മുഴുവൻ മുസ്ലിംകളെയും സുന്നത്തു പിൻപററുന്നവരും മുറുകെപിടിക്കുന്നവരുമാക്കാൻ അല്ലാഹുവോട് പ്രാർത്ഥിക്കാം. അല്ലാഹുവാണ് സത്യം, സുന്നത്ത് മാത്രമാണ് മുഴുവൻ സമൂഹത്തിൻെറയും സൗഭാഗ്യത്തിൻെറ പാത.

*? 23. ഗ്രഹണ നമസ്കാരത്തിന് الصلاة جامعة എന്ന് പറയണമെന്ന് വന്നിട്ടുണ്ടല്ലോ. ഒററ തവണ പറയണോ അതോ പലവട്ടം വേണോ? എത്ര പ്രാവശ്യം ആവർത്തിക്കണം?*

الصلاة جامعة എന്നു വിളിച്ചു പറയാൻ റസൂൽ(സ) കല്പിച്ചതായി പ്രബലമായ ഹദീസിലുണ്ട്. ജനങ്ങൾ കേട്ടുവെന്നു തോന്നുംവരെ വിളിച്ചുപറയുകയാണ് സുന്നത്ത്. നമ്മുടെ അറിവിൽ അതിനു എണ്ണത്തിൻെറ കണക്കില്ല.

# നമസ്കാരത്തിൻെറ രൂപം

***? 24. മറയുടെ കാര്യത്തിൽ ചില സഹോദരങ്ങൾ വല്ലാത്ത കർശനത്വം പാലിക്കുന്നു. ഒഴിഞ്ഞ തൂണില്ലെങ്കിൽ ഒഴിയുന്നതുവരെ ചിലർ കാത്തുനില്ക്കുന്നു. മറയിലേക്കല്ലാതെ നമസ്കരിക്കുന്നവരെ അവർ എതിർക്കുന്നു. എന്നാൽ ചിലർ മറയുടെ കാര്യത്തിൽ തീരെ അശ്രദ്ധരുമാണ്. ഏതാണ് ശരി? മറയില്ലെങ്കിൽ ഒരു വരവരച്ചാൽ മതിയോ? അതിനു തെളിവു വല്ലതും വന്നിട്ടുണ്ടോ?***

= മറയിലേക്കു തിരിഞ്ഞു നമസ്കരിക്കുക വളരെ ശക്തമായ സുന്നത്താണ്. പക്ഷെ നിർബ്ബന്ധമല്ല. നാട്ടി നിറുത്താവുന്ന ഒന്നും കിട്ടിയില്ലെങ്കിൽ വരമതി. തെളിവിതാ. റസൂലിൻെറ വചനം.

**'നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ ഒരു മറയിലേക്ക് നമസ്കരിക്കുക. അതിനോടടുത്ത് നില്ക്കുക'(അബൂദാവൂദ്)**

**മുമ്പിൽ ഒട്ടകക്കട്ടിലിൻെറ പിൻഭാഗം പോലുള്ള എന്തെങ്കിലുമില്ലെങ്കിൽ സ്ത്രീയും കഴുതയും കറുത്ത പട്ടിയും നമസ്കാരം മുറിക്കും. (മുസ്ലിം.)**

അഹ്മദും ഇബ്നു മാജയും ഹസനായ പരമ്പരയോടെ ഉദ്ധരിക്കുന്ന ഹദീസ്:

**നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ മുമ്പിൽ എന്തെങ്കിലും വെക്കണം. ഒന്നുമില്ലെങ്കിൽ വടിനാട്ടട്ടെ. അതുമില്ലെങ്കിൽ ഒരു വരയെങ്കിലും വരക്കട്ടെ. പിന്നെ മുമ്പിലൂടെ ആരെങ്കിലും നടക്കുന്നത് അവനു ദോഷം ചെയ്യുകയില്ല.**

ബുലൂഗുൽ മറാമിൽ ഇബ്നുഹജർ(റ) എഴുതി.

റസൂൽ(സ) ചിലപ്പോൾ മറയില്ലാതെയും നമസ്കരിച്ചതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. അത് നിർബന്ധമല്ലെന്ന് ആ സംഭവം തെളിയിക്കുന്നു. മസ്ജിദുൽ ഹറാം മറയുടെ നിയമത്തിൽ നിന്നും ഒഴിവാണ്. അവിടെ ഒരു മറയും ആവശ്യമില്ല. ഇബ്നുസ്സുബൈർ(റ) മസ്ജിദുൽ ഹറാമിൽ മുന്നിൽ മറയില്ലാതെ നമസ്കരിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ മുന്നിൽ ത്വവാഫ് നടന്നുകൊണ്ടേയിരുന്നു. റസൂലിൻെറ ചര്യയിലും ഇങ്ങനെയുണ്ടായിരുന്നുതായി കാണുന്നു. പക്ഷെ ആ ഹദീസിൻെറ പരമ്പര ദുർബ്ബലം.

മസ്ജിദുൽ ഹറാം ഏറ്റവും തെരക്കേറിയ പള്ളിയെന്നത് നേര്. നമസ്കരിക്കുന്നവൻെറ മുമ്പിലൂടെ നടന്നു പോവാതിരിക്കാൻ കഴിയാത്ത അവസ്ഥ

വരാം. അതുകൊണ്ടാണവിടെ ഈ നിയമം ബാധാമാക്കാൻ കഴിയാത്തത്. ഇതുപോലെ തെരക്കുപിടിച്ച ഇടങ്ങളിലൊക്കെയാവാം. "കഴിയുന്നത്ര നിങ്ങാ അല്ലാഹുവെ സൂക്ഷിക്കുക" എന്നാണല്ലോ അല്ലാഹുവിൻെറ അരുളപ്പാട്. ഞാനൊരു കാര്യം നിങ്ങളോട് കല്പിച്ചാൽ കഴിയുന്നത്ര നിങ്ങളത് ചെയ്യുക (ബുഖാരി, മുസ്‌ലിം) എന്നാണല്ലോ തിരുനബി അരുളിയത്.

*? 25. നമസ്കാരത്തിൽ കുറേപ്പേർ പൊക്കിളിനുതാഴെ കൈ കെട്ടുന്നു. ചിലർ നെഞ്ചിനുമുകളിൽ. അവർ പൊക്കിളിനുതാഴെ കെട്ടുന്നവരെ അതിശക്തിയായി എതിർക്കുന്നു. ചിലർ താടിക്കു താഴെയാണ്. ചിലർ കൈ കെട്ടുന്നേയില്ല. ഏതാണ് ശരി?*

നമസ്കാരത്തിൻെറ നിറുത്തത്തിലും റുകൂഇനുമുമ്പും ശേഷവു[1]മൊക്കെ വലതു മുൻകൈ ഇടതുമുൻകയ്യിന്മേൽ നെഞ്ചിന്മേൽവെക്കുക എന്നതാണ് ശ്രേഷ്ഠം എന്നു സ്വഹീഹായ ഹദീസുകാ തെളിയിക്കുന്നു. വാഇല്ബ്നുഹജർ, ഖുബൈലബ്നുഹലബ് എന്നിവർ നിവേദനം ചെയ്ത ഹദീസുകാ. സഹ്ല്ബ്നു സഅ്ദിൻെറ ഹദീസും അതു സൂചിപ്പിക്കുന്നു. പൊക്കിളിന്മേൽ വെക്കുന്ന അലി(റ)യുടെ ഹദീസു ദുർബ്ബലമാണ്. കെട്ടാതിരിക്കുന്നതും താടിക്കു താഴെ കെട്ടുന്നതും സുന്നത്തിനു വിരുദ്ധം.

*? 26. വിശ്രമത്തിൻെറ ഇരുത്തത്തിൽ ചിലർ വല്ലാതെ ശ്രദ്ധിക്കുന്നു. അതുപേക്ഷിക്കുന്നവരെ എതിർക്കുന്നു. എന്താണതിൻെറ വിധി? ഒറ്റക്കു നമസ്കരിക്കുന്നവനെന്നപോലെ ഇമാമിനും മഅ്മൂമിനും അത് ബാധകമാണോ?*

വിശ്രമത്തിൻെറ ഇരുത്തം ഇമാമിനും മഅ്മൂമിനും ഒറ്റക്കു നമസ്കരിക്കുന്നവന്നും സുന്നത്താണ്. രണ്ട് സുജൂദുകാക്കിടയിലെ ഇരുത്തം പോലെയാണിത്. എന്നാൽ ദിക്റോ ദുആയോ ഇല്ല. ഒഴിവാക്കിയാൽ കുറ്റമില്ല. നബിയിൽ നിന്ന് ഇവ്വിഷയത്തിൽ സ്ഥിരപ്പെട്ട ഹദീസുകളുണ്ട്. മാലിക്ബ്നുൽഹുവൈരിസും അബൂഹുമൈദിസ്സാഇദിയും ഒരു സംഘം സ്വഹാബികളും ഈ ഹദീസുകളുദ്ധരിച്ചിട്ടുണ്ട്.

(1) റുകൂഇനു ശേഷം കൈകെട്ടണമെന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. (വിവ:)

***? 27. വിമാനത്തിലെങ്ങനെ നമസ്കരിക്കണം? അവിടെവച്ച് ആദ്യ സമയത്തു തന്നെ നമസ്കരിക്കുകയാണോ ഉത്തമം, അതോ അവസാന സമയത്ത് എയർപോർട്ടിലെത്തുന്നതുവരെ കാത്തിരിക്കുകയോ?***

കഴിവനുസരിച്ച് ആദ്യസമയത്ത് തന്നെ നമസ്കരിക്കുകയാണ് മുസ്ലിമിന് നിർബന്ധമായത്. നിന്നു നമസ്കരിക്കാനും സുജൂദും റുകൂഉം ചെയ്യാനും സാധിക്കുമെങ്കിൽ അങ്ങനെ. കഴിയില്ലെങ്കിൽ ഇരുന്ന്. റുകൂഉം സുജൂദും ആംഗ്യം കൊണ്ട്. വിമാനത്തിൽ സ്ഥലം കിട്ടുമെങ്കിൽ ആംഗ്യത്തിനു പകരം ശരിക്കും നിറുത്തവും സുജൂദും റുകൂഉം തന്നെ നിർബ്ബന്ധമാണ്. കഴിയുന്നത്ര നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്നാണല്ലാഹു കല്പിക്കുന്നത്.

ഇംറാൻബ്നു ഹുസൈന്റെ ഹദീസിൽ **"നിന്നു നമസ്കരിക്കൂ. കഴിയില്ലെങ്കിൽ ഇരുന്നു അതിനും കഴിയില്ലെങ്കിൽ വശം ചെരിഞ്ഞ്"** എന്നാണ് നബി(സ) അരുളിയത് (ബുഖാരി, നസാഈ) നസാഈയുടെ നിവേദനത്തിൽ അതിനും കഴിയില്ലെങ്കിൽ മലർന്ന് കിടന്നും എന്നുണ്ട്. ആദ്യസമയത്ത് തന്നെ നിർവ്വഹിക്കലാണ് ഏറ്റവും ശ്രേഷ്ഠം. നിലത്തിറങ്ങിയിട്ട് നമസ്കരിക്കാൻ വേണ്ടി അവസാനസമയത്തേക്ക് നീട്ടുന്നതു തെറ്റല്ല. പൊതുവായി തെളിവുകൾ ഇതിനുണ്ട്. വിമാനത്തിന്റെ നിയമം തന്നെയാണ് ബസ്സിനും കാറിനും കപ്പലിനും ട്രെയിനിനും.

***? 28. അധികം പേരും നമസ്കാരത്തിൽ വല്ലാതെ വെറുതെ അനങ്ങുന്നു. നമസ്കാരം ബാത്വിലാവുന്നവിധം അനക്കത്തിനു പരിധിയുണ്ടോ? 'തുടർച്ചയായ മൂന്നനക്കം' എന്നതിനു വല്ല അടിത്തറയുമുണ്ടോ? നമസ്കാരത്തിൽ വെറുതെ അനങ്ങുന്നവരോട് താങ്കൾക്കു നല്കാനുള്ള ഉപദേശം?***

വിശ്വാസിക്കും വിശ്വാസിനിക്കും നമസ്കാരത്തിൽ അടക്കവും ഒതുക്കവും നിർബ്ബന്ധമാണ്. വെറും കളികൾ ഒഴിവാക്കണം. 'അടക്കം' നമസ്കാരത്തിന്റെ അടിസ്ഥാനം (റുക്ന്) ആണ്. നമസ്കാരത്തിൽ അടക്കം പാലിക്കാത്തവനോട് വീണ്ടും നമസ്കരിക്കാനാണ് റസൂൽ(സ) കല്പിച്ചത്(ബുഖാരി, മുസ്ലിം). ഭയഭക്തി, താല്പര്യം, മനസ്സാന്നിധ്യം ഇവ അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുമ്പോൾ നിർബ്ബന്ധമാണ്. "നമസ്കാരത്തിൽ ഭക്തി പാലിച്ച വിശ്വാസികൾ വിജയിച്ചിരിക്കുന്നു.(മുഅ്മിനൂൻ1-2) എന്നാണ്

അല്ലാഹു സുവാർത്തയറിയിക്കുന്നത്. വസ്ത്രമോ താടിയോ മറ്റെന്തെങ്കിലുമോ കൊണ്ട് കളിക്കുന്നത് വെറുക്കപ്പെട്ടതാണ്. അതു തുടർച്ചയായി ചെയ്താൽ ഹറാം ആവും. നമസ്കാരം ബാത്വിൽ ആവും. നാം മനസ്സിലാക്കുന്നതങ്ങനെയാണ്.

എന്നാൽ ബാത്വിലാവുന്ന അനക്കത്തിന് എണ്ണം കൃത്യമായിവന്നിട്ടില്ല. മൂന്നനക്കം എന്നവാദം ദുർബ്ബലം. ഒരു തെളിവുമില്ല. നമസ്കരിക്കുന്നവൻെറ തന്നെ വിശ്വാസമനുസരിച്ച് കൂടുതൽ വെറുംപണിയുണ്ടോ എന്നതാണ് അവലംബമാക്കേണ്ടത്. എൻെറ അനക്കം കൂടുതലായി എന്ന് നമസ്കരിക്കുന്നവന് വിശ്വാസമായാൽ ഫർളാണെങ്കിൽ വീണ്ടും നമസ്കരിക്കുക നിർബ്ബന്ധം. തൗബയും ചെയ്യണം. എല്ലാ മുസ്‌ലിം സഹോദരീ സഹോദരൻമാരോടും എനിക്കുപദേശിക്കാനുള്ളത് നിങ്ങളെല്ലാം നമസ്കാരത്തിൽ ജാഗ്രത പുലർത്തണം എന്നാണ്. ഭയഭക്തി വേണം, പാഴ്‌വേലകൾ ഒഴിവാക്കണം, നമസ്കാരത്തിൻെര മഹത്വം കുറഞ്ഞു പോകരുത്. ഇസ്‌ലാമിൻെറ നെടുംതൂണാണത്. ശഹാദത് കലിമകൾക്കു ശേഷം ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനം. പരലോകത്ത് അടിമകൾ ആദ്യം വിചാരണചെയ്യപ്പെടുന്ന കർമം. അല്ലാഹു ഇഷ്ടപ്പെടുന്ന രീതിയിൽ അതു നിർവ്വഹിക്കാൻ അവൻ ഏവർക്കും ത്വഫീഖ് നല്കട്ടെ.

## *? 29. സുജൂദിലേക്കു പോവുമ്പോൾ ആദ്യം കാൽമുട്ടുകൾ വെക്കുന്നതോ കൂടുതൽ ഉത്തമം അതോ കൈകളോ? ആ വിഷയത്തിൽ വന്ന രണ്ട് ഹദീസുകളെയും എങ്ങനെ യോജിപ്പിക്കാം?*

പണ്ഡിതരുടെ രണ്ടഭിപ്രായങ്ങളിൽ ഏറ്റവും ശരി, കഴിയുമെങ്കിൽ കാൽ മുട്ടുകൾ വെക്കുക എന്നതാണ്. വാഇല്ബ്നു ഹജറിൻെറ ഹദീസും ആ ആശയത്തിലുള്ള മറ്റു ഹദീസുകളും തെളിവ്.

എന്നാൽ അബൂഹുറയ്റ(റ)ൻെറ ഹദീസ് ഒട്ടകം മുട്ടുകുത്തുന്ന പോലെ മുട്ടുകുത്തുന്നത് നിരോധിക്കുന്നതാണ്. ഇതു രണ്ടും തമ്മിൽ വൈരുദ്ധ്യമില്ല.

കൈകൾ മുന്തിക്കുന്നവനാണ് ഒട്ടകത്തെപ്പോലെയാവുക. എന്നാൽ ഹദീസിൻെറ അവസാനം മുട്ടുകൾക്കു മുമ്പ് കൈകൾ വെക്കണം എന്നുണ്ട്. സത്യത്തിൽ അത് ചില നിവേദകരുടെ പക്കൽ വന്ന പിഴവാണ്. കൈകൾക്കുമുമ്പ് മുട്ടുകൾ വെക്കണം എന്നാണ് ശരിയായ വാചകം. ഇങ്ങനെ വരുമ്പോൾ ഹദീസുകൾ യോജിക്കും. വൈരുദ്ധ്യമൊന്നുമില്ല.

സാദുൽ മആദിൽ അല്ലാമ ഇബ്നു ഖയ്യിം ഇക്കാര്യം ഉണർത്തീട്ടുണ്ട്.

എന്നാൽ രോഗമോ പ്രായമോ കൊണ്ട് മുട്ടുകാം ആദ്യം വെക്കാൻ കഴി യാത്തവർക്ക് കൈകാം ആദ്യം വെക്കുന്നതിനു വിരോധമില്ല.

### *? 30. നമസ്കാരത്തിൽ തൊണ്ടയനക്കലും ഊത്തും കരച്ചിലും മറ്റു ആകാമോ? അവ നമസ്കാരം അസാധുവാക്കുമോ?*

= ആവശ്യം വന്നാൽ ഇവയാകാം, അസാധുവാകില്ല. ആവശ്യമില്ലാതെ ഇവ ചെയ്യുന്നത് വെറുക്കപ്പെട്ടതാണ്. റസൂൽ (സ) നമസ്കരിക്കുമ്പോാ അലി(റ) വന്ന് വീട്ടിൽ കേറാനനുവാദം ചോദിച്ചു. അവിടുന്നു തൊണ്ട യനക്കി. എന്നാൽ കരച്ചിൽ നമസ്കാരത്തിലും മറ്റും ആവാം. അതു ഭയഭക്തിയും താല്പര്യവും കൊണ്ടാണെങ്കിൽ നല്ലതാണ്. കരച്ചിൽ ഉണ്ടാ ക്കലാവരുത്. റസൂൽ(സ) നമസ്കാരത്തിൽ കരയാറുണ്ടായിരുന്നു. അബൂ ബക്കറും ഉമറും സ്വഹാബിമാർ പലരും(റ) കരഞ്ഞതായി കാണാം. താബി ഉകളുടെ ചരിത്രത്തിലും കാണാം.

### *?31. നമസ്കരിക്കുന്നവൻെറ മുന്നിലൂടെ നടക്കുന്നതിൻെറ വിധി? ഹറമുകാക്കു വേറെ നിയമമുണ്ടോ? നടന്നു പോകുന്നവൻ നമസ്കാ രം മുറിക്കും എന്നതിൻെറ ആശയമെന്ത്? കറുത്ത നായ സ്ത്രീ, കഴുത ഇവ മുന്നിലൂടെ നടന്നാൽ നമസ്കാരം വീണ്ടും നിർവ്വഹി ക്കണോ?*

= നമസ്കരിക്കുന്നവൻെറ മുമ്പിലൂടെയോ, മറക്കും നമസ്കരി ക്കുന്നവന്നും ഇടയിലൂടെയോ നടക്കുക ഹറാമാണ്. റസൂൽ(സ) അരുളി: **നമസ്കരിക്കുന്നവനുമുമ്പിലൂടെ നടക്കുന്നവൻ അതിൻെറ കുറ്റം എത്ര യെന്നറിഞ്ഞിരുന്നെങ്കിൽ നാല്പത് (ദിവസം-മാസം-വർഷം) നില്ക്കുകയാ യിരിക്കും മുന്നിലൂടെ നടക്കുന്നതിനെക്കാാ നല്ലത്** (ബുഖാരി, മുസ്ലിം) മുന്നിലൂടെ നടന്നത് പ്രായപൂർത്തിയായ സ്ത്രീയോ കഴുതയോ കറുത്ത പട്ടിയോ എങ്കിൽ നമസ്കാരം മുറിയും. അസാധുവാകും.

**ഇവ മൂന്നുമല്ലെങ്കിൽ നമസ്കാരം മുറിയില്ല. പക്ഷേ, കൂലി കുറയും. സ്ത്രീ, കഴുത, കറുത്തപട്ടി എന്നിവ മുസ്ലിമിൻെറ നമസ്കാരം മുറിക്കും; ഒട്ടകക്കട്ടിലിൻെറ പിൻഭാഗത്തുള്ളതു പോലെ എന്തെങ്കിലും മുന്നിലി ല്ലെങ്കിൽ.** (മുസ്ലിം)

ഇത് അബൂദർറ്(റ) നിവേദനം ചെയ്തതാണ്. അബൂഹുറയ്റ നിവേദനം ചെയ്ത ഒരു ഹദീസുമുണ്ടിതുപോലെ. പക്ഷെ അതിൽ കറുത്തപട്ടിയെ പറഞ്ഞിട്ടില്ല. പൊതുവായി പറഞ്ഞതിനെ പ്രത്യേകം പറഞ്ഞതിലേക്ക് ചേർത്തുകയാണ് വേണ്ടത്.

എന്നാൽ മസ്ജിദുൽ ഹറാമിൽ ഇത് ഹറാമല്ല. മേല്പറഞ്ഞ മൂന്നെണ്ണമോ മറ്റുള്ളവയോ നമസ്കാരം അസാധുവാക്കുകയുമില്ല. വൻതെരക്കാണീ ഇളവിനു കാരണം. നടത്തം നിരോധിക്കൽ പ്രയാസമാവും. ഈ വിഷയത്തിൽ ഒരു ഹദീസുണ്ട്. പക്ഷെ ദുർബലമാണ്. എങ്കിലും ഇബ്നുസ്സുബൈറിൻെറയും മറ്റും വാചകങ്ങൾ ഇതിനോട് യോജിക്കുന്നു. തെരക്കുണ്ടെന്നതും, നിരോധം പ്രയാസമുണ്ടാകുമെന്നതും സത്യം. ഇത് തന്നെയാണ് മസ്ജിദുന്നബവിയിലെയും വൻ തെരക്കുണ്ടാവുമ്പോൾ മറ്റുള്ള പള്ളികളിലെയും സ്ഥിതി. കഴിയുന്നത്ര നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്നാണല്ലോ അല്ലാഹു അരുളിയത്. "അല്ലാഹു ഒരാളെയും കഴിയാത്തതിന് നിർബന്ധിക്കില്ല" (ബഖറ: 286 ) لا يكلف الله نفسا الا وسعها

ഞാൻ നിങ്ങളോട് കല്പിച്ചത് കഴിയുന്നത്ര നിങ്ങൾ ചെയ്യുക എന്നാണു നബിയുടെ ഉപദേശവും.

## *? 32. നമസ്കാര ശേഷം പ്രാർത്ഥനക്കു കയ്യുയർത്തുന്നതിനെക്കുറിച്ചെന്തു പറയുന്നു. ഇക്കാര്യത്തിൽ ഫർള് നമസ്കാരമെന്നോ സുന്നത്തെന്നോ വ്യത്യാസമുണ്ടോ?*

= പ്രാർത്ഥനയിൽ കയ്യുയർത്തുക സുന്നത്താണ്. ഉത്തരം ലഭിക്കാൻ ഒരു കാരണവുമാണ്. സൽമാനുൽഫാരിസിയുടെ നിവേദനം: റസൂൽ (സ) അരുളി:" നിങ്ങളുടെ നാഥൻ തീർച്ചയായും എന്നും ജീവിക്കുന്നവനും ഉദാരനുമത്രെ. അവനിലേക്ക് ദാസൻ രണ്ടു കയ്യുമുയർത്തിയാൽ വെറും കയ്യോടെ മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നു." (അബൂദാവൂദ്, തുർമുദി, ഇബ്നു മാജ) ഹാകിം ഇത് സ്വഹീഹാണെന്നു പറഞ്ഞിട്ടുണ്ട്.

അല്ലാഹു തീർച്ചയായും നല്ലവനാണ്. അവൻ നല്ലതല്ലാതെ സ്വീകരിക്കില്ല. പ്രവാചകനോട് അല്ലാഹു കല്പിച്ചതെന്തോ അതു തന്നെയാണു വിശ്വാസികളോടും കല്പിച്ചിരിക്കുന്നത്. അല്ലാഹു അരുളി: 'വിശ്വസിച്ചവരെ നാം നിങ്ങൾക്കു നല്കിയ നല്ലവയിൽ നിന്ന് നിങ്ങൾ തിന്നുക. നിങ്ങളവന് നന്ദി കാട്ടുക. നിങ്ങൾ അവനെമാത്രം ആരാധിക്കുന്നുവെങ്കിൽ.' (അൽ ബഖറ: 172)

ഏ പ്രവാചകന്മാരെ, നല്ലവയിൽ നിന്നു നിങ്ങാം തിന്നുക. നല്ലത് പ്രവർത്തിക്കുക. നിങ്ങാം ചെയ്യുന്നതിനെക്കുറിച്ച് ഞാൻ തീർച്ചയായും അറിയുന്നു. (മുഅ്മിനൂൻ 51) ഇതും ഉദ്ധരിച്ചിട്ട് നബി(അ) ഒരാളെപ്പറ്റി പറഞ്ഞു.

**ദീർഘയാത്രക്കാരൻ, പാറിപ്പറന്ന പൊടി പറ്റിയ മുടി. അവൻ രണ്ടു കയ്യും ആകാശത്തേക്കുയർത്തുകയാണ്."എൻെറ നാഥാ, എൻെറ നാഥാ". അവൻെറ ഭക്ഷണം ഹറാം. പാനീയം ഹറാം. വസ്ത്രം ഹറാം. ഹറാമിലൂട്ട പ്പെട്ടവൻ-പിന്നെങ്ങനെയവന് ഉത്തരം കിട്ടും?(മുസ്ലിം)**

പക്ഷെ നബി(അ)യുടെ കാലത്തു കാണപ്പെട്ട ദുആയുടെ സന്ദർഭങ്ങ ളിൽ കയ്യുയർത്തുക മതനിയമമല്ല. അഞ്ചു നമസ്കാരങ്ങാക്കു ശേഷം, ര ണ്ട് സുജൂദുകാക്കിടയിൽ, സലാം വീട്ടുന്നതിനു മുമ്പ്, ജുമുഅയുടെയും ര ണ്ട് പെരുന്നാളിൻെറയും ഖുതുബകളിൽ, ഇവിടെയൊന്നും നബി(സ) കൈ കളുയർത്തിയിട്ടില്ല. കൊള്ളേണ്ടതിലും തള്ളേണ്ടതിലും നല്ല മാതൃക റസൂ ലാണല്ലോ. എന്നാൽ വെള്ളിയാഴ്ചയോ പെരുന്നാളിനോ ഖുതുബയിൽ മഴക്കു വേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ അവിടുന്ന് കയ്യുയർത്തിയി രുന്നു. അതുകൊണ്ട് അതു മതത്തിൽപ്പെട്ടതാണ്.

സുന്നത്തു നമസ്കാരങ്ങാക്കു ശേഷമുള്ള പ്രാർത്ഥനകളിൽ കൈകളു യർത്തുന്നതിനു ഒരു വിരോധവും ഞാൻ കാണുന്നില്ല. പൊതുവായ തെളി വുകാം അതാണു സൂചിപ്പിക്കുന്നത്. പക്ഷെ പതിവാക്കാതിരിക്കുകയാണു ഉത്തമം. പതിവായി സുന്നത്തിൽ വന്നിട്ടില്ല. എല്ലാ സുന്നത്തുകാക്കു ശേ ഷവും റസൂൽ കൈകളുയർത്തിയിരുന്നെങ്കിൽ അതു നിവേദനം ചെയ്യ പ്പെടുമായിരുന്നു. കാരണം യാത്രയിലും നാട്ടിലുമുള്ള അവിടുത്തെ വാക്കു കളും കർമങ്ങളും സ്വഹാബികാം പകർത്തിയിരുന്നു.

"നമസ്കാരം വിനയവും ഭക്തിയും തൃപ്തിയുമാണ്. കൈകളുയർത്തി എൻെറ നാഥാ എൻെറ നാഥാ എന്നു പ്രാർത്ഥിക്കലുമാണ്"എന്ന പ്രസി ദ്ധമായ ഹദീസ് ദുർബലമാണ്. ഹാഫിള് ഇബ്നുറജബും മറ്റു പലരും ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്.

### *? 33. നമസ്കാരശേഷം നെറ്റിയിലെ മൺതരികാം തുടക്കുന്നതു മോശമാണെന്ന് പറയുന്നത് കോക്കുന്നു. ഇതിനു വല്ല അടിത്തറയു മുണ്ടോ?*

= നമ്മുടെ അറിവിൽ അതിനു ഒരടിത്തറയുമില്ല. സലാം വീട്ടുന്നതിനും

മുമ്പ് തുടക്കുന്നതാണ് മോശം. നമസ്കരിച്ച് സലാം വീട്ടിയപ്പോൾ അവിടു ത്തെ മുഖത്ത് വെള്ളത്തിൻെറയും ചെളിയുടെയും അടയാളം കണ്ടതായി ഹദീസിലുണ്ട്. ഇത് തെളിയിക്കുന്നത് നമസ്കാരം തീരും മുമ്പ് തുടക്കാതി രിക്കുകയാണുത്തമം എന്നാണ്.

### *? 34.നമസ്കാരശേഷം പരസ്പരം കൈകൊടുക്കുന്നതിൻെറ വി ധിയെന്ത്? ഫർളും സുന്നത്തും തമ്മിൽ ഇക്കാര്യത്തിൽ വ്യത്യാസമു ണ്ടോ?*

= മുസ്ലിംകൾ തമ്മിൽ കാണുമ്പോൾ കൈകൊടുക്കുക എന്നതാണ് അടിസ്ഥാനം. തമ്മിൽ കാണുമ്പോൾ നബി(സ) സ്വഹാബിമാർക്കു ഷെയ്ക്ക് ഹാൻഡ് ചെയ്യാറുണ്ടായിരുന്നു. കണ്ടുമുട്ടുമ്പോഴൊക്കെയും അവരങ്ങ നെയായിരുന്നു. യാത്ര കഴിഞ്ഞെത്തിയാൽ കെട്ടിപ്പിടിക്കുമായിരുന്നു. ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന ഒരു സംഭവം: കഅബ്ബ്നു മാലിക്കി ൻെറ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചു. മസ്ജിദുന്നബവിയിലെ സദസ്സ്. നബിയുമുണ്ടവിടെ. സ്വർഗ്ഗം കൊണ്ട് സുവാർത്തയറിയിക്കപ്പെട്ട പത്തി ലൊരാളായ ത്വൽഹതുബ്നു ഉബൈദില്ല(റ) എഴുന്നേറ്റ് കഅ്ബിനു കൈ കൊടുത്തു തൗബ സ്വീകരിച്ചതിൽ ആശംസകളർപ്പിച്ചു. ഇത് നബി(സ)യു ടെ കാലത്ത് മുസ്ലിംകൾക്കിടയിൽ വളരെ പ്രചാരം നേടിയിരുന്നു. ശേഷകാലത്തും അങ്ങനെതന്നെ. നബി (സ) പറഞ്ഞു.

**"രണ്ടു മുസ്ലിംകൾ കണ്ടുമുട്ടിയാൽ രണ്ടുപേരും കൈകൾ കൊ ടുത്താൽ മരത്തിൽ നിന്നും ഇല പൊഴിയും പോലെ അവരിൽ നിന്നു പാപങ്ങൾ പൊഴിഞ്ഞുപോവാതിരിക്കില്ല"**

പള്ളിയിലോ സ്വഫിലോ വച്ച് കാണുമ്പോൾ കൈകൊടുക്കുക നല്ലതാ ണ്. നമസ്കാരത്തിനു മുമ്പ് കൈ കൊടുത്തിട്ടില്ലെങ്കിൽ ശേഷം ആവാം. ഈ മഹത്തായ സുന്നത്ത് അംങ്ങനെ നടപ്പാക്കാം. സ്നേഹം ശക്തമാക്കാ നും വെറുപ്പകറ്റാനും നന്ന്.

ഫർള് നമസ്കാരത്തിനു മുമ്പ് കൈകൊടുത്തിട്ടില്ലെങ്കിൽ ശേഷം, നിശ്ചിത ദിക്റുകൾക്കും ശേഷം ചെയ്യുക നിയമാനുസൃതമാണ്. എന്നാ ലിന്ന് ചിലർ ചെയ്യുന്നപോലെ രണ്ടാമത്തെ സലാം വീട്ടിക്കഴിഞ്ഞലുടനെ കൈകൊടുക്കാനുള്ള ധൃതിക്ക് ഒരടിത്തറയും ഞാൻ കണ്ടിട്ടില്ല. മറിച്ച്, അങ്ങനെ ചെയ്യുന്നത് വെറുക്കപ്പെട്ടതാണ് എന്നാണ് മനസ്സിലാവുന്നത്. കാരണം, അതിനു തെളിവില്ല. നബി(സ) സലാം വീട്ടിക്കഴിഞ്ഞാൽ

ചെയ്യാറുള്ള പോലെ നിശ്ചയിക്കപ്പെട്ട ദിക്റുകൾ ചൊല്ലാൻ ശ്രദ്ധിക്കുകയാണ് നിയമാനുസൃതം.

എന്നാൽ സുന്നത്ത് നമസ്കാരങ്ങൾക്ക് ശേഷം ഷൈക്ക്ഹാൻഡ് ചെയ്യൽ നിയമാനുസൃതമാണ്. നമസ്കാരത്തിനു മുമ്പ് ചെയ്തിട്ടില്ലെങ്കിൽ. എന്നാൽ മുമ്പ് കൈകൊടുത്തിട്ടുണ്ടെങ്കിൽ അതു തന്നെമതിയാവും.

### ? 35. *ഫർളിന് ശേഷം സുന്നത്ത് നമസ്കാരത്തിന് സ്ഥലം മാറുന്നത് നല്ലതാണെന്നതിന് വല്ല തെളിവുമുണ്ടോ?*

= ഇല്ല. എന്റെ അറിവിൽ സ്വഹീഹായ ഒരു ഹദീസും വന്നിട്ടില്ല. എന്നാൽ ഇബ്നു ഉമർ(റ)വും ഒട്ടേറെ സലഫി പണ്ഡിതരും അങ്ങനെ ചെയ്തിരുന്നു. ഇക്കാര്യം വളരെ വിശാലതയുള്ളതാണ്. ആവാം എന്നർത്ഥം. അൽഹംദുലില്ലാഹ്. അബൂദാവൂദിൽ ഒരു ദുർബ്ബലമായ ഹദീസുണ്ട്. എന്നാലതിനെ ഇബ്നു ഉമറിന്റെയും മുൻകാലപണ്ഡിതരുടെയും ചെയ്തികൾ ബലപ്പെടുത്തുന്നു.

### ? 36. *മഗ്‌രിബിനും സുബ്ഹിക്കും നമസ്കാരശേഷം പത്തുപ്രാവശ്യം* لا اله الا الله وحده لا شريك له الملك وله الحمد وهو على كل شيء قدير *എന്നു ചൊല്ലാൻ പ്രേരിപ്പിക്കുന്ന ഹദീസ് പ്രബലമാണോ?*

= സ്വഹീഹായ പല ഹദീസുകളും വന്നിട്ടുണ്ട്. ഇത് നിയമാനുസൃതമാണെന്ന് അവ തെളിയിക്കുന്നു. لا اله الا الله وحده لاشريك له له الملك

وله الحمد يحيى ويميت وهو على كل شيء قدير.

എന്ന് പത്തു വട്ടം ചൊല്ലാനാണ് ഹദീസ്. മഗ്‌രിബിനും സുബ്ഹിക്കും സാധാരണ നമസ്കാരങ്ങൾ കഴിഞ്ഞാൽ ചൊല്ലേണ്ട ദിക്റുകൾക്ക് ശേഷം ഈ ദിക്റ് ചൊല്ലാൻ ഓരോ വിശ്വാസിയും വിശ്വാസിനിയും ശ്രദ്ധിക്കണം. സാധാരണ നമസ്കാരത്തിനു ശേഷം ചൊല്ലേണ്ട നിർണ്ണിത ദിക്റുകൾ ഇവയാണ്.

استغفر الله മൂന്ന് വട്ടം.

اللهم انت السلام ومنك السلام تباركت ياذا الجلال والإكرام

لا اله الا الله وحده لا شريك له له الملك وله الحمد وهو على كل شيء قدير. لا حول ولا قوة الا بالله. لا اله الا الله ولا نعبد الا اياه له النعمة وله الفضل وله الثناء الحسن. لا اله الا الله مخلصين له الدين ولو كره الكافرون اللهم لا مانع لما اعطيت ولا معطي لما منعت ولا ينفع ذا الجد منك الجد

ഇമാമാണെങ്കിൽ

استغفر الله മൂന്നു വട്ടവും

اللهم انت السلام എന്ന ദിക്റും ചൊല്ലിയശേഷം ജനങ്ങൾക്കു നേരെ മുഖം തിരിച്ചു പിരിയുകയാണ് വേണ്ടത്. അതാണു നബിചര്യ. വലതു ഭാഗത്തൂടെയോ ഇടതു ഭാഗത്തൂടെയോ തിരിയാം. രണ്ടും നബി ചെയ്തിട്ടുണ്ട്.

അഞ്ചു നമസ്കാരശേഷവും മേല്പറഞ്ഞ ദിക്റുകൾക്കുശേഷം ഇങ്ങനെ പറയുന്നത് സുന്നത്താണ്'

سبحان الله 33 الحمد لله 33 الله أكبر 33

അപ്പോൾ 99 ആയി. എന്നിട്ട് لا اله الا الله وحده لا شريك له له الملك وله الحمد وهو على كل شيء قدير

എന്ന് പറയുക. അപ്പോൾ 100 ആയി. ഇത് പ്രോത്സാഹിപ്പിക്കുന്ന ഹദീസുകളുണ്ട്. പാപമോചനത്തിനു കാരണമാവുമെന്ന് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെ അഞ്ചു നേരത്തെ നമസ്കാരശേഷവും ഈ ദിക്റുകൾ ചൊല്ലിയിട്ട് آية الكرسي യും.

قل اعوذ برب الناس قل اعوذ برب الفلق. قل هو الله احد.

ഉം ചൊല്ലുകയും സുന്നത്താണ്. മഗ്‌രിബിനും സുബ്ഹിക്കും ശേഷമാണെങ്കിൽ സൂറത്തുകൾ മൂന്നു വട്ടം ആവർത്തിക്കാനും സ്വഹീഹായ ഹദീസുകളിൽ നിർദ്ദേശമുണ്ട്.

# സംഘ നമസ്കാരം

*? 37.ഏറെപ്പേർ സംഘടിതമായി നമസ്കരിക്കുന്നതിൽ അശ്രദ്ധരാണ്. മത വിദ്യാർത്ഥികൾ വരെ അതു നിസ്സാരമായിക്കാണുന്നു. അതു നിർബന്ധമല്ലെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടെന്നാണ് അവർ പറയുന്ന ന്യായം. സംഘ നമസ്കാരത്തിൻെറ നിയമമെന്താണ്? ഇവരോടുപദേശിക്കാനുള്ളതെന്താണ്?*

ബാങ്കു കേൾക്കുന്ന ആരോഗ്യമുള്ള ഏതൊരു പുരുഷന്നും പള്ളിയിൽ വന്നു മുസ്ലിംകളുടെ കൂടെ സംഘമായി നമസ്കരിക്കുക നിർബന്ധമാണ്. സംശയമില്ല. ഇതാണു പണ്ഡിതാഭിപ്രായങ്ങളിൽ ഏറ്റവും ശരി.

"ബാങ്ക് കേട്ടിട്ടും വരാത്തവന് നമസ്കാരമേയില്ല- ഒഴിവു കഴിവുണ്ടെങ്കിലൊഴികെ" എന്നാണു നബി (സ) പറഞ്ഞത് (ഹാകിം, ഇബ്നു മാജ ദാറഖുത്നി, ഇബ്നു ഹിബ്ബാൻ) എന്താണ് ഒഴിവുകഴിവ്? ഇബ്നു അബ്ബാസിനോട് ആരോ ചോദിച്ചു അദ്ദേഹം പറഞ്ഞു: "യുദ്ധമോ രോഗമോ"

അബൂഹുറയ്റ(റ) നിവേദനം:- ഒരു അന്ധൻ റസൂലിൻെറയടുക്കൽ വന്നു പറഞ്ഞു: റസൂലേ എന്നെ പള്ളിയിലേക്ക് വഴികാട്ടാനാളില്ല. എനിക്കു വീട്ടിൽ വച്ച് നമസ്കരിക്കാൻ ഇളവുണ്ടോ?

നമസ്കാരത്തിൻെറ ബാങ്ക് കേൾക്കുന്നുണ്ടോ ?

'അതെ'

'എങ്കിൽ ഉത്തരമേകണം.' (മുസ്ലിം)

'നമസ്കാരത്തിന് കല്പിക്കുക, അങ്ങനെ ഇഖാമത് കൊടുക്കുക, ഒരാളോട് ഇമാമത് നില്ക്കാൻ പറയുക. ജനങ്ങളെല്ലാം നമസ്കരിക്കുക, ഞാൻ കുറച്ചാളുകളെ വിറകുകെട്ടുകളുമായി കൊണ്ടു ചെന്നു, നമസ്കരിക്കാൻ വരാത്തവരുടെ വീടുകൾ കത്തിച്ചുകളയുക. ഇങ്ങനെ വരെ ഞാൻ ആലോചിച്ചുപോയി." എന്നു റസൂൽ(സ) അരുളുന്നു.(ബുഖാരി,മുസ്ലിം)

ഇതും ഇത് പോലുള്ളവയും ഒന്നു തെളിയിക്കുന്നു. പള്ളികളിൽ സംഘമായി നമസ്കരിക്കുക പുരുഷന്മാർക്ക് നിർബന്ധം. പിന്തിനില്ക്കുന്നവൻ കഠിന ശിക്ഷക്കർഹനാവും. സംഘ നമസ്കാരം നിർബന്ധമ

ല്ലെങ്കിൽ അതൊഴിവാക്കുന്നവൻ ശിക്ഷക്കർഹനാവില്ലല്ലോ. പോരാ, പള്ളികളിൽ വെച്ചുള്ള സംഘടിത നമസ്കാരം ഇസ്ലാമിൻെറ ഏറ്റവും മഹനീയവും പ്രകടവുമായ ചിഹ്നമാണ്. മുസ്ലിംകൾ തമ്മിൽ പരിചയം പുതുക്കാനും ഇതു മാർഗമാണ്. ഇഷ്ടവും സ്നേഹവും നേടാം. നമസ്കാരത്തിൽ പങ്കെടുക്കാതിരിക്കുമ്പോൾ കപടവിശ്വാസികളെപ്പോലെയാവുകയാണവർ. അതുകൊണ്ട് ഇക്കാര്യത്തിൽ ജാഗ്രത നിർബന്ധമാണ്. മറിച്ചൊന്നും മനസ്സിലാക്കാൻ വകുപ്പില്ല. മതനിയമങ്ങൾക്കു വിരുദ്ധമായി ഏതഭിപ്രായവും വെടിയുക നിർബന്ധമാണല്ലോ. അതിനെ അവലംബിക്കാനേ പാടില്ല.

**"നിങ്ങൾ ഏതിലെങ്കിലും അഭിപ്രായവ്യത്യാസത്തിലായാൽ, അതിനെ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക- നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശസിക്കുന്നെങ്കിൽ അതാണു നല്ലത്. അതാണ് ഏററവും നല്ല വ്യാഖ്യാനവും"(നിസാഉ:59)**

فان تنازعتم فی شيء فردوه الى الله والرسول ان كنتم تؤمنون بالله واليوم الآخر ذلك خير واحسن تأويلا

**"അതിൽ വല്ലകാര്യത്തിലും നിങ്ങൾ അഭിപ്രായ വ്യത്യാസത്തിലായാൽ അതിൻെറ വിധി അല്ലാഹുവിലേക്കാണ്".**

وما اختلفتم فيه من شيء فحكمه الى الله (ശൂറാ: 10)

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുകയാണ്. സംഘനമസ്കാരത്തിന് ഞങ്ങളിൽ മുനാഫിഖോ രോഗിയോ അല്ലാതെ വരാതിരിക്കുന്നത് ഞാൻ കണ്ടിട്ടേയില്ല. ചിലർ രണ്ടാളുകൾക്കിടയിൽ തൂങ്ങി നടന്ന് അണിയിൽ നില്ക്കുന്നരംഗംവരെയുണ്ടായിട്ടുണ്ട്.

സ്വഹാബിമാർ നമസ്കാരത്തിനു കാണിച്ചശ്രദ്ധയും ജാഗ്രതയും ഇവ വേണ്ടുവോളം തെളിയിക്കുന്നു. രണ്ടാളുടെ തോളിൽ കൈകളിട്ട് വേച്ചു വേച്ചു പള്ളിയിൽ വന്നുവെന്നു പറഞ്ഞാൽ....!

***? 38. മഅ്മൂം ഫാതിഹ ഓതുന്നതിൽ പണ്ഡിതാഭിപ്രായങ്ങൾ വ്യത്യസ്ഥമാണല്ലോ. ശരിയേതാണ്? ഫാതിഹ അവന് നിർബന്ധമാണോ? മഅ്മൂമിന് ഫാതിഹ ഓതിത്തീരാൻ മാത്രം ഇമാം മിണ്ടാതിരിക്കുന്നില്ലെങ്കിൽ എങ്ങനെ മഅ്മൂം ഫാതിഹ ഓതും? ഇനി, മഅ്മൂമിന് ഫാതിഹ ഓതിത്തീരാൻ വേണ്ടി ഇമാം ഫാതിഹ ഓതിയിട്ട് മിണ്ടാതിരിക്കുക നിർബന്ധമാണോ?***

= പതുക്കെയോ ഉറക്കെയോ ആവട്ടെ, ഏതു നമസ്കാരത്തിലും മഅ്മൂം ഫാതിഹ ഓതുക നിർബന്ധമാണെന്നതാണു ശരി. "ഫാതിഹ ഓതാത്തവന് നമസ്കാരമേയില്ല" (ബുഖാരി, മുസ്ലിം) എന്നാണ് റസൂലിൻെറ ഖണ്ഡിതമായ വചനം.

" നിങ്ങാം ഇമാമിന് പിന്നിൽ ഓതുകയാണോ? അരുത്, ഫാതിഹ ഒഴികെ. കാരണം ഫാതിഹ ഓതാത്തവന് നമസ്കാരമേയില്ല" (അഹ്മദ്)

ഇമാമിൻെറ മൗനസമയങ്ങളിൽ മഅ്മൂം ഓതുകതന്നെയാണ് വേണ്ടത്. ഇനി, ഇമാം ഓതാത്ത സന്ദർഭം കിട്ടുന്നില്ലെങ്കിലും മഅ്മൂം ഫാതിഹ ഓതണം. ഇമാം ഓതുകയാണെങ്കിലും. ശേഷം ഇമാം ഓതുമ്പോാം മഅ്മൂം ശ്രദ്ധിക്കണം. മഅ്മൂം ശ്രദ്ധിക്കണമെന്ന പൊതുനിയമത്തിൽ നിന്ന് ഈ രംഗം ഒഴിവാണ്. എന്നാൽ മറവിയോ അറിവില്ലായ്മയോ ഫാതിഹ നിർബന്ധമല്ലെന്ന വിശ്വാസമോ മൂലം മഅ്മൂം ഫാതിഹ ഓതാതിരുന്നാൽ കുറ്റമില്ല. ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായത്തിൽ അപ്പോാം അവന് ഇമാമിൻെറ ഫാതിഹ മതി.

മഅ്മൂം വരുമ്പോാം ഇമാം റുകൂഇലാണെങ്കിൽ റുകൂഇൽ പ്രവേശിക്കാം. റക്അത് കിട്ടും. ഫാതിഹ ഓതാൻ സമയം കിട്ടാത്തതുകൊണ്ട് ഓതേണ്ടതില്ല"[1]

അബൂബക്ക്റ സഖ്ഫി(റ) പള്ളിയിൽ വന്നു. നബി റുകൂഇലാണ്. സ്വഫിലെത്തും മുമ്പ് അയാാം റുകൂഅ് ചെയ്തു. പിന്നെയാണ് സ്വഫിലേക്ക് ചെന്നത്. സലാം വീട്ടിയശേഷം നബിയിതറിഞ്ഞു. "അല്ലാഹു താങ്കാംക്കു താല്പര്യം വർദ്ധിപ്പിക്കട്ടെ. ഇനിയിതാവർത്തിക്കരുത്."

زادك الله حرصا ولا تعد (ബുഖാരി) എന്നാൽ ആറക്അത് ഖളാഉ വീട്ടാൻ അവിടുന്ന് കല്പിച്ചില്ല. ولا تعد എന്നതുകൊണ്ടുദ്ദേശിക്കുന്നതിതാണ്:

സ്വഫിലെത്തുന്നതിനു മുമ്പ് റുകൂഇൽ പ്രവേശിക്കാൻ പാടില്ല. ആ റക്അത് നഷ്ടപ്പെടുമെന്ന് കണ്ടാലും. സ്വഫിലെത്തുന്നതുവരെ ക്ഷമിക്കുക.

നിങ്ങാം നമസ്കാരത്തിനു വരുമ്പോാം നടക്കുക. നിങ്ങാം അടക്കം പാലിക്കുക നിർബന്ധം. കിട്ടിയത് നമസ്കരിക്കുക, നഷ്ടപ്പെട്ടത് പൂർത്തിയാക്കുക (ബുഖാരി, മുസ്ലിം)

എന്നാൽ 'ഇമാമുണ്ടെങ്കിൽ അയാളുടെ പാരായണം മഅ്മൂമിന് പാരായണമാണ്' എന്ന ഹദീസ് ദുർബലമാണ്. പണ്ഡിതന്മാരുടെ വീക്ഷണത്തിലതു തെളിവിനു പറ്റില്ല. ഇനി, സ്വഹീഹാണെങ്കിൽ തന്നെ, ഫാതിഹ

(1) റുകൂഇൽ തുടർന്നാൽ റക്അത്ത് കിട്ടും എന്നതിൽ ചില പണ്ഡിതന്മാർക്ക് എതിരഭിപ്രായമുണ്ട്-വിവ:

അതിൽ പെടില്ലെന്നുവെക്കലാണ് ഹദീസുകൾ തമ്മിൽ യോജിക്കുവാനുള്ള വഴി.

എന്നാൽ ഇമാം ഫാതിഹക്കു ശേഷം ലേശം നേരം മിണ്ടാതിരിക്കുക എന്നത് എൻെറ അറിവിൽ ഒരു സ്ഥിരപ്പെട്ട ഹദീസിലുമില്ല. പക്ഷെ, കാര്യം വിശാലമാണ്, ഇൻശാ അല്ലാഹ്. അങ്ങനെ ചെയ്താലും ഇല്ലെങ്കിലും കുഴപ്പമില്ല. കാരണം നബിയിൽ നിന്നീ വിഷയത്തിൽ ഒന്നും വന്നിട്ടില്ല. നബിയിൽ നിന്ന് സ്ഥിരപ്പെട്ടത് രണ്ട് സമയത്തെ മൗനം മാത്രം. ഒന്നു, തക്ബീറതുൽ ഇഹ്റാമിനു ശേഷം. ആ സന്ദർഭത്തിൽ പ്രാരംഭപ്രാർത്ഥന ചൊല്ലണം. രണ്ട്, സൂറത് ഓതിയ ശേഷം, റുകൂഇനു മുമ്പ്. സൂറത്തും തക്ബീറും തമ്മിൽ വേർതിരിക്കാൻ.

***? 39. <u>ഉള്ളിയും</u> <u>വെള്ളുള്ളിയും</u> കർറാസും(ദുർഗന്ധമുള്ള ഒരു പച്ചക്കറി) തിന്നവൻ പള്ളിയിൽ വരുന്നത് നിരോധിക്കുന്ന സ്വഹീഹായ ഹദീസുകളുണ്ടല്ലോ. പുകവലിപോലെ ദുർഗന്ധമുള്ള മറ്റുള്ളവയ്ക്കും ഈ നിരോധം ബാധകമാണോ? ഇതിനർത്ഥം, ഇവ കഴിച്ചവനു സംഘനമസ്കാരത്തിൽ പങ്കെടുക്കാതിരിക്കാൻ ഇളവുണ്ട്, അവനു കുറ്റമില്ല എന്നാണോ?***

= റസൂൽ (സ) അരുളി. 'വെള്ളുള്ളിയോ ഉള്ളിയോ തിന്നവൻ പള്ളിയോടടുക്കരുത്. അവൻ വീട്ടിൽ വച്ച് നമസ്കരിച്ചോട്ടെ'.

'മനുഷ്യർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് മലക്കുകൾക്കും പ്രയാസമുണ്ടാക്കും.' എന്നാൽ വെറുക്കപ്പെട്ട ഗന്ധമുള്ള എല്ലാററിനും വിധി ഉള്ളിയുടേത് തന്നെ. പുകവലിയും അടുത്തിരിക്കുന്നവനെ ബുദ്ധിമുട്ടിക്കുന്ന കക്ഷത്തിലെ ദുർഗന്ധവും ഉദാഹരണം. ഇവർ സംഘനമസ്കാരത്തിൽ പങ്കെടുക്കുന്നത് വെറുക്കപ്പെട്ടതാണ്. ദുർഗന്ധം മാറാൻ വല്ലതും ചെയ്യുന്നതു വരെ ഇവരെ തടയണം.

അല്ലാഹു നിർബന്ധമാക്കിയ സംഘനമസ്കാരം നിർവ്വഹിക്കാൻ അവൻ കഴിയുന്ന മാർഗ്ഗം കണ്ടെത്തണം. അതും നിർബന്ധമാണ്.

പുകവലി നിരുപാധികം ഹറാമാണ്. അതൊഴിവാക്കുക ഏതു സമയത്തും നിർബന്ധമാണ്. മതപരവും ശാരീരികവും സാമ്പത്തികവുമായി ധാരാളം ദോഷങ്ങളുണ്ട് പുകവലിയിൽ. അല്ലാഹു മുസ്‌ലിംകളുടെ സ്ഥിതി നന്നാക്കട്ടെ. നല്ല കാര്യങ്ങൾക്ക് അവൻ തൗഫീഖ് ചെയ്യട്ടെ.

***?40. സ്വഫ് തുടങ്ങേണ്ടത് ഇമാമിൻെറ പിന്നിൽ നിന്നോ വലത്തു നിന്നോ? ഇന്നു അധികം ഇമാമുകളും ചെയ്യുന്നപോലെ സ്വഫ് തുല്യ മാക്കുക' എന്നു പറയുന്ന നിലക്കു വലത്തും ഇടത്തും തുല്യമാക്ക ണോ?***

= സ്വഫ് നടുവിൽ നിന്നാണ് തുടങ്ങേണ്ടത്. ഇമാമിൻെറ തൊട്ടടുത്ത് നിന്നു വലതുഭാഗമാണ് ഇടതുഭാഗത്തേക്കാൾ ശ്രേഷ്ഠം. ഒന്നാം സ്വഫ് പൂർത്തിയാക്കിയിട്ട് മാത്രമേ രണ്ടാമത്തേതു തുടങ്ങാവൂ. വലതുഭാഗത്ത് കൂടുതലാളുണ്ടാവുന്നതിന് വിരോധമില്ല. തുല്യമാക്കേണ്ട ആവശ്യമില്ല. മാത്രമല്ല, അതിനുള്ളകല്പന സുന്നത്തിനു വിരുദ്ധവുമാണ്. സ്വഫ് ഓരോന്നും പൂർത്തിയായിട്ടേ അടുത്ത സ്വഫ് തുടങ്ങാവൂ എന്നു മാത്രം. അതിന് പ്രത്യേകം നബിയുടെ കല്പനയുണ്ട്.

***?41. സുന്നത്ത് നമസ്കരിക്കുന്നവൻെറ പിന്നിൽ ഫർള് നമസ്കരി ക്കുന്നവന് തുടരാമോ?***

= തുടരാം. കുഴപ്പമില്ല. യുദ്ധവേളയിലെ ചില നമസ്കാരങ്ങളിൽ നബി (സ) ഒരു സംഘം ആളുകളോടൊപ്പം രണ്ടു റക്അത്ത് നമസ്കരിച്ചു. എന്നിട്ട് സലാംവീട്ടി. എന്നിട്ട് രണ്ടാം സംഘത്തോടൊപ്പം രണ്ട് റക്അത്ത് നമസ്കരി ച്ച് സലാം വീട്ടി. ഒന്നാമത്തേത് അദ്ദേഹത്തിൻെറ നിർബന്ധനമസ്കാരവും രണ്ടാമത്തേത് സുന്നത്തുമായി. പിന്നിൽ നമസ്കരിക്കുന്ന രണ്ടു സംഘത്തി ൻെറതും ഫർളു തന്നെ.

മുആദ്(റ) നബിയുടെ കൂടെ ഇശാഅ് നമസ്കരിച്ചു. എന്നിട്ട് സ്വന്തം ഗ്രാമത്തിൽ ചെന്ന് അതേ നമസ്കാരത്തിന് ഇമാമായി നിന്നു. രണ്ടാമത്തേ ത് സുന്നത്തായി. അവർക്ക് ഫർളും. ഇത് ബുഖാരിയും മുസ്ലിമും നിവേദനം ചെയ്യുന്നു.

അതുപോലെ, റമളാനിൽ പള്ളിയിൽ തറാവീഹ് നടക്കുമ്പോൾ, ഇശാ നമസ്കരിക്കാത്ത ഒരാൾ വരുന്നു. അപ്പോൾ അവരോടൊപ്പം ഇശാ നമ സ്കരിക്കാം. സംഘനമസ്കാരത്തിൻെറ ഗുണം കിട്ടാൻ. ഇമാം സലാം വീട്ടി യാൽ അയാൾ എഴുന്നേറ്റ് പൂർത്തിയാക്കണം.

***?42. സ്വഫിന് പിന്നിൽ, വരിയിൽ ഒറ്റയാളായി നമസ്കരിക്കുന്നതി***

***ൻെറ വിധിയെന്ത്? അയാൾ വരുമ്പോൾ സ്വഫിൽ ഇടമില്ലെങ്കിൽ എന്തുചെയ്യണം? പ്രായപൂർത്തിയാകാത്ത ഒരു കുട്ടി വന്നാൽ അവനെയും കൂട്ടി ഒരു സ്വഫ് തുടങ്ങാമോ?***

സ്വഫിന് പിന്നിൽ ഒറ്റക്കു നമസ്കരിച്ചാൽ അസാധുവാകും. സ്വഫിന് പിന്നിൽ ഒറ്റയ്ക്ക് നമസ്കാരമേയില്ല എന്ന് തിരുനബിയരുളി. സ്വഫിന് പിന്നിൽ ഒറ്റക്ക് നമസ്കരിച്ചവനോട് വീണ്ടും നമസ്കരിക്കാൻ കല്പിക്കുകയാണ് അവിടുന്ന് ചെയ്തത്. സ്വഫിൽ വല്ല വിടവും ഉണ്ടായിരുന്നോ എന്നുപോലും ചോദിച്ചില്ല. ഇക്കാര്യത്തിൽ സ്വഫിൽ വല്ല ഒഴിവുമുണ്ടോ ഇല്ലേ എന്നതല്ല പ്രശ്നം. സ്വഫിന് പിന്നിൽ ഒറ്റക്കു നമസ്കരിക്കുമ്പോൾ വരുന്ന അശ്രദ്ധ തടയാനാണിത്.

എന്നാൽ ഒരാൾ വൈകിവന്നു. ഇമാം റുകൂഇലാണ്. അയാൾ സ്വഫിലെത്തും മുമ്പെതന്നെ റുകൂഅ് ചെയ്തു. സുജൂദിലെത്തും മുമ്പെതന്നെ സ്വഫിലെത്തി എങ്കിൽ അങ്ങനെ മതി. അബൂബക്ക്റ സഖഫി(റ) ഇങ്ങനെ ചെയ്തു. റസൂൽ പറഞ്ഞത്: "അല്ലാഹു താങ്കളുടെ ഈ താല്പര്യം വർദ്ധിപ്പിക്കട്ടെ. പക്ഷെ, ഇനിയിതാവർത്തിക്കരുത്." എന്നാണല്ലോ. (ബുഖാരി) ആ റക്അത്ത് ഖളാഅ് വീട്ടാൻ അവിടുന്നു കല്പിച്ചില്ല.

ഇനി ഇമാം നമസ്കാരത്തിലായിരിക്കെ ഒരാൾ വന്നാൽ, സ്വഫിൽ വിടവൊന്നുമില്ലെങ്കിൽ ഒരാൾ വരുന്നതുവരെ കാത്തിരിക്കണം. ഏഴോ അധികമോ വയസ്സായ കുട്ടിയായിരുന്നാലും മതി. അല്ലെങ്കിൽ അയാൾ ഇമാമിൻെറ വലതുവശത്ത് സ്വഫ് തുടങ്ങണം. എല്ലാ ഹദീസുകളുടേയും ആശയത്തിനനുസരിച്ച് പ്രവർത്തിക്കാൻ അതാണ് വേണ്ടത്. അല്ലാഹു ദീൻ മനസ്സിലാക്കാൻ എല്ലാവർക്കും തൗഫീഖ് നല്കട്ടെ.

***? 43. ഇമാമത്തിൻെറ നിബന്ധനയിൽ ഇമാമിൻെറ നിയ്യത്ത് പെടുമോ? ഒരാൾ വരുമ്പോൾ മറ്റൊരാൾ നമസ്കരിക്കുന്നത് കണ്ടാൽ തുടരാൻ പറ്റുമോ? ജമാഅത്തിനോടൊപ്പം വൈകി തുടർന്ന ഒരാളെ മറ്റൊരാൾക്കു വന്നു തുടരാമോ?***

ഇമാമത്തിലും നിയ്യത്ത് നിബന്ധനയാണ്. കർമങ്ങൾ തീർച്ചയായും നിയ്യത്തനുസരിച്ചാണ്. "ഓരോ മനുഷ്യന്നും അവൻ ഉദ്ദേശിച്ചത് മാത്രമേയുള്ളൂ" എന്ന് നബി പറഞ്ഞു.

എന്നാൽ ജമാഅത്ത് കഴിഞ്ഞ ശേഷം ഒരാാ പള്ളിയിൽ വരുന്നു. ഒരാാ അവിടെ നമസ്കരിക്കുന്നത് കാണുന്നു. എങ്കിലയാളെ തുടരാം. അല്ല, തുടരുന്നതാണ് ശ്രേഷ്ഠം. ജനങ്ങാ നമസ്കരിച്ചശേഷം പള്ളിയിൽ ഒരാാ വന്നപ്പോാ റസൂൽ(സ) ചോദിച്ചു: ഇയാളുടെ കൂടെ നമസ്കരിക്കുക വഴി ധർമം ചെയ്യാൻ ആരെങ്കിലും തയ്യാറുണ്ടോ?" അന്നിലക്ക് രണ്ടു പേർക്കും സംഘനമസ്കാരത്തിൻെറ കൂലി കിട്ടും. മുമ്പ് നമസ്കരിച്ചവന് രണ്ടാമത്തേതു സുന്നത്തായിരിക്കും.

മുആദ്(റ) നബിയുടെ കൂടെ ഇശാഅ് നമസ്കരിച്ചിട്ട് സ്വന്തം ഗ്രാമത്തിൽ ച്ചെന്ന് അതേ ഇശാഉ നമസ്കരിക്കുമായിരുന്നു. അവർക്കു ഫർളും, മുആദിനു സുന്നത്തും. റസൂൽ(സ) അതംഗീകരിക്കുകയും ചെയ്തിരുന്നു.

സംഘനമസ്കാരത്തിൽ വൈകിവന്നവനെ-മസ്ബൂഖിനെ-തുടരുന്ന കാര്യം. അതിൽ കുഴപ്പമില്ല. സംഘനമസ്കാരത്തിൻെറ ശ്രേഷ്ഠത കിട്ടാനാണല്ലോ.

ആ ഇമാം സലാം വീട്ടിയാൽ പിന്നിലുള്ളവൻേറത് പൂർത്തിയായിട്ടില്ലെങ്കിൽ എഴുന്നേറ്റ് പൂർത്തിയാക്കണം. ഈ നിയമം അഞ്ചുനേരത്തെ സംഘനമസ്കാരത്തിനും ബാധകമാണ്. അബൂദർറ്(റ) ചില നേതാക്കാ നമസ്കാരം വൈകിക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോാ റസൂൽ (സ) അരുളി.

"നമസ്കാരം സമയത്ത് നിർവഹിക്കുക. അവർ പിന്നീട് വന്നാൽ അവരോടൊപ്പം വീണ്ടും നമസ്കരിക്കുക. അത് നിനക്കു സുന്നത്തായിരിക്കും. ഞാൻ നമസ്കരിച്ചുകഴിഞ്ഞു-ഇനി നമസ്കരിക്കില്ല എന്നു നീ പറയരുത്".

***? 44. വൈകിവന്ന് ഇമാമിനോടൊപ്പം കൂടിയവനു കിട്ടിയ റക്അത്തുകാ പരിഗണിക്കേണ്ടത് ആദ്യത്തേതായിട്ടോ അതോ അവസാനത്തേതായിട്ടോ? 4 റക്അത്തുകളുള്ള നമസ്കാരത്തിൽ ഇമാമോടൊപ്പം അവസാനത്തെ രണ്ട് റക്അത്തു കിട്ടിയാൽ ബാക്കി രണ്ട് റക്അത്തിൽ അയാാ സൂറത്ത് ഓതണോ?***

ഇമാമിനോടൊപ്പം കിട്ടിയത് ആദ്യത്തേതാണ്. പ്രിന്നീട് വീട്ടുന്നത് അവസാനത്തേതും. നബി(സ)പറഞ്ഞു: "നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ നിങ്ങാ നടന്നു ചെല്ലുക." അടക്കം നിർബന്ധം. കിട്ടിയത് നമസ്കരിക്കുക. നഷ്ടപ്പെട്ടത് പൂർത്തിയാക്കുക.

നാലു റക്അത്തുള്ളവയിൽ മൂന്നും നാലും, മഗ്‌രിബിൽ മൂന്നും റക്അത്തുകളിൽ ഫാതിഹമാത്രം ഓതി മതിയാക്കുകയാണ് മെച്ചം. അബൂഖതാദയുടെ ഹദീസ്:

**ളുഹ്റിലും അസ്വ്റിലും ആദ്യരണ്ടുറക്അത്തുകളിലും നബി(സ) ഫാത്വിഹയും സൂറത്തും ഓതിയിരുന്നു. ഒന്നാമത്തേതിൽ ദീർഘമാക്കുകയും രണ്ടാമത്തേതിൽ ചുരുക്കുകയും. ബാക്കി രണ്ടു റക്അത്തുകളിൽ ഫാതിഹാ മാത്രവും. (ബുഖാരി,മുസ്‌ലിം.)**

എന്നാൽ ഇടക്ക് മൂന്നും നാലും റക്അത്തുകളിലും സൂറകൾ ഓതിയാൽ നല്ലതുതന്നെ. അബൂസഈദ്(റ)നിവേദനം ചെയ്യുന്ന ഹദീസ്: ളുഹ്റിൻെറ രണ്ട് റക്അത്തുകളിൽ അവിടുന്ന് സൂറ:സജദയുടെയത്രയും ബാക്കി രണ്ടുറക്അത്തുകളിൽ പകുതിയുടെയത്രയും അസ്വ്റിൻെറ ആദ്യ റക്അത്തുകളിൽ ളുഹ്റിൻെറ ആദ്യരണ്ടുറക്അത്തുകളിൽ ഓതുന്നതിൻെറ പകുതിയും രണ്ടാമത്തെ റക്അത്തുകളിൽ അതിൻെറയും പകുതിയും അവിടുന്ന് ഓതിയിരുന്നു. (മുസ്‌ലിം) ഇതിൽ, ചില സന്ദർഭങ്ങളിൽ ളുഹ്റിൻെറ മൂന്നും നാലും റക്അത്തുകളിൽ അവിടുന്ന് സൂറ:ഓതിയിരുന്നതായി സൂചനയുണ്ട്. രണ്ടു ഹദീസുകളും അങ്ങനെ യോജിപ്പിക്കാം.

***? 45. തിരക്കുകാരണം ജുമുഅ ദിവസം പള്ളിയിൽ നിറഞ്ഞു കവിഞ്ഞ് ജനം റോഡുകളിലും വഴികളിലും മഅ്മൂമുകളായി നമസ്കരിക്കുന്നു. എന്താണഭിപ്രായം? വഴി നമസ്കരിക്കുന്നവർക്കും പള്ളിക്കുമിടയിലാവുന്നതും അല്ലാത്തതും തമ്മിൽ വിധിയിൽ വ്യത്യാസമുണ്ടോ?***

= സ്വഫുകൾ തമ്മിൽ ചേർന്നതെങ്കിൽ കുഴപ്പമില്ല. നമസ്കരിക്കുന്നവർ പള്ളിക്കു പുറത്താണ്, മുന്നിലുള്ള സ്വഫുകൾ അവർക്കുകാണാം, അല്ലെങ്കിൽ തക്ബീർ കേൾക്കും-എങ്കിലും കുഴപ്പമില്ല. ഇരുകൂട്ടർക്കുമിടയിൽ ഒരു വഴിയുണ്ടായാലും ശരി. സംഘനമസ്കാരത്തിൽ പങ്കെടുക്കുക നിർബന്ധമാണെന്നതും മുന്നിലുള്ളവരെ കാണാനോ തക്ബീർ കേൾക്കാനോ സാധിക്കുമെന്നതും ഇതിന് കാരണമാണ്. പക്ഷെ, ഇമാമിൻെറ മുന്നിൽ നമസ്കരിക്കാനാർക്കും പാടില്ല. കാരണം അത് മഅ്മൂമിൻെറ സ്ഥാനമല്ല.

***? 46. ഇമാം റുകൂഇലായിരിക്കെ ഒരാൾ വൈകി വന്നു. എന്തു***

***ചെയ്യണം? ആ റക്അത്ത് കിട്ടാൻ ഇമാം റുകൂഇൽ നിന്നുയരുംമുമ്പെ سبحان ربي العظيم എന്ന റുകൂഇലെ ദിക്റ് ചൊല്ലണോ?***

= റുകൂഇലായിരിക്കെ മഅ്മൂം ചേർന്നാൽ ആ റക്അത്ത് കിട്ടി. ഇമാം റുകൂഇൽനിന്നുയരുന്നതിനുമുമ്പ് തസ്ബീഹ് ചൊല്ലാൻ കഴിഞ്ഞില്ലെങ്കിലും ശരി. 'റുകൂഉ് കിട്ടിയാൽ നമസ്കാരം കിട്ടി.' എന്ന ഹദീസിൻെറ പൊതു താൽപര്യമതാണ്. (മുസ്ലിം)

റുകൂഉ് കിട്ടിയാൽ റക്അത്ത് കിട്ടി എന്ന് പലവട്ടം ഉദ്ധരിച്ച, സ്വഫിലെത്തുംമുമ്പ് റുകൂഇൽ ചേർന്ന അബൂബക്റ സഖ്ഫിയുടെ, ഹദീസ് (ബുഖാരി) തെളിയിക്കുന്നു. ആ റക്അത്ത് ഖളാവീട്ടാൻ കല്പിച്ചില്ല. സ്വഫിലെത്തും മുമ്പെ റുകൂഇൽ പ്രവേശിക്കുന്നതിനെയാണ് തടഞ്ഞത്. അതിനാൽ ധൃതി പിടിച്ച് സ്വഫിലെത്തുംമുമ്പ് റുകൂഇൽ ചേരാൻ പാടില്ല.

***? 47. ചില ഇമാമുമാർ, പള്ളിയിൽ വന്നവർക്ക് റക്അത്ത്കിട്ടാൻ അല്പം കാത്തു നിൽക്കുന്നു. ചിലരങ്ങനെ ശരിയല്ലെന്ന് പറയുന്നു. എന്താണ് ശരി?***

= പള്ളിയിൽ വന്നവർ സ്വഫിലെത്താൻ അല്പം കാത്തിരിക്കുക ശരിയാണ്. നബി(സ) അങ്ങനെ ചെയ്തിട്ടുണ്ട്.

***? 48. രണ്ടോ അതിലധികമോ കുട്ടികളെ പിന്നിൽ നിർത്തി ഒരാൾ ഇമാമായി നമസ്കരിക്കുമ്പോൾ അവരെ പിന്നിലാണോ വലത്താണോ നിർത്തേണ്ടത് ? കുട്ടിക്ക് പ്രായപൂർത്തി നിബന്ധനയുണ്ടോ?***

= പ്രായപൂർത്തിയായവരെപ്പോലെ കുട്ടികളെയും പിന്നിൽ തന്നെയാണ് നിർത്തേണ്ടത്. ഏഴോ അധികമോ വയസ്സുണ്ടെങ്കിൽ. ഒരു കുട്ടിയും ഒരു പ്രായപൂർത്തിയായവനുമാണെങ്കിലും അങ്ങനെതന്നെ. നബി(സ) അനസിൻെറ ഉമ്മയെ സന്ദർശിച്ചവേളയിൽ നമസ്കരിക്കുമ്പോൾ അനസും ഒരു യതീംകുട്ടിയും ഉണ്ടായിരുന്നു. പിന്നിലാണവരെ നിർത്തിയത്. അൻസാരികളിൽപെട്ട ജാബിർ, ജബ്ബാർ എന്നീ കുട്ടികൾ തന്നോടൊപ്പം നമസ്കരിച്ചപ്പോഴും പിന്നിലാണ് നിർത്തിയത്.

എന്നാൽ ഒരാളേയുള്ളുവെങ്കിൽ പ്രായപൂർത്തിയെത്തിയവനായാലും കുട്ടിയായാലും പിന്നിലല്ല, വലതുവശത്താണ് നില്ക്കേണ്ടത്. കാരണം, ഇബ്നുഅബ്ബാസ്(റ) രാത്രി നമസ്കാരത്തിൽ ഇടതുവശത്തുനിന്നപ്പോൾ റസൂൽ(സ) പിടിച്ച് വലത്തോട്ടാക്കി. ചില സുന്നത്ത് നമസ്കാരങ്ങളിൽ അനസ്(റ) നമസ്കരിക്കാൻ നിന്നപ്പോൾ റസൂൽ(സ) വലത്തോട്ടാക്കി. ഒന്നോ അധികമോ പെണ്ണാണ് മഅ്മൂമെങ്കിൽ പിന്നിലാണ് നില്കേണ്ടത്. ഇമാമിൻെറ കൂടെയോ പുരുഷന്മാരുടെ കൂടെയോ സ്ത്രീ നില്കരുത്. അനസിൻെറയും അനാഥയുടെയും കൂടെ അനസിൻെറ ഉമ്മയായ ഉമ്മു സുലൈം ഉണ്ടായിരുന്നു. അവരെ അവിടുന്ന് പിന്നിലാണ് നിർത്തിയത്.

***? 49. സാധാരണ ജമാഅത്ത് നമസ്കാരം കഴിഞ്ഞാൽ അതേ പള്ളിയിൽ മറ്റൊരു സംഘനമസ്കാരം പറ്റില്ലെന്ന് ചിലർ. അതിന് വല്ല അടിത്തറയുമുണ്ടോ? ഏതാണ് ശരി?***

= അതു ശരിയല്ല. പരിശുദ്ധ ശരീഅത്തിൽ അതിനൊരടിസ്ഥാനവുമില്ല. ഹദീസിനെതിരുമാണത്. **"ഒറ്റക്കുള്ള നമസ്കാരത്തേക്കാൾ 27 ഇരട്ടി പുണ്യമുണ്ട് സംഘനമസ്കാരത്തിന്."** ഒറ്റക്കുള്ള നമസ്കാരത്തേക്കാൾ പരിശുദ്ധമാണ് മറ്റൊരുവനോടൊപ്പമുള്ള നമസ്കാരം. ജമാഅത്ത് നമസ്കാരം കഴിഞ്ഞശേഷം വന്ന ഒരാളെ കണ്ടപ്പോൾ, നമസ്കരിച്ചുകഴിഞ്ഞവരോടാണ് റസൂൽ(സ) ചോദിച്ചത് "ഇയാളുടെ കൂടെ നമസ്കരിച്ച് ധർമം നേടാനാരുണ്ട്?" എന്ന്. പക്ഷെ, സംഘനമസ്കാരത്തിൽ നിന്ന് പിന്തിനില്കാൻ പാടില്ല. ബാങ്കുകേൾക്കുമ്പോൾ വേഗം ചെല്ലുക നിർബന്ധമാണ്.

***?50. നമസ്കാരത്തിനിടയിൽ ഇമാമിൻെറ വുളു മുറിഞ്ഞാലെന്തു ചെയ്യും? നമസ്കാരം പൂർത്തിയാക്കാൻ ഒരാളെ നിയോഗിക്കണോ? അതോ എല്ലാവരുടെയും നമസ്കാരം അസാധുവാകുമോ? അതിനാൽ നമസ്കാരം ആദ്യം മുതൽ തുടങ്ങാൻ ഒരാളെ ഏല്പിക്കണോ?***

നമസ്കാരം പൂർത്തിയാക്കാൻ ഒരാളെ ഏല്പിക്കുകയാണ് വേണ്ടത്. ഉമർ(റ)വിന് കുത്തേറ്റപ്പോൾ അബ്ദുറഹ്മാനുബ്നു ഔഫിനെ ഏല്പി

ച്ചു. അദ്ദേഹം സുബ്ഹ് പൂർത്തിയാക്കി. ഇനി ഇമാം ആരെയും ഏല്പിച്ചില്ലെങ്കിൽ പിന്നിലുള്ള ആരെങ്കിലും മുന്നോട്ട്വന്നു ജമാഅത്ത് പൂർത്തിയാക്കണം. നമസ്കാരം ആദ്യം മുതൽ നിർവഹിക്കുകയാണെങ്കിലും തരക്കേടില്ല. പണ്ഡിതർക്കിയടയിൽ അഭിപ്രായവ്യത്യാസമുള്ള രംഗമാണിത്. പക്ഷെ, ഏറ്റവും പ്രാമാണികം, ഉമർ(റ)ൻെറ നടപടിപോലെ, പൂർത്തിയാക്കാൻ ഒരാളെ ഏല്പിക്കുകയാണ്. ആദ്യം മുതൽ തുടങ്ങിയാലും കുഴപ്പമില്ല.

***? 51. ഇമാമിൻെറ കൂടെ സലാം വീട്ടുവാൻ കഴിഞ്ഞാൽ ജമാഅത്ത് കിട്ടിയോ അതോ ഒരു റക്അത് കിട്ടണോ? ഇമാം അവസാനത്തെ അത്തഹിയ്യാത്തു... വിൽ ആയിരിക്കെ ഒരു സംഘം ആളുകൾ വന്നാൽ അവർ ആ സംഘനമസ്കാരത്തിൽ കൂടുന്നതോ ഉത്തമം അതോ ഇമാം സലാം വീട്ടിയ ശേഷം വേറെ ജമാഅത് തുടങ്ങുകയോ?***

= റക്അത് കിട്ടാതെ ജമാഅത് കിട്ടുകയില്ല.“ നമസ്കാരത്തിൽ റക്അത് കിട്ടിയാൽ നമസ്കാരം കിട്ടി”(മുസ്ലിം)എന്നാൽ മതപരമായ ഇളവുണ്ടെങ്കിൽ റക്അതുകിട്ടിയില്ലെങ്കിലും ജമാത്തതിൻെറ കൂലികിട്ടും. ‘അടിമ രോഗത്തിലോ യാത്രയിലോ എങ്കിൽ അയാൾ ആരോഗ്യവാനും നാട്ടിലുള്ളവനുമായിരിക്കെ ചെയ്തിരുന്നതിൻെറ കൂലി തന്നെ അല്ലാഹു നിശ്ചയിച്ചിരുക്കുന്നു’ വെന്നാണ് റസൂൽ(സ) അരുളിയത്. (ബുഖാരി) തബൂക്ക് യുദ്ധദിവസം റസൂൽ(സ) പറഞ്ഞു “മദീനയിൽ ചിലരുണ്ട്. നിങ്ങളേതൊരു വഴിക്കു പോയാലും ഏതൊരു താഴ്വര മുറിച്ചുകടന്നാലും അവർ നിങ്ങൾക്കൊപ്പമുണ്ട്. ഒഴിവുകഴിവ് അവരെ തടഞ്ഞിട്ടിരിക്കയാണ്”(ബുഖാരി, മുസ്ലിം)

മറെറാരു നിവേദനത്തിൽ ‘അവർ നിങ്ങളുടെ കൂലിയിൽ പങ്കാളികൾ’ എന്നാന്നുള്ളത്. ഒരു സംഘമാളുകൾ അവസാനത്തെ അത്തഹിയ്യാത്തിൽ വന്നാലും ആ ജമാഅത്തിൽ തന്നെ കൂടുകയാണ് ശ്രേഷ്ഠം. “നിങ്ങൾ നമസ്കാരത്തിനു വന്നാൽ അവിടെയെത്തുക, അടക്കം നിർബ്ബന്ധമാണ്, കിട്ടിയത് നിങ്ങൾ നമസ്രിക്കുക. നഷ്ടപ്പെട്ടത് പൂർത്തിയാക്കുക.” (ബുഖാരി, മുസ്ലിം) എന്ന ഹദീസിൻെറ പൊതുതാല്പര്യമതാണ്. എന്നാൽ അവർ വേറെ ജമാഅതായി നമസ്കരിച്ചാലും കുററമില്ല- അല്ലാഹു ഉദ്ദേശിച്ചെങ്കിൽ.

***? 52. ചിലർ സുബ്ഹിക്ക് ഇഖാമത് കൊടുത്തുകൊണ്ടിരിക്കെയെത്തിയാലും ജമാഅത്തിൽ കൂടുന്നതിനു മുമ്പ് രണ്ട് റക്അത്ത് സുന്നത്തു നമസ്കരിക്കുന്നു. അതിൻെറ വിധിയെന്താണ്? സുബ്ഹിയുടെ സുന്നത്ത് ഫർളിന് ശേഷം നിർവ്വഹിക്കലോ ഉത്തമം, അതോ സൂര്യോദയം വരെ കാത്തിരിക്കലോ?***

= നമസ്കാരത്തിന് നിന്ന് കഴിഞ്ഞാൽ പിന്നെ സുന്നത്തോ തഹിയ്യത്തോ നമസ്കാരം പാടില്ല. ഇമാമിനോടൊപ്പം നമസ്കാരത്തിൽ കൂടുക നിർബന്ധം. **'നമസ്കാരത്തിനു ഇഖാമത് കൊടുക്കപ്പെട്ടാൽ പിന്നെ, നിർബന്ധ നമസ്കാരമല്ലാതെ മറ്റൊരു നമസ്കാരമില്ല'** എന്നാണ് നബി(സ) പറഞ്ഞത്. (മുസ്ലിം)

ഏതു നമസ്കാരത്തിനും ഇത് ബാധകമാണ്. സുബ്ഹിൻെറ സുന്നത്ത് സുബ്ഹിൻെറയുടനെ നമസ്കരിക്കാനും സൂര്യോദയത്തിനു ശേഷമാക്കാനും അവന് സ്വാതന്ത്ര്യമുണ്ട്, ഇൻശാ അല്ലാഹ്. നീട്ടിവെക്കുന്നതാണ് ശ്രേഷ്ഠം. രണ്ടിനും തെളിവുണ്ടുതാനും.

***? 53. ഒരാൾ ഞങ്ങൾക്കു ഇമാമായി നിന്നു. വലത്തുവശത്തേക്ക് മാത്രം സലാം വീട്ടി. ഒറ്റസലാം കൊണ്ട് മതിയാക്കാമോ? സുന്നത്തിൽ ഇതുസംബന്ധിച്ചു വല്ലതുംവന്നിട്ടുണ്ടോ?***

= അധികം പണ്ഡിതർക്കും ഒരു സലാം മതിയെന്ന അഭിപ്രായമാണ്. ചില ഹദീസുകൾ അത് തെളിയിക്കുന്നു . ചിലർ രണ്ടു തന്നെ വേണമെന്ന് പറയുന്നു. നബിയുടെ സ്ഥിരപ്പെട്ട ഹദീസുകളാണ് തെളിവ്. **"ഞാനെങ്ങനെ നമസ്കരിച്ചുവെന്ന് നിങ്ങൾ കണ്ടോ അങ്ങനെ നിങ്ങളും നമസ്കരിക്കുക"** എന്നാണല്ലോ നബി(സ) പറഞ്ഞത് (ബുഖാരി)ഈ അഭിപ്രായമാണ് ശരി. ഒരു സലാം മതിയെന്നവാദം ദുർബ്ബലം. ഹദീസുകൾ ദുർബ്ബലമാണ്. മാത്രവുമല്ല വാദം തെളിയിക്കാൻ മാത്രം വ്യക്തവുമല്ല. ഇനി ഹദീസ് സ്ഥിരമെങ്കിൽ പോലും ഒറ്റപ്പെട്ടതാണ്. ഏറ്റവും സ്വഹീഹും സുസ്ഥിരവും സുവ്യക്തവുമായ ഹദീസുകൾക്കെതിരാണത്. എന്നാൽ അറിവില്ലായ്മയോ, ഹദീസുകൾ സ്വഹീഹാണെന്നന വിശ്വാസം കൊണ്ടോ, അങ്ങനെയാരെങ്കിലും ചെയ്താൽ ആ നമസ്കാരം സാധുവാകും.

*? 54. വൈകിവന്നവൻ സംഘനമസ്കാരത്തിൽ കൂടി. രണ്ട് റക്അത് നമസ്കരിച്ചു. പിന്നീടാണ് അറിഞ്ഞത്, ഇമാം അഞ്ചു റക്അത് നമസ്കരിച്ചിരുന്നു എന്ന്. അയാൾ ഇമാം നമസ്കരിച്ച് അധികം വന്ന റക്അത് എണ്ണിയിട്ട് രണ്ട് റക്അത് ബാക്കി നമസ്കരിച്ചാൽ മതിയോ അതല്ല അതു പരിഗണിക്കാതെ മൂന്ന് റക്അത് നമസ്കരിക്കണോ?*

= മഅ്മൂം, ഇമാമിൻെറ അധികപ്പറ്റായ റക്അത് പരിഗണിക്കരുത് എന്നതാണ് ശരി. കാരണം, മതപരമായി അത് അനാവശ്യമായ റക്അതാണ്. അധികം വന്നു എന്നറിഞ്ഞാൽ അത് കണക്കിലെടുക്കാതിരിക്കുക നിർബ്ബന്ധം. മൂന്ന് റക്അതാണ് പിന്നീട് നമസ്കരിക്കേണ്ടത്. കാരണം, അയാൾക്ക് ഒരു റക്അതേ കിട്ടിയിട്ടുള്ളൂ.

*? 55. മറന്ന്കൊണ്ട് ഇമാം വുളുവില്ലാതെ സംഘമായി നമസ്കരിച്ചു. താഴെ കാണുന്ന രംഗങ്ങളിൽ ആ നമസ്കാരത്തിൻെറ വിധിയെന്ത്?*

*1- നമസ്കാരത്തിനിടയിൽ ഓർത്താൽ*

*2- സംഘം പിരിയും മുമ്പ് സലാം വീട്ടിയ ഉടനെ ഓർത്താൽ*

*3- ജനം പിരിഞ്ഞ ശേഷം ഓർത്താൽ*

= സലാം വീട്ടിയിശേഷമാണ് ഓർമവന്നതെങ്കിൽ ആ ജമാഅത് നമസ്കാരം സാധുവാണ്. അവർ മടക്കി നമസ്കരിക്കേണ്ട. എന്നാൽ ഇമാം വീണ്ടും നമസ്കരിക്കുക നിർബ്ബന്ധമാണ്.

എന്നാൽ നമസ്കാരത്തിനിടയിൽ ഓർമ്മവന്നാൽ ഏററവും ശരിയായ പണ്ഡിതാഭിപ്രായമനുസരിച്ച്, നമസ്കാരം പൂർത്തിയാക്കാൻ ഒരാളെ ഏല്പിക്കുകയാണ് വേണ്ടത്. ഉമർ(റ) വിന് കുത്തേറ്റപ്പോൾ അതാണ് ചെയ്തത്.

*? 56. പുകവലി, താടിവടിക്കൽ, വസ്ത്രം ഞെരിയാണിക്കു താഴെ ധരിക്കൽ - തുടങ്ങിയ തെറ്റുകൾ ചെയ്യുന്നവൻെറ ഇമാമതിനെപ്പററിയുള്ള വിധിയെന്ത്?*

= അല്ലാഹു നിശ്ചയിച്ച പോലെ തന്നെ ഇമാം നമസ്കരിക്കുന്നുവെങ്കിൽ അതു സാധുവാകും. അവൻെറ പിന്നിലെ നമസ്കാരവും സാധുവാകും -പണ്ഡിതാഭിപ്രായങ്ങളിൽ ഏററവും ശരി അതാണ്. എന്നാൽ കാഫിറി

ൻെറ നമസ്കാരവും അവൻെറ പിന്നിൽ മറ്റുള്ളവരുടെ നമസ്കാരവും സാധുവല്ല. നമസ്കാരത്തിൻെറ നിബന്ധനയായ 'ഇസ്ലാമായിരിക്കുക' ഇവിടെ നഷ്ടപ്പെട്ടതാണ് കാരണം.

***? 57. മഅ്മൂം ഒരാാം മാത്രമെങ്കിൽ വലതു ഭാഗത്താവണമെന്നാണല്ലോ നിയമം. എന്നാൽ ചിലർ ചെയ്യുംപോലെ അല്പം പിന്നിലേക്കു നീങ്ങേണ്ടതുണ്ടോ?***

= ഒരാൾ മാത്രമാണെങ്കിൽ ഇമാമിൻെറ നേരെവലതു ഭാഗത്തു നില്ക്കുകയാണ് നിയമം. ഇതിനെതിരായി മനസ്സിലാക്കിത്തരുന്ന ഒരു തെളിവും മതനിയമങ്ങളിലില്ല.

# മറവിയുടെ സുജൂദ്

*? 58നമസ്കരിച്ചവന് സംശയം. മൂന്നോ നമസ്കരിച്ചത് അതോ നാലോ എന്ന്. എന്തുചെയ്യണം?*

= ഉറപ്പുള്ളതിൻെറ അടിസ്ഥാനത്തിൽ നീങ്ങുകയാണ് നിർബന്ധമായും ചെയ്യേണ്ടത്. ഏററവും കുറഞ്ഞതെടുക്കുക. നാലല്ല, മൂന്ന് നമസ്കരിച്ചുവെന്നുറപ്പാണല്ലോ. നാലാമത്തേതു നമസ്കരിച്ച് മറവിയുടെ സുജൂദ് ചെയ്യുക. എന്നിട്ട് സലാം വീട്ടുക. നബി പറഞ്ഞു:

**'നിങ്ങളിലൊരുവൻ നമസ്കരിച്ചു. മൂന്നോ നാലോ നമസ്കരിച്ചത് എന്നു സംശയിച്ചാൽ സംശയത്തെ ഉപേക്ഷിക്കുക. ഉറപ്പുള്ളതിനെ അടിസ്ഥാനമാക്കുക. സലാം വീട്ടുന്നതിനുമുമ്പ് രണ്ട് സൂജൂദ് ചെയ്യുക. അതോടെ അഞ്ചായി എങ്കിൽ അവൻെറ നമസ്കാരം അവ മൂലം ഇരട്ടയായി. അതോടെ പൂർത്തിയായെങ്കിൽ ആ സുജൂദുകൾ ചെകുത്താന് ഒരടിയായി.'**(മുസ്ലിം-അബൂസഈദിൽ ഖുദ്രി(റ)യുടെ നിവേദനം)

ഇനി, കുറവോ പൂർണ്ണമോ എന്നതാണ് സംശയമെങ്കിൽ, സംശയം കുറഞ്ഞതിനെ അടിസ്ഥാനമാക്കുക. സലാം വീട്ടിയിട്ട് രണ്ടു സുജൂദ് ചെയ്യുക. **"നിങ്ങളിലൊരാൾ നമസ്കാരത്തിൽ സംശയത്തിലായാൽ ഏറ്റവും ശരിയായത് പരിഗണിക്കുക, അതിൻെറ അടിസ്ഥാനത്തിൽ പൂർത്തിയാക്കുക. എന്നിട്ട് സലാം വീട്ടുക. എന്നിട്ട് രണ്ടു സൂജുദ് ചെയ്യുക- സലാം വീട്ടിയശേഷം"** (ബുഖാരി, ഇബ്നു മസ്ഊദ്)

***? 59. ചില ഇമാമുകൾ സലാമിനു ശേഷം സുജൂദ് ചെയ്യുന്നു. ചിലർ മുമ്പു. ചിലർ ചിലപ്പോൾ മുമ്പും മററു ചിലപ്പോൾ ശേഷവും. എപ്പോഴാണ് സലാമിന് ശേഷം സുജുദ്? എപ്പോഴാണ് മുമ്പ്? മുമ്പ്, പിമ്പ്, എന്നിവ നിർബ്ബന്ധമോ സുന്നത്തോ?***

= കാര്യം വിശാലം. രണ്ടുമാവാം, മുമ്പും, പിമ്പും. രണ്ടുനിലക്കും ഹദീസുകൾവന്നിട്ടുണ്ട്. രണ്ടവസ്ഥയിലൊഴികെ സലാമിനു മുമ്പാവുകയാണുത്തമം.

1- ഒന്നോ രണ്ടോ റക്അത്കളുടെ കുറവുകളോടെ സലാം വീട്ടിയാൽ. അപ്പോൾ ഏററവും നല്ലത് നമസ്കാരവും സലാംവീട്ടലും കഴിഞ്ഞിട്ട് മതി

സുജൂദ് എന്നതാണ്. അങ്ങനെയാണ് റസൂലിൻെറ നടപടി. അബൂ ഹുറയ്റ(റ) നിവേദനം ചെയ്ത ഹദീസ്. രണ്ടു റക്അത് കുറച്ചാണവി ടുന്നു ഒരിക്കൽ സലാം വീട്ടിയത്. മററൊന്ന് ഇംറാൻബ്നുഹുസൈ്വൻ (റ)വിൻെറ ഹദീസ്. അവിടെ ഒരു റക്അതായിരുന്നു കുറവ്. രണ്ടു രംഗത്തും നമസ്കാരം പൂർത്തിയാക്കി സലാം വീട്ടിയ ശേഷമായിരുന്നു സുജൂദ്.

2- നമസ്കാരത്തിൽ സംശയം. എത്രയാണ് നമസ്കരിച്ചതെന്നറിയില്ല. നാലു റക്അത്തുള്ളതിൽ മൂന്നോ എന്ന്. മഗ്രിബിൽ രണ്ടോ മൂന്നോ എന്ന്. സുബ്ഹിൽ ഒന്നോ രണ്ടോ എന്ന്. രണ്ടിലൊരു അവസ്ഥയെപററി കൂടുതൽ ഉറപ്പാണ്.കുറവ് എന്നോ പൂർത്തിയായി എന്നോ കൂടുതൽ ഉറപ്പ്, കൂടുതൽ ഉറപ്പുള്ളതിനെ അഥവാ സംശയം കുറഞ്ഞതിനെ അടിസ്ഥാനമാക്കുക. ഈയവസ്ഥയിൽ സലാം വീട്ടിയശേഷമാണ് സുജൂദ്. കഴിഞ്ഞ ഉത്തരത്തി ലുദ്ധരിച്ച ഇബ്നുമസ്ഊദിൻെറ ഹദീസനുസരിച്ച് അങ്ങനെയാണ് ഉത്തമം.

***? 60. വൈകിവന്നവന് മറവിപറ്റി. അയാൾ സുജൂദ് ചെയ്യണോ? മഅ്മൂം മറന്നാൽ സുജൂദ് വേണോ?***

മഅ്മൂം മറന്നാൽ സുജൂദ്വേണ്ട. നമസ്കാരത്തിൻെറ തുടക്കത്തിൽ തന്നെ ഇമാമിനോടൊപ്പം കൂടിട്ടുണ്ടെങ്കിൽ ഇമാമിനെ തുടരുകയാണ് മഅ്മൂ മിൻെറ കടമ. എന്നാൽ വൈകി തുടർന്നവൻ ഇമാമിനോടൊപ്പമുള്ള സ മയത്ത് മറന്നാലും ശേഷം മറന്നാലും ശരി, സലാം വീട്ടിയിട്ട് സുജൂദ് ചെ യ്യണം. കഴിഞ്ഞ രണ്ടുത്തരങ്ങൾ ശ്രദ്ധിക്കുക.

***? 61. താഴെ കൊടുത്ത രംഗങ്ങളിൽ സുജൂദ് വേണോ?***

***1- നാലുറക്അതുള്ളതിൽ മൂന്നും നാലും റക്അതുകളിൽ ഫാതി ഹക്കു പുറമെ സൂറത്തോതി***

***2. സുജൂദിൽ ഓതുകയോ രണ്ടുസുജൂദുകൾക്കിടയിലെ ഇരു ത്തത്തിൽ سبحان ربي العظيم പോലുള്ള ദിക്റ് ചൊല്ലുകയോ ചെയ്തു.***

***3-മെല്ലെ ഓതേണ്ടിടത്ത് ഉറക്കെയോതി. ഉറക്കെയോതേണ്ടിടത്ത് മെല്ലെയോതി.***

മറവിമൂലം മൂന്നും നാലും റക്അതുകളിൽ ഒന്നോ അധികമോ

ആയത്തോ സൂറത്തു തന്നെയോ ഓതിയാൽ സുജുദ്വേണ്ട. ളുഹ്റിൽ മൂന്നും നാലും റക്അതുകളിൽ അല്പം റസൂൽ(സ)ഓതിയിരുന്നതായി കാണാം. എല്ലാ റക്അതിലും ഫാതിഹക്കു ശേഷം قل هو الله احد ഓതിയിരുന്ന അമീറിനെ നബി(സ) പ്രശംസിച്ചതായി രേഖയുണ്ട്. പക്ഷെ സാധാരണ നബി(സ) മൂന്നും നാലും റക്അതുകളിൽ ഫാതിയല്ലാതെ ഓതാറില്ല.(ബുഖാരി മുസ്ലിം നിവേദനം ചെയ്യുന്ന അബൂഖതാദയുടെ ഹദീസ്)

അബൂബക്കർ(റ) മഗ്രിബിൽ മൂന്നാം റക്അതിൽ ഫാത്തിഹാക്കുശേഷം ആലുഇംറാനിലെ 8ാം ആയത് ഓതി.

ربنا لا تزغ قلوبنا بعد اذ هديتنا وهب لنا من لدنك رحمة انك انت الوهاب

സംഗതിവിശാലമാണെന്ന് ഇതൊക്കെ വ്യക്തമാക്കുന്നു.

എന്നാൽ റുകൂഇലോ സുജൂദിലോ മറന്നു ഓതിയാൽ മറവിയുടെ സുജൂദ് ചെയ്യണം. റുകൂഇലോ സുജൂദിലോ ബോധപൂർവ്വം ഖുർആൻ പാരായണം പാടില്ല. നബി(സ)അത് നിരോധിച്ചിട്ടുണ്ട്. മറന്നിട്ടാണെങ്കിൽ സുജൂദ് നിർബ്ബന്ധം. റുകൂഇൽ سبحان ربى الاعلى എന്നോ സുജൂദിൽ سبحان ربى العظيم എന്നോ പരസ്പരം മാറി മറന്നുചൊല്ലിയാലും മറവിയുടെ സുജൂദ് നിർബ്ബന്ധം. ചൊല്ലുക നിർബ്ബന്ധമായത് മറന്നു ഒഴിവായതാണ് കാരണം. റുകൂഇലും സുജൂദിലും ഒരു പോലെ ഈ ദിക്റുകൾ രണ്ടും ചൊല്ലിയാൽ കുഴപ്പമില്ല. എന്നാൽ മറവിയുടെ സുജൂദ് ചെയ്താലും കുഴപ്പവുമില്ല. പൊതുവായ തെളിവുകൾ രണ്ടിനും സ്വാതന്ത്ര്യം നല്കുന്നു-ഇമാമിൻെറയും വൈകിവന്നു തുടർന്നവൻെറയും ഒറ്റക്കു നമസ്കരിക്കുന്നവൻെറയും നിയമമാണിത്.

എന്നാൽ മഅ്മൂം ആദ്യം മുതൽ തുടർന്നിട്ടുണ്ടെങ്കിൽ ഈ രംഗങ്ങളിലൊന്നും മറവിയുടെ സുജൂദ് വേണ്ട. ഇമാമിനെ തുടർന്നാൽ മതി.

ളുഹ്റിലും അസ്റിലും മെല്ലെ ഓതേണ്ട നമസ്കാരങ്ങളിൽ ഉറക്കെ ഓതിയാലും മറിച്ചായാലും സുജൂദ് വേണ്ട. ചില സന്ദർഭങ്ങളിൽ മെല്ലെയോതേണ്ട വഖ്തുകളിൽ നബി(സ) ആയത്തു അവർ കേൾക്കെ ഓതുമായിരുന്നു.

# ജംഉം ഖസ്റും

*? 62. ജംഉം ഖസ്റും പരസ്പരം ബന്ധിതമാണെന്നു ചിലർ കരുതുന്നു. എന്താണഭിപ്രായം? യാത്രയിൽ ജംഇല്ലാതെ ഖസ്റാണോ രണ്ടും കൂടിയാണോ ഏററവും ശ്രേഷ്ഠം?*

= യാത്രക്കാരന് അല്ലാഹു ഖസ്റ് അനുവദിച്ചു. അവന് ജംഉം അനുവദനീയം. പക്ഷെ രണ്ടും ഒപ്പം വേണമെന്നില്ല. ജംഇല്ലാതെ ഖസ്റാക്കാം. തമ്പുകെട്ടിതാമസിക്കാതെ വെറും ഇറങ്ങിപ്പോവുന്ന യാത്രയെങ്കിൽ ജംഅ് ഒഴിവാക്കുന്നതാണ് ഏററവും ശ്രേഷ്ഠം. ഹജ്ജത്തുൽ വിദാഇൽ മിനയിൽ വച്ച് നബി ഖസ്റാക്കി, ജംആക്കിയില്ല. എന്നാൽ തബൂക്ക് യുദ്ധത്തിൽ നബി ജംഉം ഖസ്റുമാക്കി. രംഗം വിശാലമാണെന്നു ഇത് തെളിയിക്കുന്നു. യാത്രക്കിടയിലാണെങ്കിൽ ഒരിടത്തു നില്ക്കുന്നില്ലെങ്കിൽ ജംഉം ഖസ്റുമാക്കുകയാണ് ചെയ്യുക.

ജംഇൻെറ- രണ്ടു നമസ്കാരവും ഒരുമിച്ചാക്കുന്നതിൻെറ- കാര്യം കുറേക്കൂടി വിശാലം. രോഗിക്കും, മഴയുള്ളപ്പോാം പള്ളിയിൽ വച്ച് മററു മുസ്ലിംകാംക്കും ജംഉചെയ്യാം. മഗ്രിബും ഇശായും തമ്മിലും ളുഹ്റും അസ്വറും തമ്മിലും- ഇവയ്ക്കു ഖസ്റ് പാടില്ല. ചുരുക്കൽ യാത്രക്കാർക്ക് മാത്രം.

*? 63. സമയമായശേഷം നമസ്കരിക്കും മുമ്പെ യാത്രയായി. എങ്കിൽ അയാാക്ക് ജംഉം ഖസ്റും ആക്കാമോ? ളുഹ്റും അസ്റും ജംഉം ഖസ്റുമാക്കി, യാത്രയിൽ നമസ്കരിച്ചു. അസ്റിൻെറ സമയത്ത് നാട്ടിലെത്തി. എങ്കിലതു ശരിയാവുമോ? ജംഉം ഖസ്റുമാക്കുമ്പോാം അയാാക്കറിയാം., അസ്റിൻെറ സമയത്ത് നാട്ടിലെത്തുമെന്ന്!*

= സമയമായിട്ടു നമസ്കരിക്കും മുമ്പ് യാത്രയായാലും സ്വന്തം നാടിൻെറ അതിർത്തി കടന്നാൽ ഖസ്റ് ആക്കാമെന്നാണ് ഭൂരിപക്ഷ പണ്ഡിതാഭിപ്രായം. ജംഉം ഖസ്റുമാക്കി. എന്നിട്ട് രണ്ടാമത്തെതിൻെറ സമയമാവും മുമ്പോ രണ്ടാമത്തെതിൻെറ സമയത്തോ നാട്ടിലെത്തിയെങ്കിലും കുഴപ്പമില്ല. മടക്കി നമസ്കരിക്കേണ്ട. കാരണം മതനിയമമനുസരിച്ചാണയാാ

നമസ്കരിച്ചുകഴിഞ്ഞത്. ഇനി, രണ്ടാമത്തെ നമസ്കാരം സംഘമായി വീണ്ടും നമസ്കരിക്കുകയാണെങ്കിൽ ആ നമസ്കാരം അവന് സുന്നത്താവും.

### *? 64. അനുവദനീയമായ യാത്രയിൽ ഖസ്വ്റാക്കാൻ നിർണ്ണിതമായ ദൂരം വേണോ?*

= ഭൂരിപക്ഷം പണ്ഡിതരും പറയുന്നത് ദൂരപരിധിയുണ്ടെന്നാണ്. ഒട്ടകത്തിന് ഒരു രാവും പകലും. നടക്കുന്നവർക്ക് സാധാരണ യാത്ര! അഥവാ 80 കിലോമീററർ. നമ്മുടെ സമ്പ്രദായമനുസരിച്ച് ഈ ദൂരം ഒരു യാത്രയായി പരിഗണിക്കാം. അതുപോലെ ഭൂരിപക്ഷം പണ്ഡിതരുടെയും വാദമനുസരിച്ച് 4 ദിവസത്തിലധികം താമസിക്കാൻ തീരുമാനിച്ചവൻ നമസ്കാരം മുഴുവനാക്കലും റമളാനിലെ നോമ്പും നിർബ്ബന്ധമാണ്.(1) നാലിൽ കുറഞ്ഞ ദിവസമെങ്കിൽ ജംഉം ഖസ്വ്റും ആവാം. നോമ്പ് വേണ്ട. കാരണം നാട്ടിൽ താമസിക്കുന്നവൻെറ ശരിയായ അവസ്ഥ നമസ്കാരം മുഴുവനാക്കുകയും നോമ്പെടുക്കുകയും ആണല്ലോ. യാത്രയനുഭവിക്കുകയാണെങ്കിലേ ഖസ്വ്റ് പറ്റൂ. നബി(സ) ഹജ്ജത്തുൽ വിദാഇൽ നാലു ദിവസം താമസിച്ചു. നമസ്കാരം ഖസ്വ്റാക്കി. പിന്നെ മിനായിലേക്കും അറഫായിലേക്കും പോയി. 4 ദിവസംവരെ താമസിക്കുന്നവന് ഖസ്വ്റാക്കാം എന്നതിനു തെളിവായി. മക്കാവിജയകാലത്ത് 19 ദിവസവും തബൂക്കിൽ 20 ദിവസവും താമസിച്ചിട്ടുണ്ട്. പക്ഷെ അദ്ദേഹം താമസിക്കാൻ തീരുമാനമെടുത്തില്ലായിരുന്നുവെന്ന സാധ്യതയുമുണ്ട്. താമസിക്കാനുള്ള കാരണം എപ്പോഠ നീങ്ങുമെന്നറിയില്ലായിരുന്നു. അന്നിലക്കാണ് ഈ രണ്ട് ഖസ്വ്റിനെയും പണ്ഡിതർ കാണുന്നത്. ദീനിൻെറ പരിരക്ഷക്കും അടിസ്ഥാനമനുസരിച്ച കർമത്തിനും അതാണനുയോജ്യമത്രെ. അടിസ്ഥാനം, നാലുനാലായിത്തന്നെ നമസ്കരിക്കുകയാണ്. ളുഹ്റും അസ്റും ഇശായും .

എന്നാൽ ഇത്ര ദിവസം താമസിക്കുമെന്ന് തീരുമാനിച്ചിട്ടില്ല-പക്ഷെ എന്ന് യാത്രയാവുമെന്നും അറിയില്ല- അപ്പോഠ ജംഉം ഖസ്വ്റും ആവാം, നോമ്പ് നീട്ടിവെക്കാം. നാലു ദിവസത്തിലപ്പുറം താമസിക്കുമെന്ന് തീരുമാനിച്ചാൽ ഖസ്വ്റും നോമ്പ് നീട്ടലും പറ്റില്ല.

### *? 65. മഴയുണ്ട്. പക്ഷെ റോഡ് ഗതാഗതയോഗ്യമാണ്. ഭദ്രമാണ്.*

(1) ഇതിൽ പണ്ഡിതർക്കിടയിൽ ഭിന്നതയുണ്ട്(വിവ:)

***വെളിച്ചമുണ്ട്. ബുദ്ധിമുട്ടോ ചെളിയോ ഇല്ല. ഈയവസ്ഥയിൽ നാട്ടിൽ വച്ച് മഗ്‌രിബും ഇശായും ജംആയി നമസ്കരിക്കാമോ?***

= പള്ളിയിലേക്കു പോകാൻ വിഷമമുള്ള മഴയുണ്ടെങ്കിൽ ളുഹറും അസ്വ്റും തമ്മിലും, മഗ്‌രിബും ഇശായും തമ്മിലും ജംആക്കാമെന്നാണ് ഏററവും ശരിയായ പണ്ഡിതാഭിപ്രായം. അതുപോലെ ചളിയോ ഒലിച്ചു പോകുന്ന മലവെള്ളമോ മാർക്കററിലുള്ളപ്പോഴും ബുദ്ധിമുട്ട് പരിഗണിച്ച് അങ്ങനെയാവാം. നബി(സ) ളുഹ്റും അസ്വ്റും, മഗ്‌രിബും ഇശായും മദീനയിൽവച്ച് ജംആക്കിയതായി ഇബ്നു അബ്ബാസ്(റ) ഉദ്ധരിക്കുന്നു (ബുഖാരി, മുസ്‌ലിം) ഒരു നിവേദനത്തിൽ യുദ്ധമോ മഴയോ യാത്രയോ ഇല്ലാതെ-എന്നുമുണ്ട്.

അപ്പോൾ മഴയും യുദ്ധവും യാത്രപോലെ ജംഇനു കാരണമാണെന്ന് സ്വഹാബികൾ മനസ്സിലാക്കിയിരുന്നുവെന്നർഥം. എന്നാലീയവസ്ഥയിൽ ഖസ്വ്റ് പാടില്ല, "ജംഉ്" പറ്റൂ. കാരണം ഇവർ നാട്ടിലുള്ളവരാണു, യാത്രക്കാരല്ല. ഖസ്വ്റ് യാത്രക്ക് മാത്രം.

***? 66. ജംഉ അനുവദനീയമാവാൻ നിയ്യത്ത് നിബന്ധനയാണോ? അധികം പേരും മഗ്‌രിബ് നമസ്കരിക്കുമ്പോൾ ജംഇനെക്കുറിച്ച് തീരുമാനിക്കാറില്ല. മഗ്‌രിബ് കഴിഞ്ഞ് അവർ കൂടിയാലോചിച്ച് ഇശായും അപ്പോൾ നിർവ്വഹിക്കുന്നു.***

= പണ്ഡിതർക്ക് അഭിപ്രായ വ്യത്യാസമുണ്ട്. ആദ്യത്തെ നമസ്കാരം തുടങ്ങുമ്പോൾ നിയ്യത് നിബന്ധനയല്ലെന്നതാണ് പ്രബലമായ അഭിപ്രായം. ഒന്നാമത്തെത് കഴിഞ്ഞിട്ട് കാരണങ്ങളായ യുദ്ധമോ രോഗമോ മഴയോ ഉണ്ടായാലും ജംആക്കാം.

***? 67. ഒരു നമസ്കാരത്തിനു ശേഷം അല്പം ഇടവേളയുണ്ടായാൽ അത് ജംഇനെ ബാധിക്കുമോ? തുടർച്ചയായിത്തന്നെ വേണോ?***

ജംഉതഖ്ദീമിൽ-ഒന്നാമത്തെ നമസ്കാരസമയത്ത് രണ്ടും നിർവ്വഹിക്കുക-തുടർച്ച നിർബ്ബന്ധം. നേരിയ വിടവ് ആവാം. നബി(സ) അങ്ങനെ ചെയ്തിട്ടുണ്ട്. "ഞാനെങ്ങനെ നമസ്കരിച്ചുവെന്നു നിങ്ങൾ കണ്ടുവോ

അങ്ങനെ നിങ്ങാം നമസ്കരിക്കുക" എന്നാണ് തിരുകല്പന. നിയ്യത്ത് നിബന്ധനയല്ലെന്നു നമ്മാം മനസ്സിലാക്കിയല്ലോ(കഴിഞ്ഞഉത്തരം)

എന്നാൽ ജംഉത്തഅ്ഖീർ (രണ്ടാമത്തെ നമസ്കാരസമയത്ത് രണ്ടും നിർവ്വഹിക്കുക) കുറച്ച് കൂടി വിശാലമാണ്. കാരണം രണ്ടാമത്തേത് അതിന്റെ സമയത്താണല്ലോ നിർവഹിക്കുന്നത്. പക്ഷെ, അപ്പോഴും ഏററവും ശ്രേഷ്ഠം തുടർച്ചയുണ്ടാവുന്നതാണ്. അതാണ് നബി 'മാതൃക'

***? 68. ഞങ്ങാം യാത്രയിലാണ്. ളുഹ്റിന്റെ സമയത്ത് പള്ളിക്കടുത്തൂടെ നടക്കുന്നു. ളുഹ്റ് ആ ജമാഅത്തിന്റെ കൂടെ നമസ്കരിച്ച് അസ്വ്റ് ചുരുക്കി വേറെ നമസ്കരിക്കുയോ നല്ലത്, അതോ ളുഹ്റും അസ്വ്റും വേറെ സംഘമായി നമസ്കരിക്കുകയോ? ളുഹ്റ് അവരോടൊപ്പം നമസ്കരിച്ചാൽ തുടർച്ച കിട്ടാൻ ഉടനെ എഴുന്നേറ്റ് അസ്വ്റ് നമസ്കരിക്കുകയോ നല്ലത്,അതോ ദിക്റും മററും കഴിഞ്ഞു അസ്വ്റ് നമസ്കരിക്കുകയോ?***

= ഏററവും നല്ലത് ഖസ്വ്റായി വേറെ നമസ്കരിക്കുകയാണ്. യാത്രക്കാരൻ ഖസ്വ്റാക്കുകയാണ് നബിചര്യ. ആ ജമാഅത്തിൽ കൂടുമ്പോാം നാലും നമസ്കരിക്കണമല്ലോ. ജംആക്കാനുദ്ദേശമുണ്ടെങ്കിൽ തുടർച്ചയുണ്ടാകാൻ വേഗം എഴുന്നേററ് അസ്വ്റും നമസ്കരിക്കുകയാണ് വേണ്ടത്. മൂന്നുവട്ടം أستغفر الله യും ... اللهم انت السلام ഉം ചൊല്ലിയ ഉടനെ.

***? 69. യാത്രക്കാരന്റെ പിന്നിൽ നാട്ടിലുള്ളവനോ മറിച്ചോ നമസ്കരിക്കുന്നതിന്റെ വിധിയെന്ത്? ഇമാമോ, മഅ്മൂമോ ആണെങ്കിൽ ഖസ്വ്റാക്കാൻ പററുമോ ഈയവസ്ഥയിൽ?***

= യാത്രക്കാരന്റെ പിന്നിൽ മുഖീമിനും (നാട്ടിലുള്ളവൻ) മുഖീമിന്റെ പിന്നിൽ യാത്രക്കാരന്നും നമസ്കരിക്കാം. യാത്രക്കാരൻ മഅ്മൂമാവുമ്പോാം നാലും നമസ്കരിക്കണം. ഇമാമിനെ തുടരണം. ഇബ്നു അബ്ബാസ്(റ) വിനോട് മുഖീമിന്റെ പിന്നിൽ യാത്രക്കാരൻ നാലു നമസ്കരിക്കുന്നതിനെ പററി ചോദിച്ചപ്പോാം നാലുതന്നെയാണ് സുന്നത് എന്നു മറുപടി നല്കി (അഹ്മദ്, മുസ്ലിം) യാത്രക്കാരന്റെ പിന്നിൽ മുഖീം നമസ്കരിക്കുമ്പോാം

എഴുന്നേറ്റ് നാലു പൂർത്തിയാക്കണം.

***? 70. മഴകാരണം ഇശാ മഗ്രിബിൻെറ കൂടെ ജംആക്കുകയാണ്. അപ്പോൾ ചിലർ വരുന്നു. അവർ കരുതുന്നത് ഇത് മഗ്രിബായിരിക്കുമെന്നാണ്. അങ്ങനെ അവർ തുടരുകയാണ്-എന്തു ചെയ്യും?***

= മൂന്നാമത്തെ റക്അത്തിനുശേഷം അവർ ഇരിക്കണം. അത്തഹിയ്യാത്തും ദുആയും പൂർത്തിയാക്കണം. എന്നിട്ട് ഇമാമിൻെറ കൂടെ സലാം വീട്ടണം. (അതു വരെ അവിടെത്തന്നെ ഇരിക്കുക) പിന്നെ, ഇശായുടെ സമയത്ത് ഇശായും. ജമാഅത്തിൻെറ കൂലി കിട്ടാനും നിർബ്ബന്ധമായ ക്രമം പാലിക്കാനും അതാണു വേണ്ടത്. ഒരു റക്അതു കഴിഞ്ഞാണിവർ ചേർന്നതെങ്കിൽ പ്രശ്നമില്ല, ബാക്കി മൂന്നുണ്ടല്ലോ. ഒപ്പം സലാം വീട്ടാം. അത് മഗ്രിബായി. ഒന്നിലധികം റക്അത് കഴിഞ്ഞിട്ടാണ് വന്നതെങ്കിൽ, മഗ്രിബിന് ബാക്കിയുള്ളത് ഖളാവീട്ടുക. ഇനി, ഇമാം ഇശായാണ് നമസ്കരിക്കുന്നതെന്നറിഞ്ഞാലും മഗ്രിബിൻെറ നിയ്യത്തോടെ കൂടെ നമസ്കരിക്കാം. എന്നിട്ട് മുകളിൽ പറഞ്ഞ പോലെ ചെയ്യുക. ഇതാണ് ശരിയായ പണ്ഡിതാഭിപ്രായം.

***? 71. യാത്രയിൽ ഖസ്റാക്കുമ്പോൾ റവാതിബുസുന്നത്തുകൾ നമസ്കരിക്കുന്നതിനെ പററി അഭിപ്രായങ്ങളുണ്ടല്ലോ. നല്ലതാണെന്ന് ചിലർ. ഫർളു തന്നെ ചുരുക്കുകയല്ലേ ചെയ്തത്, അതു കൊണ്ട് വേണ്ടെന്നു ചിലർ. രാത്രി നമസ്കാരം പോലുള്ള സുന്നത്തുകളുടെ കാര്യത്തിലും ഇങ്ങനെ തന്നെ. എന്തു പറയുന്നു?***

ളുഹ്റിൻെറയും മഗ്രിബിൻെറയും ഇശായുടെയും റവാതിബ് ഒഴിവാക്കുക. സുബ്ഹിൻെറ സുന്നത്ത് നമസ്കരിക്കുക. ഇതാണ് നബിചര്യ. തഹജ്ജുദും വിത്റും യാത്രയിലും നമസ്കരിക്കുക. കാരണം നബിയങ്ങനെ ചെയ്തിട്ടുണ്ട്. അതു പോലെയാണ് നിർണ്ണിതമല്ലാത്ത സുന്നത്തുകളും കാരണങ്ങളുള്ള നമസ്കാരങ്ങളും. ളുഹാ, വുളുവിൻെറ നമസ്കാരം, ഗ്രഹണം, പാരായണത്തിൻെറ സുജൂദ്, തഹിയ്യത് തുടങ്ങിയവ.

# പലവക

***?72. പാരായണത്തിനുള്ള സുജൂദിൽ ശുദ്ധി നിബന്ധനയാണോ? കുനിയുമ്പോഴും ഉയരുമ്പോഴും തക്ബീർ വേണോ? നമസ്കാരത്തി ലായാലും അല്ലെങ്കിലും? ഈ സുജൂദിൽ എന്തെങ്കിലും പറയണോ? സ്വഹീഹായ വല്ല പ്രാർത്ഥനയും വന്നിട്ടുണ്ടോ? നമസ്കാരത്തില ല്ലെങ്കിൽ ഈ സുജൂദിനുശേഷം സലാം വീട്ടണോ?***

= പാരായണത്തിനുള്ള സുജൂദിന് ശുദ്ധി നിബന്ധനയല്ല എന്നാണ് പണ്ഡിതാഭിപ്രായങ്ങളിൽ ശരി. സലാം വീട്ടലോ ഉയരുമ്പോൾ തക്ബീറോ ഇല്ല. എന്നാൽ സുജൂദ് ചെയ്യുമ്പോൾ തക്ബീറുണ്ട്. ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്ന ഹദീസ്.

എന്നാൽ നമസ്കാരത്തിലാണെങ്കിൽ സുജൂദ് ചെയ്യുമ്പോഴും ഉയരു മ്പോഴും തക്ബീർ നിർബന്ധം. കാരണം നബി(സ) അങ്ങനെ ചെയ്തി ട്ടുണ്ട്. ഞാനെങ്ങനെ നമസ്കരിച്ചുവെന്ന് നിങ്ങൾ കണ്ടോ അങ്ങനെ തന്നെ നിങ്ങൾ നമസ്കരിക്കുക! എന്ന അവിടുത്തെ കല്പന. (ബുഖാരി) സാധാരണ സുജൂദിലെ ദിക്റും ദുആയും തന്നെയാണിതിലും. ഹദീസ് പൊതുവെയാണ്. സാധാരണ സുജൂദിലെ ഒരു പ്രാർത്ഥനയിങ്ങനെയാണ്:

اللهم لك سجدت وبك آمنت ولك اسلمت سجد وجهى للذى خلقه وصوره وشق سمعه وبصره بحوله وقوته تبارك الله احسن الخالقين

അർത്ഥം

"അല്ലാഹുവേ, നിനക്ക് ഞാൻ സുജൂദ് ചെയ്യുന്നു, നിന്നിൽ വിശ്വസി ക്കുന്നു, നിനക്ക് കീഴടങ്ങുന്നു. എന്റെ മുഖത്തെ സൃഷ്ടിക്കുകയും രൂപ പ്പെടുത്തുകയും കാഴ്ചയും കേൾവിയും സൃഷ്ടിക്കുകയും ചെയ്തവന് എന്റെ മുഖം ഞാൻ കുനിച്ചിരിക്കുന്നു. അവന്റെ കഴിവും ശക്തിയും കൊണ്ട്. ഏററവും നല്ലസ്രഷ്ടാവായ അല്ലാഹു അനുഗ്രഹമുള്ളവൻ."

മുസ്ലിം അലി(റ) യിലൂടെ നിവേദനം ചെയ്ത ഹദീസിൽ നബി(സ) നമസ്കാരത്തിലെ സുജൂദിൽ ഇങ്ങനെ പ്രാർത്ഥിച്ചിരുന്നതായി കാണാം. സാധാരണ സുജൂദിൽ ഓതാവുന്നത് പാരായണസുജൂദിലും ഓതാം. ഇനി 'പാരായണസുജൂദിൽ തന്നെ നബി (സ) ചൊല്ലിയിരുന്ന പ്രാർത്ഥന:

اللهم اكتب لى بها عندك اجرا وامح عنى بها وزرا
واجعلها لى عندك ذخرا
تقبلها منى كما تقبلها من عبدك داود (ع)

അല്ലാഹുവേ ഇതിലൂടെ നിൻെറയടുക്കലുള്ള പ്രതിഫലം എനിക്ക് എഴുതി വെക്കണേ. ഇതിലൂടെ എൻെറ പാപങ്ങാം നീ മായ്ചുകളയണേ. ഇതിനെ എനിക്കു സൂക്ഷിപ്പായി വെക്കേണമേ. നിൻെറ ദാസനായ ദാവൂദ് (അ)ൽ നിന്ന് നീ സ്വീകരിച്ചപോലെ.

ഏതായാലും സാധാരണ സുജൂദ് പോലെ ഇതിലും ചൊല്ലുക നിർബന്ധമായത് سبحان ربى الاعلى എന്നു തന്നെയാണ്. അതിനപ്പുറം ദിക്റും ദുആയും സുന്നത് മാത്രം. ഈ സുജൂദ് നമസ്കാരത്തിനിടയിലായാലും പുറത്തായാലും സുന്നത്താണ്, നിർബ്ബന്ധമല്ല. സൈദ്ബ്നു സാബിതിൻെറ ഹദീസിൽ അതിന് സൂചനയുണ്ട്. ഉമർ(റ)ൽ നിന്നും അതു നിർബന്ധമല്ലെന്നതിനു തെളിവു വന്നിട്ടുണ്ട്.

***? 73. സൂര്യഗ്രഹണം അസ്്റിനു ശേഷം സംഭവിക്കാമല്ലോ, നമസ്കാരം നിരോധിക്കപ്പെട്ട സമയമാണല്ലോ അത്. അപ്പോാം ഗ്രഹണനമസ്കരം ആവാമോ? ആ സമയത്ത് പള്ളിയിൽ കേറുമ്പോഴുള്ള തഹിയ്യത്ത് ആവാമോ?***

= പണ്ഡിതർക്കിടയിൽ രണ്ടഭിപ്രായമുണ്ട്. ആവാമെന്നതാണ് ശരി. പോരാ, വേണമെന്നു തന്നെയാണ് ശരി. കാരണങ്ങളുള്ള നമസ്കാരങ്ങളിൽ പെട്ടതാണീ രണ്ടും. അസ്്റിനും സുബ്ഹിനും ശേഷം തുടങ്ങി, നിരോധിക്കപ്പെട്ട സമയങ്ങളായാലും നമസ്കരിക്കുകതന്നെ വേണം.

**(1)തീർച്ചയായും സൂര്യനും ചന്ദ്രനും അല്ലഹുവിൻെറ അടയാളങ്ങളിൽ രണ്ടെണ്ണമാണ്. ആരുടെയെങ്കിലും മരണമോ ജനനമോകൊണ്ട് അവയ്ക്കു ഗ്രഹണമുണ്ടാവില്ല. നിങ്ങളത് കണ്ടാൽ നമസ്കരിക്കുക. ദുആ ചെയ്യുക- നിങ്ങാംക്കുണ്ടായത് മറയുംവരെ.(ബുഖാരി മുസ്ലിം)**

**(2) നിങ്ങാം പള്ളിയിൽ ചെന്നാൽ രണ്ട് റക്അത്ത് നമസ്കരിക്കാതെ ഇരിക്കരുത്. (ബുഖാരി, മുസ്ലിം)**

ഇതുപോലെ തന്നെയാണ് ത്വവാഫിനു ശേഷമുള്ള രണ്ട് റക്അതും. അതു സുബ്ഹിനും അസ്റിനും ശേഷമായാലും. “അബ്ദുമനാഫ് സന്തതി

കളെ, രാത്രിയോ പകലോ താനുദ്ദേശിക്കുന്ന ഏത് സമയത്തായാലും കഅ്ബ:ത്വവാഫ് ചെയ്ത് നമസകരിക്കുന്നതിൽ നിന്ന് ആരെയും നിങ്ങാ തടയരുത്." ജുബൈറ്ബ്നുമുത്ഇമിൽനിന്ന് അഹ്മദും സുനനുകാരും സ്വഹീഹായ പരമ്പരയോടെ ഉദ്ധരിച്ചത്.

***? 74. നമസ്കാരത്തിൻെറ "ദുബ്റിൽ" ദുആയും ദിക്റും പ്രേരിപ്പിക്കുന്ന ഹദീസുകളുണ്ടല്ലോ. ഏതാണ് നമസ്കാരത്തിൻെറ "അറ്റം"? നമസ്കാരത്തിൻെറ അവസാനമോ അതോ ശേഷം, സലാം വീട്ടിയിട്ടോ?***

= രണ്ടിനുമുപയോഗിക്കും ദുബ്റ് എന്ന പദം. രണ്ട് വിധത്തിലും ഹദീസുകളിൽ തെളിവുണ്ട്. അധികം ഹദീസുകളും സലാം വീട്ടുന്നതിനു മുമ്പ് എന്ന ആശയത്തിലാണ്. ദുആയുടെ കാര്യത്തിലാണിത്. ഇബ്നുമസ്ഊദ്(റ)വിന് റസൂൽ(സ) അത്തഹിയ്യാത്ത് പഠിപ്പിച്ചു കൊടുത്തു. എന്നിട്ട് പറഞ്ഞു.

1-'പിന്നെ തനിക്കിഷ്ടം തോന്നിയ ദുആകാം തെരഞ്ഞെടുത്തു പ്രാർത്ഥിക്കാം. മറെറാരു നിവേദനത്തിൽ 'പിന്നെ അവനുദ്ദേശിക്കുന്ന ചോദ്യം തെരഞ്ഞെടുക്കാം' എന്നാണുള്ളത്(ബുഖാരി, മുസ്ലിം)

2- ഒരു നമസ്കാരത്തിൻെറയും ഒടുവിൽ ഇങ്ങനെ പ്രാർത്ഥിക്കാതെ നീ ഉപേക്ഷിക്കരുത്.

اللهم اعنى على ذكرك وشكرك وحسن عبادتك

അല്ലാഹുവേ നിന്നെ ഓർക്കാനും നന്ദി കാട്ടാനും ഇബാദതു ചെയ്യാനും നീ എന്നെ സഹായിക്കണേ - (അബൂ ദാവൂദ്, തുർമുദി, നസാഈ)

3- സഅ്ദ്ബ്നു അബീവഖാസ്(റ) പറയുന്നു: നബി(സ) എല്ലാനമസ്കാരങ്ങളുടെയും ഒടുവിൽ ഇങ്ങനെ പറയും. അല്ലാഹുവേ, പിശുക്കിൽ നിന്നു ഞാൻ നിന്നോട് രക്ഷതേടുന്നു. ഭീരുത്വത്തിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അങ്ങേയറ്റത്തെ വയസ്സുകാലത്തേക്ക് മടക്കപ്പെടുന്നതിൽ നിന്നു ഞാൻ നിന്നോട് രക്ഷതേടുന്നു. ദുൻയാവിൻെറ പരീക്ഷണങ്ങളിൽ നിന്നും ഖബ്റിലെ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു."

اللهم إنى اعوذبك من البخل وأعوذبك من الجبن واعوذبك من أن اردً إلى ارذل العمر واعوذ بك من فتنة الدنيا ومن عذاب القبر

ഇത് ദുആയുടെ കാര്യം, എന്നാൽ ദിക്റുകൾ നമസ്കാരശേഷം സലാം വീട്ടിയിട്ടാണെന്നു ഹദീസുകൾ തെളിയിക്കുന്നു. സലാം വീട്ടിയാൽ 3 വട്ടം أستغفر الله പിന്നീട്

اللهم أنت السلام ومنك السلام تباركت ياذا الجلال والإكرام

എന്നിങ്ങനെ പറയുക. ഇമാമും മഅ്മൂമും ഒറ്റക്കു നമസ്കരിക്കുന്നവനും ഒക്കെ. എന്നിട്ട് ഇമാം മഅ്മൂമുകൾക്കു നേരെതിരിയുക. അവർക്കു നേരെ മുഖമാക്കുക. ഈ ദിക്റിനുശേഷം ഇമാമും മഅ്മൂമുകളുമൊക്കെ ഇങ്ങനെ പറയുക.

لا إله إلا الله وحده لاشريك له. له الملك وله الحمد وهو على كل شيء قدير لا حول ولا قوة الا بالله لا إله إلا الله ولا نعبد إلا إياه، له النعمة وله الفضل وله الثناء الحسن لا إله إلا الله مخلصين له الدين ولوكره الكافرون اللهم لا مانع لما أعطيت ولا معطي لما منعت ولا ينفع ذاالجد منك الجد

ഓരോമുസ്ലിം സ്ത്രീയും പുരുഷനും ഇതൊക്കെ ചൊല്ലുക നല്ലതാണ്.

എന്നിട്ട് 33 പ്രവശ്യം വീതം سبحان الله الحمد لله الله اكبر

എന്നിട്ട് 100-ാമതായി لا إله إلا الله وحده لا شريك له الملك وله الحمد وهو على كل شيء قدير

ഇതെല്ലാം സ്വഹീഹായ ഹദീസിൽ സ്ഥിരപെട്ടവയാണ്. പിന്നെ മെല്ലെ ഓരോ തവണ والمعوذتين، قل هو الله أحد، آية الكرسي ഇവ ഓതുക. മഗ്രിബിലും സുബ്ഹിനും അവസാനത്തെ മൂന്നു സൂറത്തുകൾ മൂന്ന് വട്ടം ചൊല്ലുക. മഗ്രിബിനും സുബ്ഹിനും ശേഷം 10 വട്ടം

لا اله الا الله وحده لاشريك له. له الملك وله الحمد يحيى ويميت وهو على كل شيء قدير

ഇത് സൂറത്തുകൾക്കും آية الكرسي നും മുമ്പാവുകയാണ് സ്വഹീഹായ ഹദീസുകളിലെ രൂപം.

***? 75. നമസ്കാരശേഷം കൂട്ടുപ്രാർത്ഥന ഒരേ രീതിയിൽ ചിലർ നടത്തുന്നു. അതിൻെറ വിധിയെന്ത്? ദിക്റ് മെല്ലെയാവുന്നതോ ഉറക്കെയാവുന്നതോ സുന്നത്"?***

= അഞ്ചുനേരത്തെയും ജുമുഅയുടെയും നമസ്കാരശേഷം ദിക്ർ ഉറക്കെയാവുന്നതാണ് സുന്നത്ത്. ഇബ്നുഅബ്ബാസ് നിവേദനം ചെയ്യുന്ന ഹദീസിൽ ഫർള് കഴിഞ്ഞ് ജനം പിരിഞ്ഞു പോകുമ്പോൾ നബി(സ)യുടെ കാലത്ത് ശബ്ദമുയർത്തി ദിക്റ് ചൊല്ലാറുണ്ടായിരുന്നുവെന്നു കാണാം.(ബുഖാരി, മുസ്ലിം)
അതുകേൾക്കുമ്പോൾ അവർ പിരിഞ്ഞു പോവുകയാണെന്ന് ഞാൻ മനസ്സിലാക്കുമായിരുന്നു" എന്നദ്ദേഹം പറയുന്നു.

എന്നാൽ ഓരോരുത്തത്തരും ആദ്യാവസാനം ആ പദങ്ങൾ ശ്രദ്ധിക്കുകയും അനുകരിക്കുകയും ചെയ്യുന്ന കൂട്ടപ്രാർത്ഥനക്കു ഒരടിത്തറയുമില്ല. അത് ബിദ്അത്താണ്. തുടക്കത്തിലോ ഒടുക്കത്തിലോ മറ്റുള്ളവരുടെ ശബ്ദങ്ങൾ തുടരാനുദ്ദേശിക്കതെ തന്നെ എല്ലാവരും അല്ലാഹുവെ സ്മരിക്കുകയാണ് സുന്നത്.

***?76. മറന്നു നമസ്കാരത്തിൽ സംസാരിച്ചാൽ നമസ്കാരംഅസാധുവാകുമോ?***

= മറവിയോ അറിവില്ലായ്മയോ മൂലം നമസ്കാരത്തിൽ സംസാരിച്ചാൽ അസാധുവാകില്ല. ഫർളോ സുന്നത്തോ ആയാലും ശരി.
"ഞങ്ങളുടെ നാഥാ ഞങ്ങൾ മറന്നതിനോ പിശകു പററിയതിനോ നീ ഞങ്ങളെ പിടികൂടരുതേ."

ربنا لا تؤاخذنا إن نسينا أو أخطأنا

എന്നാണ് ഖുർആൻ പറയുന്നത്.(അൽബഖറ :286)
ഞാനങ്ങനെ ചെയ്തിരിക്കുന്നു എന്നു അല്ലാഹു പറഞ്ഞതായി നബി നമ്മെ അറിയിച്ചിരിക്കുന്നു.

മുആവിയതുബ്നുൽഹകം അസ്സലമി, ഒരാൾ തുമ്മുന്നത് കേട്ട് നമസ്കാര ത്തിൽ തന്നെ يرحمك الله എന്നു പറഞ്ഞുപോയി. മതനിയമങ്ങളെക്കുറിച്ച അജ്ഞതയാണ് കാരണം. ചുറ്റുമുള്ളവർ 'അരുതെ'ന്ന് ആംഗ്യം കാട്ടി. അയാൾ നബി(സ) യോട് വിഷയം പറഞ്ഞു. മടക്കി നമസ്കരിക്കാൻ അവിടുന്ന് കല്പിച്ചില്ല. മറന്നവൻ അറിവില്ലാത്തവനെപ്പോലെയാണ്; അല്ലാ,

അതിനെക്കാാം ഇളവിനർഹനാണ്. റസൂൽ(സ)തന്നെയും നമസ്കാരത്തിൽ മറന്നു സംസാരിച്ചു, അവിടുന്നു മടക്കിയില്ല. പൂർത്തിയാക്കുകയാണ് ചെയ്തത്. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്ന ദുൽയദൈനിയുടെ ഹദീസ്(ബുഖാരി, മുസ്ലിം) ഇബ്നു മസ്ഊദിന്റെയും ഇംറാനുബ്നുഹുസൈനിന്റെയും ഹദീസ്(മുസ്ലിം)

ആവശ്യം വന്നാൽ നമസ്കാരത്തിൽ ആംഗ്യംകാണിക്കുന്നതിനു കുഴപ്പമില്ല.

*

ح المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانــة، ١٤١٥هـ

فهرسة مكتبة الملك فهد الوطنية

إبن باز، عبد العزيز بن عبد الله
فتاوى مهمة تتعلق بالصلاة/ ترجمة زهير بن محمد علي.
٦٠ ص ؛ ١٤ × ٢٠ سم
ردمك ٥ – ٨ – ٩٠٣٨ – ٩٩٦٠
(النص باللغة المليبارية)
١. الصلاة ٢. الفتاوي الشرعية
أ. محمد علي، زهير (مترجم) ب. العنوان

ديوي ٢٥٢.٢ ١٥/٣١١٤

رقم الايداع : ١٥/٣١١٤
ردمك: ٥ – ٨ – ٩٠٣٨ – ٩٩٦٠

# فتــاوي
# مهمة تتعلق بالصلاة

تأليف سماحة
المفتي العام للمملكة العربية السعودية
**الشيخ/ عبد العزيز بن عبد الله بن باز**

ترجمة إلى اللغة المليبارية
**زهير بن محمد علي**

تشرف بإعداد هذا الكتاب وترجمته
المكتب التعاوني للدعوة والإرشاد وتوعية
الجاليات بسلطانة بالرياض
تحت اشراف وزارة الشئون الإسلامية والأوقاف
والدعوة والإرشاد - الرياض - شارع السويدي العام
ص.ب ٩٢٦٧٥ الرياض ١١٦٦٣
هاتف : ٤٢٤٠٠٧٧ - فاكس : ٤٢٥١٠٠٥

يسمح بطبع هذا الكتاب بإذن خطي مسبق من المكتب

# أخي الكريم وأختي الكريمة

ندعوكم للمشاركة في إنجاح أعمال المكتب وتحقيق طموحاته من خلال إسهامكم بالأفكار والمقترحات والدعم المادي والمعنوي.

**فلا تحرم نفسك الأجر بالمشاركة في دعم أعمال المكتب**

## الدال على الخير كـ... فاعله

| إسم الحساب | رقم الحساب | غرض الحساب |
|---|---|---|
| التبرعات العامة | ١٩٥٦٠٨٠١٠١٠٢٠٠٧ | خاص بتسيير أعمال المكتب كمثل رواتب الدعاة والعاملين وخدمات أخرى |
| تبرعات المكتب | ١٩٥٦٠٨٠١٠١٠٦٥٥٢ | خاص بطباعة الكتب والمطويات وغيرها |
| تبرعات الزكاة | ١٩٥٦٠٨٠١٠١٠٨١٣٧ | خاص بأصناف الزكاة |
| مقر المكتب | ١٩٥٦٠٨٠١٠١٣٣٥٥٦ | خاص بتشييد مباني المكتب |

الحساب الموحد لجميع حسابات المكتب (١٩٥٦٠٨٠١٠٢١٠٠٠٨) لدى مصرف الراجحي


المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة

تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد

هاتف: ٤٢٤٠٠٣٧ ناسوخ ٤٢٥١٠٠٥ ص ب ٩٢٦٧٥ الرياض ١١٦٦٣ بريد إلكتروني E.mail : Sultanah22@hotmail.com



ردمك: ٥-٨-٩٠٣٨-٩٩٦٠

0 0 1 0 0 6